34th Year of Service 2026


# കേരളാ എക്സ്പ്രസ്
# KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

May 25, 2026 Vol. XXXIV No. 21




SUNNY FINANCIAL STRATEGIES, LLC
Forbes 2025 BEST-IN-STATE TOP FINANCIAL SECURITY PROFESSIONALS
Tom Sunny, CFP®, CLU®, RICP®
Financial Planner & Wealth Advisor
Expert Guidance Through Life's Financial Transitions
Comprehensive planning for professionals, retirees, and business owners who want clarity, confidence, and long-term security for generations.
Support for complex financial moments, including:
Financial Planning & Wealth Management
Retirement Income Strategy
401(k) & IRA Investment Optimization
Estate Planning & Trusts
Risk Management & Insurance
Tax Planning Strategies
Business & Employee Benefits
Social Security & Medicare
Complimentary Financial Plan
Retirement & Estate Review
No Cost • Limited Availability
Let's Plan Your Brighter Financial Future
847-414-9116
tom@sunnyfinancial.com
SunnyFinancial.com
SCAN TO LEARN MORE
475 N Martingale Rd, Suite 1250, Schaumburg, IL 60173 | 847-585-4931 | SunnyFinancial.com
Financial Advisor with Eagle Strategies LLC (a Registered Investment Adviser). Securities offered through NYLIFE Securities LLC (Member FINRA/SIPC). Insurance offered through NYLIFE Securities LLC, a Licensed Insurance Agency. Eagle Strategies LLC and NYLIFE Securities LLC are New York Life companies.
Sunny Financial Strategies, LLC is independently owned and operated from NYLIFE Securities LLC and its affiliates and does not offer tax or legal advice.


Secure Tax Services
DBA SMALL BUSINESS ACCOUNTING LLC
Personal and Business Tax Services
Free Electronic Filling
TINO SIMON MUNDAPLACKIL
Phone: 630-635-3615
E-mail:tino@greatwaysinc.com
1001 E Chicago Ave, Suite 151
Naperville, IL 60540


LIFE MEMBER
MILLION DOLLAR ADVOCATES FORUM
The Top Trial Lawyers In America™
ACCIDENT ATTORNEYS
AV PREEMINENT® Peer Rated for Highest Level of Professional Excellence 2025
LEADING TOP RATED LAW FIRM TRUSTED IN THE COMMUNITY
Fee Discounts On Certain Cases For Malayalee Clients
Home Visits Available
CRIFASE LAW FIRM, LTD.
312-855-0511
Free Consultation/Your Call Is Always Welcome
Like A Family Friend
Steve Crifase
Steve@Crifaselaw.com
Michael Crifase
Michael@Crifaselaw.com
Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, Illinois 60603
CrifaseLaw.Com
BBB ACCREDITED BUSINESS A+ Rating Better Business Bureau

34th Year of Service 2026
NOT OUR MERIT BUT HIS GRACE · KERALA EXPRESS
കേരളാ എക്സ്പ്രസ്
KERALA EXPRESS
Weekly Newspaper National Edition from Chicago
3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

4 അപാകതകൾ പരിശോധിക്കും
10 പതിനാറാം കേരള നിയമസഭ നിലവിൽ വന്നു
11 സിൽവർലൈൻ പദ്ധതി റദ്ദാക്കി
17 സ്പീക്കർ എ.എൻ. ഷംസീർ പടിയിറങ്ങുമ്പോൾ
25 മറിയാമ്മ പിള്ള മെമ്മോറിയൽ സോക്കർ ടൂർണമെന്റ്

## ഫ്രാൻസിൽ നിന്ന് 114 റഫാൽ വിമാനങ്ങൾ; 90 എണ്ണം ഇന്ത്യയിൽ നിർമ്മിക്കും

ന്യൂഡൽഹി: വ്യോമസേനയ്ക്ക് 114 റഫാൽ യുദ്ധ വിമാനങ്ങൾ വാങ്ങുന്നതിനുള്ള താല്പര്യപത്രം ഇന്ത്യ തയ്യാറാക്കിയതായി റിപ്പോർട്ട്. ആകെ വാങ്ങുന്ന 114 വിമാനങ്ങളിൽ 90 എണ്ണം ഫ്രഞ്ച് എയ്റോസ്പേസ് കമ്പനിയായ ഡാസോ ഏവിയേഷനും ഒരു ഇന്ത്യൻ കമ്പനിയും സംയുക്തമായി ഇന്ത്യയിൽ വെച്ചായിരിക്കും നിർമ്മിക്കുക. ബാക്കി വിമാനങ്ങൾ പറക്കാനാകുന്ന അവസ്ഥയിൽ നേരിട്ട് ഫ്രാൻസിൽനിന്ന് എത്തിക്കും. ഈ വിമാനങ്ങളുടെ നിർമ്മാണത്തിലും പകുതിയോളം തദ്ദേശീയ സാമഗ്രികളായിരിക്കും ഉപയോഗിക്കുക.

കേന്ദ്ര കാബിനറ്റ് പ്രതിരോധ സമിതിയുടെ അന്തിമ അനുമതി ലഭിച്ച ശേഷമായിരിക്കും കരാർ ഒപ്പിടുക. പ്രതിരോധ സംഭരണ കൗൺസിൽ പദ്ധതിക്ക് അനുമതി നല്കി മൂന്നു മാസങ്ങൾക്കു ശേഷമാണ് പുതിയ നീക്കം. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ഫ്രാൻസ് സന്ദർശനത്തിനു മുന്നോടിയായി ജൂൺ ആദ്യവാരം വ്യോമസേനാ മേധാവി എയർ ചീഫ് മാർഷൽ എ.പി. സിങ് ഫ്രാൻസ് സന്ദർശിക്കുന്നുണ്ട്.



ഇന്ത്യയുടെം സ്വന്തം മിസൈലുകളായ അസ്ത്ര, ബ്രഹ്മോസ് എന്നിവ റഫാൽ വിമാനങ്ങളിൽ ഘടിപ്പിക്കുന്നതിനാവശ്യമായ സാങ്കേതിക ബ്ലൂപ്രിന്റുകൾ ലഭ്യമാക്കാനും ചർച്ചകൾ നടത്തുന്നുണ്ട്. നിലവിൽ റഫാൽ വിമാനങ്ങൾ ഇന്ത്യൻ വ്യോമസേനയുടെ പക്കലുണ്ട്. കൂടാതെ നാവികസേനയ്ക്കായി 26 റഫാൽ-എം വിമാനങ്ങൾ വാങ്ങാനുള്ള നടപടികളും പുരോഗമിക്കുകയാണ്. വ്യോമസേനയ്ക്ക് നിലവിൽ അനുവദിക്കപ്പെട്ട 42 സ്ക്വാഡ്രനുകൾക്ക് പകരം 29 എണ്ണം മാത്രമാണുള്ളത്. ഈ വലിയ കുറവ് നികത്താൻ പുതിയ റഫാൽ വിമാനങ്ങൾ സഹായിക്കും. ഇന്ത്യ സ്വന്തമായി വികസിപ്പിക്കുന്ന എൽസിഎ മാർക്ക് 1എ, എൽസിഎ മാർക്ക് 2, അഞ്ചാം തലമുറ യുദ്ധ വിമാനമായ എഎംസിഎ എന്നിവ പൂർണ സജ്ജമാകുന്നതു വരെയുള്ള പ്രതിരോധ വിടവ് നികത്താനാണ് റഫാൽ ഉപയോഗിക്കുക.

## മുഖ്യമന്ത്രി വി.ഡി. സതീശൻ ഗുരുവായൂർ ക്ഷേത്രദർശനം നടത്തിയത് 4,500 രൂപ അടച്ച്

ഗുരുവായൂർ: 31 വർഷത്തിനിപ്പുറം ലീഡർ കെ. കരുണാകരനുശേഷം ഗുരുവായൂർ ക്ഷേത്രത്തിൽ ദർശനത്തിനെത്തുന്ന മുഖ്യമന്ത്രിയായി വി.ഡി. സതീശൻ. റവന്യൂമന്ത്രി എ.പി. അനിൽകുമാറിന്റെ മകന്റെ വിവാഹച്ചടങ്ങിൽ പങ്കെടുക്കാൻ കൂടിയാണ് മുഖ്യമന്ത്രി ഗുരുവായൂരിലെത്തിയത്. ദർശനത്തിനായി കാത്തുനിന്നവർ മുഖ്യമന്ത്രിയെ തൊഴുകൈകളോടെ വരവേറ്റു. വധൂവരന്മാരെ ആശീർവദിച്ച് അവർക്കൊപ്പം ഫോട്ടോയെടുത്ത് മുഖ്യമന്ത്രി നേരെ ക്ഷേത്രദർശനത്തിനായി അകത്തേക്ക് പോയി.



വേഷ്ടി പുതച്ച് അകത്തേക്കു പോകുമ്പോൾ അഡ്മിനിസ്ട്രേറ്റർ ഒ.ബി. അരുൺകുമാർ മുഖ്യമന്ത്രിയുടെ ചെവിയിൽ കൂടെയുള്ളവരുടെ എണ്ണം നിയന്ത്രിക്കണമെന്നു പറഞ്ഞു. വി.ഡി. സതീശൻ വരുമ്പോഴെല്ലാം ദർശനത്തിന് അനുഗമിക്കാറുള്ള ദേവസ്വത്തിലെ മുൻ ജീവനക്കാരൻ ടി.കെ. ഗോപാലകൃഷ്ണൻ 4500 രൂപയടച്ച് 5 പേർക്ക് ക്യൂ നിൽക്കാതെ (ശേഷം 34-ാം പേജിൽ)

## അട്ടപ്പാടി മധു ആൾക്കൂട്ട കൊലപാതകം; ഒന്നാം പ്രതിയെ വെറുതെവിട്ടു

കൊച്ചി: അട്ടപ്പാടിയിലെ ആദിവാസിയുവാവ് മധുവിന്റെ ആൾക്കൂട്ട കൊലപാതകക്കേസിൽ ഒന്നാംപ്രതിയെ വെറുതെവിട്ട് ഹൈക്കോടതി. വിചാരണ കോടതി ഏഴ് വർഷം തടവിന് ശിക്ഷിച്ച ഒന്നാം പ്രതി താവളം പാക്കുളം മേച്ചേരിൽ ഹുസൈനെയാണ് വെറുതെ വിട്ടത്. ഹുസൈന്റെ അപ്പീൽ കോടതി അനുവദിച്ചു. മറ്റ് 13 പ്രതികളും കുറ്റക്കാരെന്ന് കോടതി കണ്ടെത്തുകയും അവരുടെ അപ്പീൽ തള്ളുകയും ചെയ്തു. നേരത്തെ മണ്ണാർക്കാട് കോടതി വെറുതെവിട്ട രണ്ട് പ്രതികൾ കുറ്റക്കാരെന്ന് ഹൈക്കോടതി കണ്ടെത്തി.

ഐപിസി 304, പാർട്ട് 2 മനപ്പൂർവം അല്ലാത്ത നരഹത്യ ഐപിസി 143 ആയിരുന്നു ഹുസൈനെതിരെ ചുമത്തിയത്. രണ്ടും നിലനിൽക്കില്ലെന്നും ഹൈക്കോടതി പറഞ്ഞു. 24 സാക്ഷികൾ കൂറുമാറിയ കേസായിരുന്നു ഇത്.

പ്രതികളായ മരക്കാർ (2-ാം പ്രതി), ഷംസുദ്ദീൻ (3-ാം പ്രതി), രാധാകൃഷ്ണൻ (5-ാം പ്രതി), അബൂബക്കർ (6-ാം പ്രതി), സിദ്ധീഖ് (7-ാം പ്രതി),




മധു

ഉബൈദ് (8-ാം പ്രതി), നജീബ് (9-ാം പ്രതി), ജൈജുമോൻ (10-ാം പ്രതി), സജീവ് (12-ാം പ്രതി), സതീഷ് (13-ാം പ്രതി), ഹരീഷ് (14-ാം പ്രതി), ബിജു (15-ാം പ്രതി) എന്നിവരുടെ ശിക്ഷ കോടതി ശരിവെച്ചു.

നാലാം പ്രതിയേയും 11-ാം പ്രതിയേയും വെറുതെവിട്ട വിചാരണ കോടതിയുടെ വിധിയും ഹൈക്കോടതി ശരിവെച്ചു. അതേസമയം പ്രതികൾക്കെതിരെ എസ്‌സിഎസ്ടി പ്രകാരമുള്ള കുറ്റങ്ങൾ നിലനിൽക്കില്ലെന്ന വിചാരണ കോടതിയുടെ കണ്ടെത്തൽ ഹൈക്കോടതി റദ്ദാക്കുകയും ചെയ്തു. ശിക്ഷിക്കപ്പെട്ട പ്രതികളും മധുവിന്റെ കുടുംബവും നൽകിയ അപ്പീലുകളാണ് കോടതി പരിഗണിച്ചത്. വിചാരണ നടപടികൾക്കുശേഷമാണ് ഹൈക്കോടതി വിധിപറയുന്നത്. ജസ്റ്റിസുമാരായ രാജ വിജയരാഘവൻ, കെ.വി. ജയകുമാർ എന്നിവരുടെ ഡിവിഷൻ ബെഞ്ചാണ് വിധി പ്രസ്താവിച്ചത്.

2018 ഫെബ്രുവരി 22-നായിരുന്നു സംഭവം. പാലക്കാട് അട്ടപ്പാടി ചിണ്ടക്കി ഊരിലെ (ശേഷം 34-ാം പേജിൽ)

## ആയുധക്കയറ്റുമതിയിൽ ഇന്ത്യ വൻശക്തിയാകുമെന്ന് രാജ്നാഥ് സിംഗ്



ന്യൂഡൽഹി: അടുത്ത മൂന്ന് പതിറ്റാണ്ടിനകം ലോകത്തെ ഏറ്റവും വലിയ ആയുധ കയറ്റുമതി രാജ്യങ്ങളിലൊന്നായി ഇന്ത്യ മാറുമെന്ന് കേന്ദ്ര പ്രതിരോധമന്ത്രി രാജ്നാഥ് സിങ്. പ്രതിരോധ ഉല്പാദനത്തിൽ സ്വകാര്യ കമ്പനികളുടെ പങ്ക് വർദ്ധിപ്പിക്കുമെന്നും അദ്ദേഹം വ്യക്തമാക്കിയിരുന്നു. ഇതിനു പിന്നാലെ ഓഹരികൾ കുതിച്ചുചാട്ടം നടത്തി. പരസ് ഡിഫൻസ് ഉൾപ്പെടെയുള്ള സ്വകാര്യ പ്രതിരോധ സ്ഥാപനങ്ങളുടെ ഓഹരികൾ 11 ശതമാനം വരെയാണ് മുന്നേറിയത്. ഒരുകാലത്ത് ആയുധ ഇറക്കുമതി രാജ്യമായിരുന്ന ഇന്ത്യ, കയറ്റുമതി രാജ്യമായി മാറുന്നതിനെ തടയാൻ ലോകത്ത് ഒരു ശക്തിക്കും കഴിയില്ലെന്ന് രാജ്നാഥ് സിങ് പറഞ്ഞു. ആസ്ട്രമൈക്രോ വർക്ക് 4.7 ശതമാനവും പരസ് ഡിഫൻസ് 5.47 ശതമാനവും കുതിച്ചു. ഡിസിഎക്സ് സിസ്റ്റംസ്, ഡേറ്റ പ്ലാറ്റ്ഫോംസ് ഓഹരികളും മികച്ച നേട്ടത്തിലാണ്. (ശേഷം 34-ാം പേജിൽ)

# പാറ്റയ്ക്ക് ഡിജിറ്റൽ പൂട്ട്

ന്യൂഡൽഹി: യുവജന അമർഷം പ്രകടമാക്കിയതിലൂടെ സമൂഹമാധ്യമങ്ങളിലാകെ തരംഗമായ കോക്രോച്ച് ജനത പാർട്ടിക്ക് (സിജെപി) സമ്പൂർണ ഡിജിറ്റൽ പൂട്ട്. സിജെപിയുടെ വെബ്സൈറ്റ് നീക്കം ചെയ്യപ്പെട്ടതായും സമൂഹമാധ്യമ അക്കൗണ്ടുകൾ ഒന്നൊന്നായി ഹാക്ക് ചെയ്യപ്പെടുന്നതായും 'സിജെപി' സ്ഥാപകൻ അഭിജിത് ദീപ്കെ ആരോപിച്ചു.




ഇൻസ്റ്റഗ്രാം അക്കൗണ്ട്, വ്യക്തിഗത അക്കൗണ്ട്, ട്വിറ്റർ അക്കൗണ്ട്, ബാക്കപ്പ് അക്കൗണ്ട് എന്നിവയ്ക്കെതിരായാണു നീക്കമെന്ന് അഭിജിത് പറഞ്ഞു. ലഭിച്ച ഭീഷണി സന്ദേശങ്ങളുടെ സ്ക്രീൻ ഷോട്ടുകളും അഭിജിത് പങ്കിട്ടു. ഒരു അക്കൗണ്ടിലേക്കും ആക്സസ് ലഭിക്കുന്നില്ലെന്നു പറഞ്ഞ അദ്ദേഹം സിജെപിയുടെ പേരിൽ വരുന്ന പ്രതിഷേധ ആഹ്വാനം തങ്ങളുടേതല്ലെന്നു വിശദീകരിക്കുകയും ചെയ്തു. 'എക്സിൽ' സിജെപിയുടെ അക്കൗണ്ട് നേരത്തേ ഇന്ത്യയിൽ തടഞ്ഞിരുന്നു. പിന്നീടു പുതിയതു തുടങ്ങിയപ്പോഴും തടസ്സമുണ്ടായി.

വിദ്യാഭ്യാസരംഗത്തുണ്ടാകുന്ന തുടർച്ചയായ വീഴ്ചകൾ ചൂണ്ടിക്കാട്ടി കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമേന്ദ്ര പ്രധാന്റെ രാജി സിജെപി ആവശ്യപ്പെട്ടിരുന്നു. അതിനായി ഡിജിറ്റൽ പ്രചാരണവും തുടങ്ങി. പിന്നണി പ്രവർത്തകർക്ക് ഉപയോഗിക്കാൻ കഴിയുന്നില്ലെങ്കിലും സിജെപി അക്കൗണ്ടുകൾക്കുള്ള പിന്തുണ അനുനിമിഷം കൂടുകയാണ്. ഇൻസ്റ്റഗ്രാമിൽ കോൺഗ്രസ്, ബിജെപി അക്കൗണ്ടുകളെക്കാൾ ബഹുദൂരം മുന്നിലാണ് സിജെപി.

# ഡിജിറ്റൽ സർവേ: അപാകതകൾ പരിശോധിക്കും

തിരുവനന്തപുരം: കേരളത്തിലെ ഭൂമി മുഴുവൻ ഡിജിറ്റലായി സർവേ ചെയ്യാൻ എൽഡിഎഫ് സർക്കാരിന്റെ കാലത്ത് ആരംഭിച്ച പദ്ധതിയിലെ വീഴ്ചകൾ യുഡിഎഫ് സർക്കാർ പരിശോധിക്കും. ചുമതലയേറ്റതിനു പിന്നാലെ റവന്യൂ മന്ത്രി എ.പി. അനിൽകുമാറിന് ഒട്ടേറെ പരാതികൾ നേരിട്ടും അല്ലാതെയും ലഭിച്ചിരുന്നു. ഡിജിറ്റൽ സർവേയുമായി ബന്ധപ്പെട്ടു വിശദമായ പരിശോധനയ്ക്കു മന്ത്രി പ്രത്യേകയോഗം വിളിക്കും.

പുറമ്പോക്കുഭൂമി ആദ്യം അളക്കണമെന്ന അടിസ്ഥാനതത്വം പാലിക്കാതെ സ്വകാര്യഭൂമി ആദ്യം അളന്നു രേഖകൾ തയ്യാറാക്കിയതുമൂലം സർക്കാർ ഭൂമി നഷ്ടപ്പെടാൻ സാധ്യത ഏറെയാണെന്നതാണ് പ്രധാന പരാതി. സർവേയിൽ ഭൂമിയുടെ വിസ്തീർണം വർധിച്ചവർ അതു സ്വന്തം പേരിലാക്കാൻ അപേക്ഷ നൽകിയിട്ടുണ്ട്. ഇതുവരെ അളന്നതിൽ 41 ശതമാനം കേസുകളിൽ അധികഭൂമി ഉണ്ടെന്നാണു കണ്ടെത്തൽ. അളവു കുറഞ്ഞതായി പരാതിയുള്ള ഭൂവുടമകളുമുണ്ട്.

അധികഭൂമിക്കു കരം അടയ്ക്കാമെന്ന് എൽഡിഎഫ് സർക്കാരിന്റെ കാലത്ത് റവന്യൂ വകുപ്പ് ഉത്തരവിറക്കിയിരുന്നു. ഭൂമി അധികമായി കൈവശമുള്ളവർക്ക് ഇതു ഗുണകരമാണ്. എന്നാൽ, ഭൂമിയിൽ കുറവു വന്നവർക്ക് താലൂക്ക് ഓഫീസിലെയും കളക്ടറേറ്റിലെയും ഭൂമി അതിർത്തിയും വിസ്തീർണവും സംബന്ധിച്ചു പരാതികൾ പരിശോധിക്കുന്ന എൽആർഎം സെക്ഷനുകളിലും വില്ലേജ് ഓഫീസിലും കയറിയിറങ്ങേണ്ട അവസ്ഥയാണ്.


ഇതിനു പുറമേ, അധികഭൂമി കൈവശക്കാരുടെ പേരിലാക്കുന്നതിന് നിലവിലെ സർവേ അതിരടയാള നിയമത്തിൽ വ്യവസ്ഥയില്ല. ഇതിനായി 'കേരള അധികഭൂമി (ക്രമീകരണ) നിയമം' അഥവാ സെറ്റിൽമെന്റ് നിയമം നിയമസഭ പാസാക്കിയെങ്കിലും ഗവർണർ അംഗീകാരം നൽകിയിട്ടില്ല.

റീസർവേയിൽ നിശ്ചിത പരിധി കവിയാത്ത അധിക സ്വകാര്യഭൂമി നിയമപരമായി കൈവശം വെച്ചിട്ടുണ്ടെന്നു വെളിപ്പെടുത്തിയാൽ അംഗീകരിച്ചു നൽകുകയാണ് നിയമത്തിന്റെ ലക്ഷ്യം.

സർവേക്കായി നിയോഗിക്കപ്പെട്ട ഏജൻസികൾക്കും മറ്റും പ്രതിഫലം കുടിശികയാണെന്നും പരാതിയുണ്ട്. അതേസമയം, ഡിജിറ്റൽ സർവേ നടത്തിയവരിൽ ഭൂരിഭാഗവും കരാറുകാരായ സർവേയർമാരാണ്. ഭൂമി നിയമപരമായി കൈവശം വെച്ചിട്ടുണ്ടെന്ന് ഇവർ എങ്ങനെയാണു പരിശോധിച്ചതെന്നതും വ്യക്തമല്ല. ലഭിച്ച പരാതികൾ പോലും പരിഗണിക്കാതെയാണ് സർവേ രേഖകൾ അന്തിമമാക്കിയതെന്നും ആരോപണമുണ്ട്.

# പ്രവാസി വ്യവസായിയും ഭാര്യയും ജീവനൊടുക്കി

കൊല്ലം: ഷാർജയിൽ മലയാളി യുവതി മകളെ കെട്ടിടത്തിൽ നിന്ന് താഴേക്കെറിഞ്ഞ് കൊലപ്പെടുത്തിയശേഷം സ്വയം ചാടിമരിച്ച സംഭവത്തിന്റെ നടുക്കം മാറും മുൻപ് പ്രവാസി ബിസിനസുകാരനും ഭാര്യയും നാട്ടിൽ ജീവനൊടുക്കിയ വാർത്ത പ്രവാസി സമൂഹത്തെ വീണ്ടും അമ്പരപ്പിച്ചു. നാല് പതിറ്റാണ്ടിലേറെയായി റാസൽഖൈമയിൽ പ്രവാസികളായ കൊല്ലം കടയ്ക്കൽ അഞ്ചുമുക്ക് ഉഷസ്സിൽ എസ്. സുഗതൻ (67), ഭാര്യ ലത (65) എന്നിവരെയാണ് വീട്ടിനുള്ളിൽ മരിച്ചനിലയിൽ കണ്ടെത്തിയത്. യുഎഇയിലേക്ക് മടങ്ങാനിരിക്കെയായിരുന്നു ഈ ദുരന്തം. മാതാപിതാക്കളുടെ മരണവിവരമറിഞ്ഞ് യുഎഇലുള്ള മക്കൾ നാട്ടിലെത്തിയിട്ടുണ്ട്.



റാസൽഖൈമയിൽ സ്വന്തമായി നിർമ്മാണക്കമ്പനിയും റസ്റ്ററന്റും നടത്തി വരുന്ന സുഗതൻ നാട്ടിലും വിവിധ ബിസിനസ് സംരംഭങ്ങളിൽ പങ്കാളിയായിരുന്നു. വർഷങ്ങളായി യുഎഇയിലും നാട്ടിലുമായി സമയം പങ്കിട്ടായിരുന്നു ഇവരുടെ ജീവിതം. അവധിക്കാലം ചെലവഴിക്കാൻ നാട്ടിലെത്തിയ ഇവർ മടക്കയാത്രയ്ക്കുള്ള ടിക്കറ്റും ബുക്ക് ചെയ്തിരുന്നു. എന്നാൽ, യാത്രയ്ക്കുള്ള ദിവസം രാവിലെയായിട്ടും ഇവരെ പുറത്തു കാണാഞ്ഞതിനെ തുടർന്ന് ബന്ധുക്കൾ അന്വേഷിക്കുകയായിരുന്നു. മുറിയിൽ നിന്ന് പ്രതികരണമൊന്നും ഉണ്ടാകാതിരുന്നതോടെയാണ് വീട്ടുകാർ വിവരമറിയിച്ചത്. തുടർന്ന് അധികൃതരെത്തി കിടപ്പുമുറി പരിശോധിച്ചപ്പോഴാണ് സുഗതനെ തൂങ്ങി മരിച്ച നിലയിലും ലതയെ കട്ടിലിൽ അബോധാവസ്ഥയിലും കണ്ടെത്തിയത്. ലത ശ്വാസംമുട്ടിയാണ് മരിച്ചതെന്ന് സൂചനകളുണ്ടെങ്കിലും പോസ്റ്റുമോർട്ടം നടപടികൾ പൂർത്തിയായാലേ മരണകാരം വ്യക്തമാകൂ.

കേസിൽ കൂടുതൽ വ്യക്തത വരുത്തുന്നതിനായി ഭാവിയിൽ മൃതദേഹാവശിഷ്ടങ്ങൾ പുറത്തെടുത്ത് ശാസ്ത്രീയപരിശോധന നടത്തേണ്ടി വന്നാൽ പ്രയോജനപ്പെടുന്നതിനുവേണ്ടി മൃതദേഹങ്ങൾ ദഹിപ്പിക്കാതെ മണ്ണിൽ അടക്കം ചെയ്യുകയായിരുന്നു.

റാസൽഖൈമയിലെ പ്രവാസി മലയാളികളുടെ പ്രിയപ്പെട്ടവ ഇവർ നാല് പതിറ്റാണ്ടിലേറെയായി യുഎഇയിലായിരുന്നു. ഇവിടുത്തെ സാമൂഹിക, സാംസ്കാരിക പരിപാടികളിൽ സജീവസാന്നിദ്ധ്യവുമായിരുന്നു സുഗതൻ. എസ്.എൻ.ഡി.പി യോഗം സേവന സംഘടനയുടെ സജീവപ്രവർത്തകനുമായിരുന്നു.

# തിരുവഞ്ചൂർ രാധാകൃഷ്ണൻ നിയമസഭാ സ്പീക്കർ

തിരുവനന്തപുരം: പതിനാറാം കേരള നിയമസഭയുടെ സ്പീക്കറായി യുഡിഎഫിലെ തിരുവഞ്ചൂർ രാധാകൃഷ്ണൻ തെരഞ്ഞെടുക്കപ്പെട്ടു. കോട്ടയത്തുനിന്നുള്ള നിയമസഭാംഗമായ തിരുവഞ്ചൂർ രാധാകൃഷ്ണന് 101 വോട്ടും എൽഡിഎഫ് സ്ഥാനാർത്ഥി എ.സി. മൊയ്തീന് 35 വോട്ടും ചരിത്രത്തിൽ ആദ്യമായി കേരള നിയമസഭാ സ്പീക്കർ തെരഞ്ഞെടുപ്പിൽ ബിജെപിക്കായി മത്സരിച്ച ബി.ബി. ഗോപകുമാറിന് മൂന്നു വോട്ടും ലഭിച്ചു.



വോട്ടെടുപ്പു നിയന്ത്രിച്ച പ്രോടെം സ്പീക്കർ ജി. സുധാകരൻ വോട്ട് ചെയ്തില്ല. ഒരു മുന്നണിയുടെയും വോട്ട് മാറുകയോ അസാധുവാകുകയോ ചെയ്തില്ലെന്ന പ്രത്യേകതയുമുണ്ട്.

സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണനെ മുഖ്യമന്ത്രി വി.ഡി. സതീശനും പ്രതിപക്ഷ നേതാവ് പിണറായി വിജയനും ചേർന്ന് പോഡിയത്തിലേക്ക് ആനയിച്ചു.

1991 മുതൽ 35 വർഷമായി നിയമസഭാംഗമാണ് തിരുവഞ്ചൂർ രാധാകൃഷ്ണൻ. ആദ്യം അടൂർ നിയോജക മണ്ഡലത്തെയും മണ്ഡല പുനർനിർണയത്തിനു ശേഷം കോട്ടയം നിയമസഭാ മണ്ഡലത്തെയും പ്രതിനിധീകരിച്ചു.

വിവിധ മന്ത്രിസഭകളിലായി ആഭ്യന്തരവും റവന്യൂവും വനവുമടക്കം ഒട്ടേറെ വകുപ്പുകൾ കൈകാര്യം ചെയ്തിട്ടുണ്ട്.

കെ. രാജൻ (സിപിഐ), മോൻസ് ജോസഫ് (കേരള കോൺഗ്രസ്), രാജീവ് ചന്ദ്രശേഖർ (ബിജെപി), ഷിബു ബേബിജോൺ (ആർഎസ്പി), പി.കെ. പ്രവീൺ (ആർജെഡി), അനൂപ് ജേക്കബ് (കേരള കോൺഗ്രസ്-ജേക്കബ്), സി.പി. ജോൺ (സിഎംപി), കെ. കെ. രമ (ആർഎംപി), എ.സി. മൊയ്തീൻ (സിപിഎം), മാണി സി. കാപ്പൻ (കെഡിപി), എതിർ സ്ഥാനാർത്ഥികളായിരുന്ന എ.സി. മൊയ്തീൻ, ബി.ബി. ഗോപകുമാർ എന്നിവരും പ്രസംഗിച്ചു.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXIV
Number 21
May 25, 2026

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Circulation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Special Correspondent*
Anil Pennukkara

DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

**മഹദ്വചനം**


അമ്മയുടെ ഹൃദയമാണ് ശിശുവിന്റെ വിദ്യാലയം.

**ബിച്ചർ**

ഉന്നതലക്ഷ്യങ്ങളാണ് എല്ലാറ്റിനും നിദാനം.

**സാം മിൽട്ടൺ**


SECURE YOUR FUTURE AND PREPARE YOUR FAMILY LEGACY
ESTATE
PLANNING
Wills • Revocable Living Trust • Incapacity Planning
Signature
Signing Systems
Estate Planning Services
(713) 487 7814
(248) 467 7937
www.signaturemobilenotarytx.com
signaturesignsystems@gmail.com
JOMS MATHEW CEP
Certified Estate planner
WE PROVIDE SERVICES IN ALL OVER AMERICA


LUXURY HOME STAY IN
PULLAD/KUMBANAD/KOZHENCHERRY/THIRUVALLA
Quiet and Safe Area
Near Shopping Centers and Major Towns/Attractions
3 hr to Kochin and Thiruvananthapuram Airport
3 AC Bedrooms (one of them is a loft bedroom)
Separate Studio for drivers
4 American-style Bathrooms
Surveillance camera
Car service/Chef/Security Personnel can be arranged
Weekly and Monthly stays can be arranged
If stay for large parties is needed, I can arrange other home stays also
Contact details:
Email: drmg456@gmail.com
Phone: +1 (917)-921-5765, 974-590-5222
Website: www.mundayilhomestay.in
Address: Mundayil Homestay,
Kumbanad P.O.
Pathanamthitta District,
Kerala, India 689547


nella CONSULTING
ACCOUNTING | TAX | CONSULTING
TAX
FOR ALL YOUR
PERSONAL AND
BUSINESS TAX
SERVICES
TOMY NELLAMATTAM, E.A.
Enrolled to Practice Before IRS
Nella Consulting Inc
755 Milwaukee Ave, Glenview, IL 60025
(847) 486-4112 (Office)
(847) 302-8556 (cell)
FREE ELECTRONIC FILING
FULL TIME IN ACCOUNTING & TAX SERVICES
Partner
ALVIN NELLA, CPA, MBA

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

# സർക്കാരിന് മുന്നറിയിപ്പായി ജനവിധി

വർഷങ്ങളായി കേരള രാഷ്ട്രീയത്തിൽ അടിഞ്ഞുകൂടിയ അസന്തോഷത്തിനും ഭരണവിരുദ്ധ വികാരങ്ങൾക്കും ശക്തമായ മറുപടിയായാണ് വി.ഡി. സതീശന്റെ നേതൃത്വത്തിലുള്ള പുതിയ മന്ത്രിസഭ അധികാരത്തിലെത്തിയത്. ജനങ്ങൾ ഈ സർക്കാരിനെ തെരഞ്ഞെടുത്തത് വെറും ഭരണമാറ്റത്തിനായല്ല; ഭരണശൈലിയിലെ മാറ്റത്തിനായാണ്. അധികാരത്തിന്റെ അഹങ്കാരത്തിൽനിന്ന് ജനകേന്ദ്രിത ഭരണത്തിലേക്കുള്ള യാത്രയാണെന്ന സന്ദേശം ആദ്യദിനങ്ങളിലെ തീരുമാനങ്ങൾതന്നെ വ്യക്തമാക്കുന്നു.

സത്യപ്രതിജ്ഞ കഴിഞ്ഞ ഉടൻതന്നെ സർക്കാർ കൈക്കൊണ്ട ഏറ്റവും ശ്രദ്ധേയമായ തീരുമാനങ്ങളിൽ ഒന്നാണ് വിവാദമായിരുന്ന സിൽവർ ലൈൻ പദ്ധതി ഉപേക്ഷിച്ചത്. കോടിക്കണക്കിന് രൂപയുടെ ബാധ്യതയും ആയിരക്കണക്കിന് കുടുംബങ്ങളുടെ ആശങ്കയും സൃഷ്ടിച്ച പദ്ധതിയെ പുനഃപരിശോധനയ്ക്ക് വിധേയമാക്കാതെ തന്നെ പൂർണമായും ഒഴിവാക്കിയത് ജനങ്ങളുടെ വികാരത്തോടുള്ള ബഹുമാനമായാണ് വിലയിരുത്തപ്പെടുന്നത്. വികസനം എന്ന പേരിൽ ജനങ്ങളെ ഭീതിയിലാഴ്ത്തുന്ന പദ്ധതികൾക്ക് പകരം പരിസ്ഥിതിയെയും മനുഷ്യജീവിതത്തെയും മാനിക്കുന്ന വികസന കാഴ്ചപ്പാടാണ് പുതിയ സർക്കാർ മുന്നോട്ടുവെക്കുന്നത്. കേരളത്തിന്റെ മാറുന്ന സാമൂഹിക യാഥാർത്ഥ്യത്തെ ഉൾക്കൊണ്ടുകൊണ്ട് വയോജനങ്ങൾക്കായി പ്രത്യേക വകുപ്പ് രൂപീകരിക്കാനുള്ള തീരുമാനം മറ്റൊരു അഭിനന്ദനാർഹമായ നീക്കമാണ്. വയോധികർ വർധിച്ചുവരുന്ന സംസ്ഥാനമായി മാറിക്കൊണ്ടിരിക്കുന്ന കേരളത്തിൽ ജീര്യാട്രിക് കെയറിനും ഏകോപിത വയോജന നയത്തിനും പ്രത്യേക പ്രാധാന്യം നൽകേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമായിരുന്നു. കുടുംബവ്യവസ്ഥ തകരുകയും ഏകാന്തത ഒരു സാമൂഹിക രോഗമായി മാറുകയും ചെയ്യുന്ന സാഹചര്യത്തിൽ വയോജനങ്ങളുടെ ആരോഗ്യസംരക്ഷണവും സാമൂഹിക സുരക്ഷയും സർക്കാർ നേരിട്ട് ഏറ്റെടുക്കുന്ന സമീപനം മാനുഷികതയുടെ അടയാളമാണ്. അതുപോലെതന്നെ, പോലീസിനെ ജനസൗഹൃദമാക്കാനുള്ള ശ്രമങ്ങളും ശ്രദ്ധേയമാണ്. പോലീസ് സ്റ്റേഷനുകളെ ഭയത്തിന്റെ കേന്ദ്രങ്ങളല്ല, ജനങ്ങളുടെ ആശ്രയകേന്ദ്രങ്ങളാക്കണമെന്ന നിർദേശം ഭരണകൂടത്തിന്റെ മനോഭാവത്തിലുള്ള മാറ്റം വ്യക്തമാക്കുന്നു. പരാതിക്കാരനെ കുറ്റവാളിയെപ്പോലെ കാണുന്ന പഴയ ശൈലിക്ക് പകരം സഹാനുഭൂതിയും സേവനമനോഭാവവും മുൻനിർത്തുന്ന പോലീസ് സംവിധാനമാണ് സർക്കാർ ലക്ഷ്യമിടുന്നത്. കസ്റ്റഡി പീഡനങ്ങളും അധികാര ദുർവിനിയോഗവും കേട്ട് മടുത്ത ജനങ്ങൾക്ക് ഇത് ആശ്വാസകരമായ സന്ദേശമാണ്.

ഇതോടൊപ്പം സർക്കാർ ഓഫീസുകളിലെ ഫയൽ നീക്കത്തിന് സമയപരിധി നിശ്ചയിക്കൽ, ക്ഷേമപെൻഷൻ കുടിശ്ശിക തീർക്കാനുള്ള അടിയന്തര ഇടപെടൽ, വിലക്കയറ്റം നിയന്ത്രിക്കാൻ ജില്ലാതല നിരീക്ഷണ സംവിധാനം, അഴിമതിക്കെതിരെ പ്രത്യേക പരിശോധനകൾ എന്നിവയും ഭരണത്തിന്റെ ദിശ വ്യക്തമാക്കുന്ന നടപടികളാണ്. "സർക്കാർ ജനങ്ങൾക്കുവേണ്ടിയാണോ, അല്ലെങ്കിൽ ജനങ്ങൾ സർക്കാരിനുവേണ്ടിയാണോ?" എന്ന ചോദ്യത്തിന് പുതിയ മന്ത്രിസഭ പ്രവർത്തനത്തിലൂടെ മറുപടി നൽകാൻ ശ്രമിക്കുന്നുവെന്നതാണ് ഇപ്പോഴത്തെ വിലയിരുത്തൽ. എന്നാൽ തുടക്കം പ്രതീക്ഷാജനകമാണെന്നത് മാത്രം മതിയാകില്ല. കേരളം ഇന്ന് കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുകയാണ്. തൊഴിലില്ലായ്മ, ആരോഗ്യ മേഖലയിലെ സമ്മർദം, വ്യവസായ മന്ദഗതി, കാർഷിക മേഖലയിലെ പ്രതിസന്ധി - വെല്ലുവിളികൾ നിരവധിയാണ്. ജനങ്ങൾ ഇപ്പോൾ വാഗ്ദാനങ്ങൾ കേൾക്കാൻ അല്ല, മാറ്റം കാണാനാണ് കാത്തിരിക്കുന്നത്. ഈ സാഹചര്യത്തിൽ നിയമസഭയുടെ പുതിയ സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ അഭിനന്ദനാർഹനാണ്. പാർലമെന്ററി പാരമ്പര്യത്തിലും ഭരണപരിചയത്തിലും സമ്പന്നനായ അദ്ദേഹത്തിന്റെ നേതൃത്വം നിയമസഭയുടെ ഗൗരവവും നിലവാരവും ഉയർത്തുമെന്ന് പ്രതീക്ഷിക്കാം. ഭരണകക്ഷിയുടെയും പ്രതിപക്ഷത്തിന്റെയും അവകാശങ്ങൾ ഒരുപോലെ സംരക്ഷിച്ച് ജനാധിപത്യ സംവാദത്തിന് വേദിയൊരുക്കുക എന്നത് സ്പീക്കറുടെ മഹത്തായ ഉത്തരവാദിത്തമാണ്. രാഷ്ട്രീയ തർക്കങ്ങൾക്കപ്പുറം സഭയുടെ അന്തസ്സും ജനങ്ങളുടെ വിശ്വാസവും കാത്തുസൂക്ഷിക്കാൻ അദ്ദേഹത്തിന് കഴിയട്ടെ. അതുപോലെതന്നെ, പുതുതായി തെരഞ്ഞെടുക്കപ്പെട്ട നിയമസഭാംഗങ്ങൾക്കും വലിയ ഉത്തരവാദിത്തമുണ്ട്. നിയമസഭ വെറും മുദ്രാവാക്യങ്ങളുടെയും രാഷ്ട്രീയ ഏറ്റുമുട്ടലുകളുടെയും വേദിയല്ല. ജനങ്ങളുടെ പ്രശ്നങ്ങൾ പഠിച്ച് പരിഹാര നിർദേശങ്ങൾ മുന്നോട്ടുവെക്കുന്ന ഗൗരവമുള്ള ജനാധിപത്യ സ്ഥാപനമാണ് അത്. സഭയിലെ ഓരോ അംഗവും തങ്ങളുടെ മണ്ഡലങ്ങളുടെ മാത്രമല്ല, കേരളത്തിന്റെ മുഴുവൻ ജനതയുടെ പ്രതിനിധികളാണെന്ന ബോധ്യത്തോടെ പ്രവർത്തിക്കണം.

കേരളത്തിന്റെ ജനാധിപത്യ ചരിത്രം നമ്മെ പഠിപ്പിക്കുന്നത് വളരെ ലളിതമായ ഒരു സത്യമാണ് - ജനങ്ങൾ അധികാരം നൽകും, പക്ഷേ അനന്തമായ സമയം നൽകില്ല. അതുകൊണ്ട്തന്നെ പുതിയ മന്ത്രിസഭയുടെ യഥാർത്ഥ പരീക്ഷ ഇപ്പോഴാണ് ആരംഭിക്കുന്നത്. ജനവിശ്വാസം നേടുക ബുദ്ധിമുട്ടാണ്; എന്നാൽ അത് നിലനിർത്തുക അതിലും ബുദ്ധിമുട്ടാണ്. കേരളം ഇന്ന് ഒരു പുതിയ പ്രതീക്ഷയുടെ കവാടത്തിൽ നിൽക്കുകയാണ്. ആ പ്രതീക്ഷയെ യാഥാർത്ഥ്യമാക്കാനുള്ള ഉത്തരവാദിത്തം ഇപ്പോൾ ഭരണകൂടത്തിന്റേതാണ്.

# വികസനവിഷയത്തിൽ ഇടപെടാൻ സ്പീക്കർക്ക് പരിമിതിയില്ല: തിരുവഞ്ചൂർ രാധാകൃഷ്ണൻ

കോട്ടയം: വികസന വിഷയങ്ങളിൽ ഇടപെടുന്നതിന് നിയമസഭാ സ്പീക്കർക്ക് ഒരു പരിമിതിയുമില്ലെന്ന് സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ. കോട്ടയം പ്രസ് ക്ലബിൽ നടന്ന മുഖാമുഖം പരിപാടിയിൽ പങ്കെടുത്തു സംസാരിക്കുകയായിരുന്നു സ്പീക്കർ. കോട്ടയം നിയോജക മണ്ഡലത്തിൽ മുടങ്ങിക്കിടന്ന വികസന പ്രവർത്തനങ്ങളിൽ ഊർജിതമായി നടപ്പാക്കുമെന്നും




കോട്ടയം പ്രസ്ക്ലബിൽ മീറ്റ് ദി പ്രസിൽ പങ്കെടുക്കുന്ന സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ.

അദ്ദേഹം പറഞ്ഞു.

ജനാധിപത്യവും നീതിന്യായ വ്യവസ്ഥയും സംരക്ഷിക്കുകയാണ് നിയമസഭാ സ്പീക്കറുടെ കർത്തവ്യം. അത് പൂർണമായും പാലിക്കും. ശബ്ദഘോഷം കൊണ്ടു നിയമസഭയെ കീഴ്പെടുത്താൻ ആരെയും അനുവദിക്കില്ല. ഭരണപക്ഷത്തിനും പ്രതിപക്ഷത്തിനും തുല്യ നീതി ഉറപ്പാക്കും. അംഗങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കും. ഭരണഘടനാപരമായ കാര്യങ്ങളിൽ കൃത്യനിഷ്ഠ പാലിക്കുകയാണ് സ്പീക്കറുടെ പരമപ്രധാന ദൗത്യം.

താൻ പുലർത്തിയ നിലപാടുകൾക്കുള്ള അംഗീകാരമാണ് തനിക്ക് ലഭിച്ച ഭൂരിപക്ഷം. സ്പീക്കർ പദവി ഏറ്റെടുത്തതോടെ കൂടുതൽ ഉത്തരവാദിത്വം കൈവന്നിരിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു. കോട്ടയം നിയോജകമണ്ഡലത്തിൽ 15 വർഷമായി വൻ വികസന പദ്ധതികൾ നടപ്പാക്കാൻ സാധിച്ചു. എന്നാൽ സ്വപ്ന പദ്ധതിയായ ആകാശപാത പൂർത്തിയാക്കാൻ സാധിച്ചില്ല. ഇതിൽ ദുഃഖമുണ്ട്.

കഴിഞ്ഞ രണ്ടു ടേമുകളിലായുണ്ടായിരുന്ന സർക്കാരുകൾ ആകാശപാതയോടു നിഷേധാത്മക നിലപാടാണ് സ്വീകരിച്ചത്. ഹൈക്കോടതിയിൽവരെ പോയെങ്കിലും കോടതിയുടെ നിർദേശം പോലും നടപ്പാക്കാൻ സർക്കാരിനു കഴിഞ്ഞില്ല. ആകാശപാതയുടെ പേരു പറഞ്ഞാണ് തെരഞ്ഞെടുപ്പിൽ എനിക്കെതിരെ പ്രചാരണം നടത്തിയത്. എന്നാൽ എനിക്കു ലഭിച്ച ഭൂരിപക്ഷത്തിന്റെ വോട്ടുപോലും എതിർ സ്ഥാനാർത്ഥിക്ക് ലഭിച്ചില്ല. ഇതിൽ നിന്നും കോട്ടയത്തെ വോട്ടർമാർ എന്താണ് ചിന്തിച്ചതെന്ന് മനസിലാക്കാവുന്നതാണ്.

ആകാശപാത മാത്രമല്ല മുടങ്ങിക്കിടക്കുന്ന പല പദ്ധതികളും പൂർത്തിയാക്കാനുള്ള നടപടികൾ സമയബന്ധിതമായി നടപ്പാക്കുമെന്നും തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞു.

കോട്ടയം പ്രസ് ക്ലബ് പ്രസിഡണ്ട് അനീഷ് കുര്യൻ സ്പീക്കറെ പൊന്നാട യണിയിച്ച് ആദരിച്ചു. സെക്രട്ടറി ജോബിൻ സെബാസ്റ്റ്യൻ സ്വാഗതം പറഞ്ഞു.

# മലയിടംതുരുത്തിലെ ദലിത് കുടുംബങ്ങളെ ഒഴിപ്പിക്കുന്നത് നീട്ടി ഹൈക്കോടതി

കൊച്ചി: കിഴക്കമ്പലം മലയിടംതുരുത്തിലെ ഏഴ് ദലിത് കുടുംബങ്ങളെ ഒഴിപ്പിക്കുന്നതുമായി ബന്ധപ്പെട്ടുള്ള നടപടികൾ ഹൈക്കോടതി രണ്ടാഴ്ച കൂടി നീട്ടി. പ്രശ്നപരിഹാരത്തിനുള്ള ആത്മാർത്ഥമായ ശ്രമങ്ങൾ നടത്തുന്നുണ്ടെന്നും അതിനായി രണ്ടാഴ്ച കൂടി സമയം അനുവദിക്കണമെന്നുമുള്ള സംസ്ഥാന സർക്കാരിന്റെ അപേക്ഷ പരിഗണിച്ചാണ് ജസ്റ്റിസ് ടി.ആർ. രവിയുടെ നടപടി.

മലയിടംതുരുത്ത് പാര്യത്തുകാവിലെ താമസക്കാരെ ഒഴിപ്പിക്കാനുള്ള ശ്രമം സംഘർഷത്തിൽ കലാശിച്ചിരുന്നു. തുടർന്നാണ് പ്രശ്നപരിഹാരത്തിനു ശ്രമിക്കാനും വിഷയത്തിൽ കോടതിയെ സമീപിക്കാനും സർക്കാർ തീരുമാനിച്ചത്. രണ്ടാഴ്ചയ്ക്കുശേഷം ഹർജി വീണ്ടും പരിഗണിക്കും.

അതേസമയം, താമസക്കാർ വസ്തുവിന്മേൽ തങ്ങളുടെ നിയമപരമായ അവകാശം ഉറപ്പിച്ചിട്ടില്ലെന്ന് കോടതി ചൂണ്ടിക്കാട്ടി.

ഈ സാഹചര്യത്തിൽ ഒഴിപ്പിക്കണമെന്ന കോടതിവിധി അനുസരിച്ചുള്ള ഒഴിപ്പിക്കൽ തടസ്സപ്പെടുത്താൻ താമസക്കാർക്ക് കഴിയില്ലെന്നും കോടതി വ്യക്തമാക്കി. തങ്ങൾ മൂന്നു തലമുറകളായി ഇവിടെയാണ് താമസിക്കുന്നതെന്ന് താമസക്കാരുടെ അഭിഭാഷകൻ ചൂണ്ടിക്കാട്ടി.

എന്നാൽ, ഒഴിപ്പിക്കൽ നടപ്പാക്കുന്ന എക്സിക്യൂഷൻ കോടതിക്ക് മുമ്പാകെ അവരാരും യാതൊരുവിധ തടസ്സഹർജികളും ഫയൽ ചെയ്തിട്ടില്ലെന്ന് കോടതി ചൂണ്ടിക്കാട്ടി.

കൂടാതെ ആ വസ്തുവിന്മേൽ തങ്ങളുടെ അവകാശം സ്ഥാപിക്കുന്നതിനായി സ്വതന്ത്രമായ ഒരു കേസും ഫയൽ ചെയ്തിട്ടില്ലെന്നത് അവർതന്നെ സമ്മതിച്ചിട്ടുള്ളതാണെന്നും കോടതി വ്യക്തമാക്കി.

തങ്ങൾ അവിടെ സമാധാനപരമായി താമസിക്കുകയാണെന്നും വിധി നടപ്പാക്കുന്നത് തടസ്സപ്പെടുത്തുന്നില്ലെന്ന് താമസക്കാർ പറയുന്നതും പരസ്പരം ചേർന്നുപോകുന്നതല്ലെന്നും കോടതി പറഞ്ഞു.


അവർ ഈ വസ്തുവിലാണ് താമസിക്കുന്നതെങ്കിൽ നേരത്തെ തന്നെ അവർക്ക് അവിടെ എന്തെങ്കിലും അവകാശം ഉണ്ടായിരിക്കണം. കൂടാതെ ആ അവകാശം നിയമപരമായി സ്ഥാപിക്കാൻ അവർ ശ്രമിച്ചിട്ടുണ്ടാകണം. അതു ചെയ്യാതിരിക്കുന്നിടത്തോളം താലം താമസക്കാർക്ക് ഒഴിപ്പിക്കൽ തടസ്സപ്പെടുത്താൻ സാധിക്കില്ലെന്നും കോടതി പറഞ്ഞു.

# എവറസ്റ്റ് ഇറങ്ങുന്നതിനിടെ രണ്ട് ഇന്ത്യക്കാർ മരിച്ചു

കാഠ്മണ്ഡു: എവറസ്റ്റ് കൊടുമുടി കയറിയശേഷം തിരിച്ചിറങ്ങുന്നതിനിടെ തളർന്നവശരായ രണ്ട് ഇന്ത്യൻ പർവതാരോഹകർ മരിച്ചു. അരുൺകുമാർ തിവാരി, സന്ദീപ് ആര എന്നിവരാണു മരിച്ചത്. ഇവർ വെവ്വേറെ സംഘങ്ങളിലായിരുന്നു. ഇതോടെ ഈ സീസണിൽ എവറസ്റ്റിലെ മരണം അഞ്ചായി. നേരത്തേ മൂന്ന് നേപ്പാൾ പൗരരാണു മരിച്ചത്.

നേപ്പാൾ ഭാഗത്തെ സൗത്ത് ബേസ് ക്യാംപിൽനിന്നു 274 അംഗ സംഘത്തിനൊപ്പം മെയ് 20-ന് ബുധനാഴ്ചയാണു സന്ദീപ് എവറസ്റ്റ് കയറിയത്. തിരിച്ചിറങ്ങുമ്പോൾ അവശനായ സന്ദീപിനെ 22-ന് രാവിലെ ക്യാംപിൽ രണ്ടിൽ എത്തിച്ചയുടൻ മരിച്ചു.

കൊടുമുടിക്കു തൊട്ടുതാഴെ ഹിലരി സ്റ്റെപ്പിനു സമീപം 21-ന് വ്യാഴാഴ്ച വൈകിട്ടാണ് അരുൺ അസുഖബാധിതനായത്. വഴികാട്ടികളായ ഷെർപ്പകൾ അടിയന്തരശുശ്രൂഷ നൽകിയെങ്കിലും രക്ഷിക്കാനായില്ല. മൃതദേഹങ്ങൾ കാഠ്മണ്ഡുവിൽ എത്തിക്കാനുള്ള നടപടികൾ തുടങ്ങി.




# IPC SOUTH FLORIDA, INC.

## WE ARE SEEKING A FULL-TIME LEAD PASTOR POSITION AVAILABLE AS SOON AS POSSIBLE

**QUALIFICATIONS**

Ordained minister in good standing in a recognized Pentecostal body.

Deep commitment to preach and teach sound Pentecostal doctrines and offer pastoral care with a desire for church growth.

At least 10 years of verifiable experience as a minister, preferably 5 years in North America.

Recognized Bachelor's degree in Bible/Theology/Ministry. Advanced theological degree/s and/or ministerial experience assisting reputable senior pastors will count partially to fulfill the required years of experience.

Prefer a person around 45 years of age.

Able to communicate and preach proficiently in English and Malayalam

Must be a citizen or legal permanent resident of the United States.

**Send inquiries and letter of interest with resume including references and photo no later than June 30, 2026 to:**

**ipcsflsearch@gmail.com**



### എൻസിഇആർടി പുസ്തക വിവാദം:
# അക്കാദമിക് വിദഗ്ധർക്കെതിരായ നടപടി മയപ്പെടുത്തി സുപ്രീംകോടതി

ന്യൂഡൽഹി: എൻസിഇആർടി എട്ടാം ക്ലാസിലെ വിവാദ പാഠപുസ്തകം തയാറാക്കിയ അക്കാദമിക വിദഗ്ധർക്കെതിരായ നടപടി സുപ്രീംകോടതി മയപ്പെടുത്തി. പ്രഫ. മിച്ചൽ ഡാനിനോ, സുപർണ ദിവാകർ, അലോക് പ്രസന്നകുമാർ എന്നിവരെ കരിമ്പട്ടികയിൽ ചേർത്ത നടപടിയാണു ഭേദഗതി ചെയ്തത്. മൂന്നുപേരും സുപ്രീംകോടതിയിൽ സമർപ്പിച്ച വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ചീഫ് ജസ്റ്റിസ് സൂര്യകാന്ത്, ജസ്റ്റിസുമാരായ ജോയ്മല്യ ബാഗ്ചി, വിപുൽ പഞ്ചോളി എന്നിവരടങ്ങിയ ബെഞ്ചിന്റേതാണു നടപടി.

വിവാദ പാഠപുസ്തകത്തിനു പിന്നിൽ പ്രവർത്തിച്ച മൂന്നുപേരുമായി യാതൊരുവിധ അക്കാദമിക സഹകരണവും പാടില്ലെന്ന് കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്കും സർവകലാശാലകൾക്കും സുപ്രീംകോടതി നേരത്തെ നിർദേശം നൽകിയിരുന്നു. എന്നാൽ, ഇക്കാര്യത്തിൽ സർക്കാരുകൾക്കും സർവകലാശാലകൾക്കും സ്വതന്ത്രമായി തീരുമാനമെടുക്കാമെന്ന് കോടതി വ്യക്തമാക്കി. കൂടാതെ ഈ വിദഗ്ധർ ബോധപൂർവം വസ്തുതകൾ വളച്ചൊടിച്ചതാണെന്ന കോടതിയുടെ മുൻ ഉത്തരവിലെ പരാമർശവും പിൻവലിച്ചു. സുപ്രീംകോടതി മുൻ ഉത്തരവ് പിൻവലിക്കണമെന്നാവശ്യപ്പെട്ടാണ് വിവാദ പുസ്തകം തയാറാക്കിയ മൂന്നു പേരും കോടതിയെ സമീപിച്ചത്. എൻസിഇആർടിയുടെ 'എക്സ്പ്ലോറിംഗ് സൊസൈറ്റി, ഇന്ത്യ ആൻഡ് ബിയോണ്ട്' എന്ന സാമൂഹികശാസ്ത്ര പുസ്തകത്തിലെ ജുഡീഷറി പരാമർശത്തെച്ചൊല്ലി ഫെബ്രുവരിയിലാണ് വിവാദം പൊട്ടിപ്പുറപ്പെടുന്നത്. തുടർന്ന് വിഷയത്തിൽ സ്വമേധയാ കേസെടുത്ത സുപ്രീംകോടതി എൻസിഇആർടിക്കെതിരെ രൂക്ഷ വിമർശനം നടത്തിയിരുന്നു. വിവാദ പുസ്തകം പൂർണമായും പിൻവലിക്കാൻ നിർദേശിച്ച സുപ്രീംകോടതി, മുൻ ജഡ്ജിയടങ്ങിയ മൂന്നംഗ സമിതിയുടെ മേൽനോട്ടത്തിൽ പുസ്തകം പരിഷ്കരിച്ചു പുറത്തിറക്കുന്നതിന് ഉത്തരവിടുകയും ചെയ്തിരുന്നു.

# നോർവേയിൽ ഇന്ത്യയുടെ ശബ്ദമായി പാലാ സ്വദേശി സിബി ജോർജ്

കോട്ടയം: മനുഷ്യാവകാശ ലംഘനവുമായി ബന്ധപ്പെട്ട നോർവീജിയൻ മാധ്യമപ്രവർത്തകയുടെ ചോദ്യത്തിന് ഇന്ത്യയുടെ മറുപടി പാശ്ചാത്യലോകത്തിന് മുമ്പിൽ അവതരിപ്പിച്ച വിദേശകാര്യമന്ത്രാലയത്തിലെ ഉദ്യോഗസ്ഥൻ കോട്ടയം പാലാ സ്വദേശി.

വിദേശകാര്യ മന്ത്രാലയത്തിലെ സെക്രട്ടറി (വെസ്റ്റ്) സിബി ജോർജാണ് ചോദ്യങ്ങൾക്ക് മറുപടി പറഞ്ഞ് ശ്രദ്ധനേടിയത്. പാലാ മുണ്ടുപാലം പൊടിമറ്റം കുടുംബാംഗമാണ്. 1993-ലാണ് ഇന്ത്യൻ ഫോറിൻ സർവീസിൽ ചേർന്നത്. തുർക്കി തലസ്ഥാനമായ കെയ്റോയിൽ നയതന്ത്രദൗത്യം തുടങ്ങി. തുടർന്ന് ദോഹയിലെ ഇന്ത്യൻ എംബസിയിൽ ഫസ്റ്റ് സെക്രട്ടറിയായി.

ഇസ്ലാമാബാദിലെ ഇന്ത്യൻ ഹൈക്കമ്മീഷനിലും വാഷിങ്ടൺ ഡിസിയിലെ ഇന്ത്യൻ എംബസിയിലും രാഷ്ട്രീയ കൗൺസിലറായും സേവനമനുഷ്ഠിച്ചു. ടെഹ്റാനും റിയാദിലുമുള്ള ഇന്ത്യൻ ദൗത്യങ്ങളിൽ ഡെപ്യൂട്ടി ചീഫ് ഓഫ് മിഷനായിരുന്നു.



ന്യൂഡൽഹിയിലെ വിദേശകാര്യമന്ത്രാലയ ആസ്ഥാനത്ത് ഈസ്റ്റ് ഏഷ്യ വിഭാഗത്തിലും ഇന്ത്യ-ആഫ്രിക്ക ഫോറം സമിറ്റിന്റെ കോ-ഓർഡിനേറ്ററായും പ്രവർത്തിച്ചു. വിദേശകാര്യ മന്ത്രാലയത്തിലെ അഡ്മിനിസ്ട്രേഷൻ, എസ്റ്റാബ്ലിഷ്മെന്റ്, വെൽഫെയർ വിഭാഗങ്ങൾക്ക് നേതൃത്വം നൽകി. 2014-ൽ വിദേശകാര്യ മന്ത്രാലയം അദ്ദേഹത്തിന്, ഇന്ത്യൻ ഫോറിൻ സർവീസിലെ മികവിനുള്ള എസ്.കെ. സിങ് അവാർഡ് സമ്മാനിച്ചു. ജപ്പാൻ, സ്വിറ്റ്സർലാൻഡ്, ഹോളി സീ, ലിച്ചൻസ്റ്റെൻ, കുവൈത്ത്, മാർഷൽ ദ്വീപുകൾ എന്നിവിടങ്ങളിലെ ഇന്ത്യൻ അംബാസഡറായും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

1988-ൽ പാലാ സെയ്ന്റ് തോമസ് കോളജിൽനിന്ന് ബി.എ. പൊളിറ്റിക്കൽ സയൻസിൽ ഒന്നാം റാങ്കോടെയാണ് ബിരുദം നേടിയത്. എം.എയ്ക്കും ഒന്നാം റാങ്ക് നേടി. ഭാര്യ ജോയ്സ് ജോൺ പാമ്പൂരേത്ത് കലാകാരിയാണ്. എൽഹിത തമ്പുരാൻ, ആയില്യ തമ്പുരാൻ, ജെഫ്‌വഖാൻ തമ്പുരാൻ എന്നിവരാണ് മക്കൾ.

# ഓസ്റ്റിനിൽ അന്തരിച്ച ജോർജ് മാത്യുവിന്റെ സംസ്കാരം ചൊവ്വാഴ്ച



ഹൂസ്റ്റൺ: കുമ്പളാംപൊയ്ക കോടിയാട്ട് ജോർജ് മാത്യു (അച്ചൻകുഞ്ഞ്-73) ഓസ്റ്റിനിൽ അന്തരിച്ചു. ഭാര്യ മറിയാമ്മ മാത്യു വടശ്ശേരിക്കര ഇടത്തറ കല്ലുപറമ്പിൽ കുടുംബാംഗമാണ്. മക്കൾ: സ്വപ്ന വർഗീസ്-പ്രിൻസ് വർഗീസ് (കണക്റ്റിക്കട്ട്), ശോഭ ഡേവിഡ്-ഡെന്നിസ് ഡേവിഡ് (ഓസ്റ്റിൻ). സഹോദരങ്ങൾ: ഗ്രേസി വട്ടക്കുന്നേൽ (ഹൂസ്റ്റൺ), കെ.ജി. തോമസ് (കുമ്പളാംപൊയ്ക), സാലി ജെയിംസ് (ഹൂസ്റ്റൺ), പരേതനായ ജോർജ് വർഗീസ് (രാജു-ഹൂസ്റ്റൺ).

1972 മുതൽ 87 വരെ ഇന്ത്യൻ എയർഫോഴ്സിലും തുടർന്ന് സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യയിലും സേവനമനുഷ്ഠിച്ച പരേതൻ 1997-ൽ കുടുംബസമേതം ഹൂസ്റ്റണിൽ എത്തി 2015 വരെ സൗത്ത് വെസ്റ്റ് ഓയിൽ ഫീൽഡിൽ സേവനമനുഷ്ഠിച്ചു.

പൊതുദർശനം മെയ് 26-ന് ചൊവ്വാഴ്ച രാവിലെ 11 മണിക്ക് ട്രിനിറ്റി മാർത്തോമ്മാ ദേവാലയത്തിൽ (5810 Almeda Genoa Rd, Houston, TX 77048) നടത്തപ്പെടും. തുടർന്ന് നടക്കുന്ന സംസ്കാര ശുശ്രൂഷകൾക്കുശേഷം 3 മണിക്ക് സൗത്ത് പാർക്ക് സെമിത്തേരിയിൽ (South Park Funeral Home 1310 N.Main St, Pearland, TX 77581) മൃതദേഹം സംസ്കരിക്കും. ശുശ്രൂഷകളുടെ തത്സമയ സംപ്രേക്ഷണം ലൈവ്സ്ട്രീം ലിങ്ക്: https://www.youtube.com/live/R-cS8CMnEHc. കൂടുതൽ വിവരങ്ങൾക്ക്: പ്രിൻസ് വർഗീസ് 203 448 8613.

# അയർലൻഡ് ഭരണകക്ഷി പാർട്ടി ദേശീയ എക്സിക്യൂട്ടീവിൽ പാലാ സ്വദേശിയും

പാലാ: അയർലൻഡിലെ ഭരണകക്ഷിയായ ഫ്യാനഫോയ്ക് പാർട്ടിയുടെ ദേശീയ എക്സിക്യൂട്ടീവ് കമ്മിറ്റിയിലേക്ക് പാലാ സ്വദേശി തെരഞ്ഞെടുക്കപ്പെട്ടു. അയർലൻഡിൽ നേഴ്സായി ജോലിചെയ്യുന്ന എം.ബി. മഞ്ജുദേവിയാണ് തെരഞ്ഞെടുക്കപ്പെട്ടത്.

ഭരണകക്ഷിയുടെ സുപ്രധാന സമിതിയിൽ ഇന്ത്യയിൽ നിന്നുള്ളയാൾ തെരഞ്ഞെടുക്കപ്പെടുന്നത് ആദ്യമായാണ്. ദേശീയ തലത്തിൽ നടന്ന തെരഞ്ഞെടുപ്പിലാണ് മഞ്ജുദേവി ഈ നേട്ടം കൈവരിച്ചത്.

1926-ൽ രൂപീകൃതമായ പാർട്ടിയാണ് ഫ്യാനഫോയ്ക് പാർട്ടി. പാർട്ടി രൂപീകരണ ശതാബ്ദിയോടനുബന്ധിച്ചാണ് ഇത്തവണ പാർട്ടി തെരഞ്ഞെടുപ്പ് നടത്തിയത്. ഇപ്പോഴത്തെ അയർലൻഡ് പ്രധാനമന്ത്രി മിഹോൾ മാർട്ടിനാണ് പാർട്ടി പ്രസിഡണ്ട്.

പാലാ സെന്റ് മേരീസ് ഹൈസ്കൂൾ, പാലാ അൽഫോൻസാ കോളജ് എന്നിവിടങ്ങളിലെ പഠനത്തിനുശേഷം മഞ്ജുദേവി രാജസ്ഥാനിലെ പിലാനി ബിർള സ്കൂൾ ഓഫ് നേഴ്സിങ്ങിൽ നിന്നും ഒന്നാം റാങ്കോടെ ജനറൽ നേഴ്സിംഗ് പാസായി. 2005-ൽ അയർലൻഡിലേയ്ക്ക് കുടിയേറി. ഇപ്പോൾ മാറ്റർ പ്രൈവറ്റ് ഹോസ്പിറ്റലിലെ സ്റ്റാഫ് നേഴ്സാണ്. 2016-ൽ ബിഎസ്സി നേഴ്സിംഗും 2022-ൽ സൈക്കോളജിയിൽ ലെവൽ 5 കോഴ്സും പാസായി.

പാലാ വിളക്കുമാടം മണിമന്ദിരത്തിൽ പരേതനായ റിട്ടയേർഡ് ഹവിൽദാർ മേജർ കെ.എം. ബാലകൃഷ്ണന്റെയും രാധാമണിയുടെയും മകളാണ്.



ഭർത്താവ് ശ്യാം മോഹൻ തിരുവനന്തപുരം പൂജപ്പുര സ്വദേശിയാണ്. ദിയ, ശ്രേയ എന്നിവരാണ് മക്കൾ.






# സേവനത്തിനും സമർപ്പണത്തിനും ആദരം; ഹോളിഫാമിലി ഹോസ്പിറ്റൽ (HFH) റീയൂണിയൻ അംഗങ്ങൾക്ക് അംഗീകാരം

ഹോളി ഫാമിലി ആശുപത്രി അലുംമ്നി റീയൂണിയൻ 2026 ജമൈക്കയിൽ നടന്നു. മെയ് 1 മുതൽ 5 വരെയായി നാലുദിവസം നീണ്ടുനിന്ന റീയൂണിയനിൽ നേഴ്സിംഗ്, റേഡിയോളജി, ലബോറട്ടറി വിഭാഗത്തിലെ പൂർവ്വ വിദ്യാർത്ഥികൾ

**വിൻസന്റ് ഇമ്മാനുവേൽ**

പങ്കെടുത്തു. ജമൈക്കയിലെ Grand Palladium Jamaica Resort & Spa, Grand Palladium Lady Hamiton Resort & Spa റിസോർട്ടുകളിലാണ് റീയൂണിയൻ നടന്നത്.

റീയൂണിയനിലെ ഏറ്റവും ഹൃദയസ്പർശിയായ ഭാഗങ്ങളിലൊന്നായിരുന്നു പ്രത്യേക ആദരസമ്മാനങ്ങൾ. ഹോളിഫാമിലി ആശുപത്രിയുടെ വളർച്ചയ്ക്കും അലുംമ്നി കൂട്ടായ്മയുടെ ശക്തിക്കും വിലമതിക്കാനാവാത്ത സംഭാവനകൾ നല്കിയ വ്യക്തികളെയാണ് ചടങ്ങിൽ ആദരിച്ചത്.














### മേരിക്കുട്ടി കുര്യാക്കോസ്

ഹോളിഫാമിലി ഹോസ്പിറ്റൽ ന്യൂഡൽഹി അലുംമ്നി അസോസിയേഷന്റെ സ്ഥാപക പ്രസിഡണ്ടായ മേരിക്കുട്ടി കുര്യാക്കോസിനെ ചടങ്ങിൽ പ്രത്യേകമായി ആദരിച്ചു. അലുംമ്നി സംഘടനയ്ക്ക് ശക്തമായ അടിത്തറ പാകാൻ അവർ നല്കിയ നേതൃത്വവും സമർപ്പണവും എല്ലാവരും നന്ദിയോടെ ഓർമ്മിച്ചു. നോർത്ത് പാർക്ക് യൂണിവേഴ്സിറ്റിയിൽ നിന്ന് നേഴ്സിങ്ങിൽ മാസ്റ്റേഴ്സ് ബിരുദം നേടിയ മേരിക്കുട്ടി കുര്യാക്കോസ് ഇപ്പോൾ ഇല്ലിനോയിസിലെ നേപ്പർവില്ലിൽ താമസിക്കുന്നു. നേഴ്സ് മാനേജരായി സേവനമനുഷ്ഠിക്കുന്ന മേരിക്കുട്ടി പലപ്പോഴും ഡോക്ടർമാർക്കു പോലും എളുപ്പത്തിൽ മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ലാത്ത ആരോഗ്യപ്രശ്നങ്ങളെ നേരിട്ടപ്പോഴെല്ലാം അത്യന്തം ധൈര്യവും ആത്മവിശ്വാസവും പ്രകടിപ്പിച്ചിട്ടുള്ള വ്യക്തിയാണ്. കരുതലോടെയും മികവോടെയും തന്റെ പ്രൊഫഷണൽ ജീവിതം മുന്നോട്ടു കൊണ്ടുപോകുന്ന മേരിക്കുട്ടി കുര്യാക്കോസ് തന്റെ അത്തരം അനുഭവങ്ങളിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് Patients Don't Lie എന്ന പ്രചോദനാത്മക പുസ്തകം രചിച്ചിട്ടുണ്ട്. Barnes & Noble-ൽ ഈ പുസ്തകം ലഭ്യമാണ്. സ്ഥാപക പ്രസിഡണ്ടു കൂടിയായ മേരിക്കുട്ടി കുര്യാക്കോസ് Alumni Association-ന് tax-exempt status ലഭ്യമാക്കുന്നതിനായി അക്ഷീണം പരിശ്രമിച്ചിട്ടുണ്ട്. മേരിക്കുട്ടി കുര്യാക്കോസിന്റെ നേതൃപാടവവും ദൃഢനിശ്ചയവും സേവന മനോഭാവവും തങ്ങളിൽ പലർക്കും വല്യ അനുഗ്രഹമായി മാറിയിട്ടുണ്ടെന്ന് അംഗങ്ങൾ അനുസ്മരിച്ചു.

### ബ്രിജിറ്റ് വിൻസെന്റ്

സമ്മേളനത്തിലെ ഏറ്റവും ശ്രദ്ധേയമായ അംഗീകാരങ്ങളിൽ ഒന്നായിരുന്നു ബ്രിജിറ്റ് വിൻസെന്റിന് ലഭിച്ച Most Accomplished Alumni പുരസ്കാരം. ആരോഗ്യരംഗത്തെ മികവും സമൂഹത്തോടുള്ള പ്രതിബദ്ധതയും ഹോളി ഫാമിലി ഹോസ്പിറ്റൽ കുടുംബത്തോടുള്ള ആത്മബന്ധവും പരിഗണിച്ചാണ് ഈ അംഗീകാരം നല്കിയത്. ബ്രിജിറ്റ് വിൻസെന്റിന്റെ ജീവിതയാത്ര പുതിയ തലമുറ അലുംമ്നികൾക്ക് പ്രചോദനമായി മാറുന്നുവെന്നും ബ്രിജിറ്റിന്റെ നേട്ടങ്ങൾ മുഴുവൻ എച്ച്എഫ്എച്ച് കുടുംബത്തിന്റെ അഭിമാനമാണെന്നും ടീം അനുസ്മരിച്ചു. ഹോളിഫാമിലി ഹോസ്പിറ്റൽ ന്യൂഡൽഹിയിലെ 1973-75 ബാച്ചിലെ അലുംമ്നിയായ ബ്രിജിറ്റ് 1975-ലാണ് ഫിലാഡൽഫിയയിൽ എത്തിയത്. തുടർന്ന് BSN, MSN, CCRN എന്നീ ഉയർന്ന യോഗ്യതകൾ നേടിയ ശേഷം നേഴ്സ് പ്രാക്ടീഷണർ ആയി ശ്രദ്ധേയമായ സേവനം അനുഷ്ഠിച്ചു. അതോടൊപ്പം പെൻസിൽവേനിയ ഇന്ത്യൻ നേഴ്സസിന്റെ സ്ഥാപക പ്രസിഡണ്ടായി പ്രവർത്തിക്കുകയും നൈനയുടെ സജീവ അംഗമായി സേവനം അനുഷ്ഠിക്കുകയും ചെയ്തു. പെൻസിൽവേനിയ ബോർഡ് ഓഫ് നേഴ്സിങ് കൗൺസിൽ അംഗമായ ആദ്യ ഇന്ത്യൻ നേഴ്സായി ചരിത്രം സൃഷ്ടിച്ച വ്യക്തി കൂടിയാണ് ബ്രിജിറ്റ് വിൻസെന്റ്.

### അലക്സാണ്ടർ മാമ്മൻ

Allied Professionals വിഭാഗത്തിൽ നിന്നുള്ള Senior-most Alumni ആയി അലക്സാണ്ടർ മാമ്മന് റീയൂണിയനിൽ പ്രത്യേക അംഗീകാരം നല്കി. HFH കുടുംബത്തോടുള്ള അലക്സാണ്ടർ മാമ്മന്റെ ദീർഘകാല ബന്ധവും പിന്തുണയും എല്ലാവരും ആദരവോടെ അംഗീകരിച്ചു. ഹോളിഫാമിലി ഹോസ്പിറ്റൽ ഡൽഹിയിലെ 1967-69 ബാച്ചിൽ പഠനം പൂർത്തിയാക്കിയ അലക്സാണ്ടർ മാമ്മൻ പാറ്റ്നയിലും ഡൽഹിയിലും അദ്ധ്യാപകനായി സേവനമനുഷ്ഠിച്ചു. പിന്നീട് ലിബിയയിലും ന്യൂയോർക്കിലെ പ്രമുഖ ഹെമറ്റോളജി വിഭാഗങ്ങളിലും അദ്ദേഹം ജോലി ചെയ്തു. ജോലിമേഖലയിൽ ഓരോ ഘട്ടത്തിലും മികവ് തെളിയിച്ച അദ്ദേഹം ഇപ്പോൾ ഫ്ളോറിഡയിൽ വിശ്രമജീവിതം നയിക്കുകയാണ്. ടീമിലെ ഏറ്റവും മുതിർന്ന അംഗമായ അദ്ദേഹം എല്ലാവർക്കും പ്രചോദനമേകുന്ന വ്യക്തി കൂടിയാണ്.

### സോഫി കോയിത്തറ

നിരവധി നേഴ്സുമാരെ രൂപപ്പെടുത്തുന്നതിൽ നിർണായക പങ്കുവഹിച്ച സോഫി കോയിത്തറയെ മികച്ച നേഴ്സിങ് ട്യൂട്ടർ അംഗീകാരം നല്കി ചടങ്ങിൽ ആദരിച്ചു. RN, CCRN, ANP-BC-യോഗ്യതകളുള്ള സോഫി കോയിത്തറ 1981 മുതൽ 1986 വരെ ഹോളിഫാമിലി ഹോസ്പിറ്റലിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. നേഴ്സിങ് മേഖലയിലെ സമർപ്പണത്തിനും മാർഗ്ഗനിർദ്ദേശത്തിനും ദീർഘകാല സേവനത്തിനുമായാണ് സോഫി കോയിത്തറ റീയൂണിയനിൽ ആദരിക്കപ്പെട്ടത്. ക്ഷമയോടും ആത്മാർത്ഥതയോടും കൂടി നിരവധി നേഴ്സിങ് ബാച്ചുകളെ പഠിപ്പിച്ചിട്ടുള്ള സോഫി കോയിത്തറയുടെ ശാസ്ത്രീയ പരിശീലനവും സ്നേഹപൂർവ്വമായ മാർഗ്ഗനിർദ്ദേശവും പല വിദ്യാർത്ഥികളുടെയും ജീവിതത്തിൽ സാധീനം ചെലുത്തിയിട്ടുള്ളതായി സുഹൃത്തുക്കൾ ഓർമ്മിച്ചു. നേഴ്സിങ് രംഗത്തെ വിലമതിക്കാനാവാത്ത സംഭാവനകളെ മാനിച്ച് ഷെർലി നെല്ലാമറ്റവും മുൻ പ്രസിഡണ്ടായ വത്സ ബിജുവും ചേർന്ന് സോഫിയെ പൊന്നാട അണിയിച്ച് ആദരിച്ചു.

ഓരോ അംഗീകാരവും കൈമാറുമ്പോഴും ഹാളിൽ നിഞ്ഞുനിന്നത് കരഘോഷവും സ്നേഹവുമായിരുന്നു. ഒരു സാധാരണ പുരസ്കാര വിതരണം എന്നതിനപ്പുറം സേവനത്തിന്റെയും ത്യാഗത്തിന്റെയും കരുണയുടെയും ഒരു വലിയ ആദരവായിരുന്നു ഈ ചടങ്ങ്. എച്ച്എഫ്എച്ച് കുടുംബത്തിന്റെ യഥാർത്ഥ ശക്തി അതിന്റെ ഓരോ അംഗങ്ങളുമാണെന്ന സന്ദേശം ഈ പരിപാടി വീണ്ടും ഓർമ്മിപ്പിച്ചു. 2024 മുതൽ 2026 മെയ് വരെയുള്ള കാലഘട്ടത്തിൽ നിര്യാതരായ അലുംമ്നികൾക്കായുള്ള പ്രത്യേക അനുസ്മരണം വികാരനിർഭരമായ നിമിഷങ്ങളായി മാറി. അവരുടെ ഓർമ്മയ്ക്കായി ''In Memoriam എന്ന അനുസ്മരണ ചിത്രവും പ്രദർശിപ്പിച്ചു.

തുർന്ന് ബാച്ച് അടിസ്ഥാനത്തിൽ ഓരോ ടീമിനെയും സ്റ്റേജിലേക്ക് ക്ഷണിച്ച് ആദരിക്കുകയും ഫോട്ടോകൾ എടുക്കുകയും ചെയ്തു. സെക്രട്ടറി ഷെർലി നെല്ലാമറ്റം മെഡിക്കൽ മിഷൻ സിസ്റ്റേഴ്സ് (MMS) ന്റെ ചരിത്രവും ഹോളിഫാമിലി ആശുപത്രിയുടെ വളർച്ചയും അവതരിപ്പിച്ച സ്ലൈഡ് ഷോ ഏറെ ശ്രദ്ധേയമായി. പഴയകാലവും ഇന്നത്തെ സാഹചര്യവും കൂട്ടിയിണക്കിക്കൊണ്ടുള്ള അവതരണവും റീയൂണിയനിൽ പങ്കെടുത്തവർക്ക് സ്ഥാപനങ്ങളുടെ സ്ഥാപകരെക്കുറിച്ചും സമ്പന്നമായ അതിന്റെ ചരിത്രത്തെക്കുറിച്ചും വിലമതിക്കാനാവാത്ത അറിവുകൾ നല്കി.

ജമൈക്കയുടെ ചരിത്രവും സംസ്കാരവും പ്രകൃതിസൗന്ദര്യവും ആസ്വദിച്ചും അടുത്തറിഞ്ഞും ആഘോഷമാക്കിയ നാലു ദിവസങ്ങൾ മറക്കാനാവാത്ത ഓർമ്മകളായി മനസ്സിൽ സൂക്ഷിച്ചുകൊണ്ടാണ് അലുംമ്നി റീയൂണിയൻ 2026 അവസാനിച്ചത്. വിവിധ പ്രോഗ്രാമുകൾ സംഘടിപ്പിച്ചും യാത്രകൾ ഒരുക്കിയും റീയൂണിയൻ ആവേശകരമാക്കിയതിനു പിന്നിൽ ആഗസ് മാത്യു, തോമസ് തരയിൽ, ഷെർലി നെല്ലാമറ്റം, ജോയ് തട്ടാർകുന്നേൽ എന്നിവരുടെ സംഘാടനമികവും നേതൃത്വഗുണവുമാണെന്നതിൽ സംശയമില്ല. അടുത്ത വർഷത്തെ റീയൂണിയൻ എവിടെ സംഘടിപ്പിക്കണമെന്ന കാര്യം പിന്നീട് ആലോചിച്ച് തീരുമാനിക്കുമെന്ന് ഭാരവാഹികൾ അറിയിച്ചു.

# പതിനാറാം കേരള നിയമസഭ നിലവിൽ വന്നു

തിരുവനന്തപുരം: മൂന്ന് മാസങ്ങൾക്കു മുൻപു നേർക്കുനേർ വെല്ലുവിളികളോടെ ഭരണപക്ഷവും പ്രതിപക്ഷവും ഇറങ്ങിപ്പോയ സഭയിൽ മെയ് 21-ന് പരസ്പര സ്നേഹവും ആദരവും. നടുത്തളത്തിലിറങ്ങി ചിരിച്ച് ആശ്ലേഷിച്ചു പിണറായി വിജയനും ജി. സുധാകരനും. കൂട്ടത്തോടെ എഴുന്നേറ്റുനിന്നു പിണറായിയുടെ കരം ഗ്രഹിച്ചു മുഖ്യമന്ത്രിയും മന്ത്രിമാരും.



നേരത്തേ പ്രതിജ്ഞയെടുത്ത് അംഗമായ പ്രോടെം സ്പീക്കർ ജി. സുധാകരൻ ഒഴികെ 139 അംഗങ്ങളും പ്രതിജ്ഞ ചൊല്ലി എംഎൽഎമാരായതോടെ 16-ാം കേരള നിയമസഭ നിലവിൽ വന്നു. അങ്കലാപ്പോടെ സഭയിലെത്തിയ കന്നിക്കാരെ മുതിർന്ന അംഗങ്ങൾ കൈപിടിച്ചു സീറ്റിലേക്കിരുത്തുന്ന പ്രവേശനോത്സവം പോലെയായി ആദ്യ നാൾ.

വൈവിധ്യമാർന്ന ഭാഷയും വേഷവും കൊണ്ടു ശ്രദ്ധേയമായ സഭയിൽ ആദ്യം ഫിഷറീസ് മന്ത്രിയും മുസ്‌ലിം ലീഗിന്റെ കളമശേരി എംഎൽഎയുമായ വി.ഇ. അബ്ദുൽ ഗഫൂറാണ് പ്രതിജ്ഞയെടുത്തത്. മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്ത അതേ രീതിയിൽ 'വടശ്ശേരി ദാമോദരമേനോൻ സതീശൻ' എന്നു മുഴുവൻ പേരും ഉച്ചരിച്ചായിരുന്നു മുഖ്യമന്ത്രി വി.ഡി. സതീശന്റെ പ്രതിജ്ഞ. മഞ്ചേശ്വരം എംഎൽഎ എ.കെ.എം. അഷ്റഫ് കന്നഡയിലും ദേവികുളം എംഎൽഎ എഫ്. രാജ തമിഴിലും പ്രതിജ്ഞ ചൊല്ലിയപ്പോൾ രമേശ് ചെന്നിത്തല, സണ്ണി ജോസഫ്, ഫൈസൽ ബാബു, മാണി സി. കാപ്പൻ, കെ. മുരളീധരൻ, മാത്യു കുഴൽനാടൻ, ഷിബു ബേബി ജോൺ തുടങ്ങിയവരുടെ പ്രതിജ്ഞ ഇംഗ്ലീഷിലായിരുന്നു. ഭരണഘടന ഉയർത്തിപ്പിടിച്ച് ഇംഗ്ലീഷിൽ പ്രതിജ്ഞയെടുത്ത തൃക്കരിപ്പൂർ എംഎൽഎ സന്ദീപ് വാരിയർ ഒടുവിൽ 'ജയ്ഹിന്ദ്, ജയ് സംവിധാൻ' എന്നും ചൊല്ലി. എൽഡിഎഫ് എംഎൽഎമാർക്കു പുറമേ യുഡിഎഫിലെ ഷിബു ബേബി ജോൺ, സി.പി. ജോൺ, വി.ടി. ബൽറാം, സുമേഷ് അച്യുതൻ, സിപിഎം വിട്ടെത്തിയ ടി.കെ. ഗോവിന്ദൻ, വി. കുഞ്ഞിക്കൃഷ്ണൻ എന്നിവരും സഗൗരവ പ്രതിജ്ഞയെടുത്തു. ദൈവനാമത്തിലായിരുന്നു മറ്റുള്ളവരുടെ പ്രതിജ്ഞ.

പാളയം രക്തസാക്ഷി മണ്ഡപത്തിൽ പുഷ്പാർച്ചന നടത്തിയശേഷം പാർട്ടി പ്രവർത്തകർക്കൊപ്പം കാൽനടയായാണ് ബിജെപി എംഎൽഎമാരായ രാജീവ് ചന്ദ്രശേഖറും വി. മുരളീധരനും ബി.ബി. ഗോപകുമാറും എത്തിയത്. ഗാന്ധിത്തൊപ്പി ധരിച്ചെത്തിയ വി.പി. സജീന്ദ്രൻ ശ്രദ്ധ കവർന്നു. കഴിഞ്ഞ സഭയ്ക്കു വിപരീതമായി പുതിയ സഭയിലെ മുക്കാൽ പങ്ക് ഇരിപ്പിടങ്ങളിലേക്കും യുഡിഎഫ് വ്യാപിച്ചു. പിണറായി ഇരുന്ന കസേരയിൽ സതീശനും സതീശൻ ഇരുന്ന കസേരയിൽ പിണറായിയും ഇരിക്കുന്ന കാഴ്ച ജനാധിപത്യത്തിന്റെ കരുത്തിന്റെ നേർദൃശ്യമായി.

# മലയാളികളെക്കുറിച്ച് സുപ്രീംകോടതിയുടെ പരാമർശം

ന്യൂഡൽഹി: ഇംഗ്ലീഷ് അറിയാമെങ്കിലും അവരതു സംസാരിക്കാൻ ആഗ്രഹിക്കുന്നില്ലെന്ന് കേരളത്തിലുള്ളവരെക്കുറിച്ച് പരാമർശം നടത്തി സുപ്രീംകോടതി. ഭർത്താവ് സമർപ്പിച്ച വിവാഹമോചന ഹർജി കേരളത്തിൽനിന്നു പഞ്ചാബിലേക്ക് മാറ്റണമെന്നാവശ്യപ്പെട്ടു ഭാര്യ നൽകിയ ഹർജിയിൽ വാദം കേൾക്കവെയായിരുന്നു സുപ്രീംകോടതിയുടെ പരാമർശം.

കേസ് കേരളത്തിൽ നടത്തുന്നതിന് തടസമില്ലെന്നും കേരളത്തിലുള്ള എല്ലാവർക്കും ഇംഗ്ലീഷ് അറിയാമെന്നും ഭർത്താവിനുവേണ്ടി ഹാജരായ അഭിഭാഷകൻ അൽജോ ജോസഫ് വാദിച്ചെങ്കിലും ജസ്റ്റിസുമാരായ വിക്രം നാഥ്, സന്ദീപ് മെഹ്ത എന്നിവരുടെ ബെഞ്ച് അത്തരം അനുമാനത്തെ തള്ളുകയായിരുന്നു.

2017-ൽ വിവാഹിതരായി യുകെയിലേക്കു താമസം മാറിയ ദമ്പതികൾ പിന്നീട് വേർപിരിഞ്ഞുവെന്നാണ് കോടതിയെ അറിയിച്ചിരിക്കുന്നത്. വേർപിരിയലിനുശേഷം ഭർത്താവ് അവരുടെ പ്രായപൂർത്തിയാകാത്ത കുട്ടിയുമായി ഇന്ത്യയിലേക്ക് മടങ്ങുകയും കുട്ടിയുടെ സംരക്ഷണാവകാശം, വിവാഹമോചനം എന്നിവ ആവശ്യപ്പെട്ട് കേരളത്തിൽ കേസ് ഫയൽ ചെയ്യുകയുമായിരുന്നു.

എന്നാൽ യുകെയിൽ തന്നെ താമസം തുടരുന്ന ഭാര്യ ഭാഷാപരമായ ബുദ്ധിമുട്ടുകൾ ഉൾപ്പെടെയുള്ള നിരവധി പരിമിതികൾ കാരണം കേസ് പഞ്ചാബിലെ ലുധിയാനയിലേക്കു മാറ്റാൻ ആവശ്യപ്പെടുകയായിരുന്നു. തനിക്കുവേണ്ടി കേസ് നടത്തുന്ന തന്റെ അമ്മ കേരളത്തിൽ കേസ് നടത്തുമ്പോൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ഭാര്യക്കുവേണ്ടി ഹാജരായ അഭിഭാഷകർ വാദിച്ചു.

ഭാഷാപരമായ സൗകര്യം നിസാരമായി കാണാനാകില്ലെന്നു വ്യക്തമാക്കി കേസ് നടപടികൾ ലുധിയാനയിലെ കോടതിയിലേക്കു മാറ്റാൻ സുപ്രീം കോടതി അനുവദിച്ചു.

# ചന്ദ്രയാൻ 3-ന് പരമോന്നത ബഹുമതി

ബംഗളൂരു: ബഹിരാകാശ രംഗത്ത് ഇന്ത്യയെ അഭിമാനനേട്ടത്തിലെത്തിച്ച ചന്ദ്രയാൻ-3 വീണ്ടും ലോകത്തിന്റെ നെറുകയിൽ. അമേരിക്കൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഏറോനോട്ടിക്സ് ആൻഡ് ആസ്ട്രോനോട്ടിക്സിന്റെ (എ.ഐ.എ.എ) ബഹിരാകാശരംഗത്തെ പരമോന്നത ബഹുമതിയായ ഗൊദാർദ് ആസ്ട്രോനോട്ടിക്സ് പുരസ്കാരം ചന്ദ്രയാൻ-3 സ്വന്തമാക്കി. മെയ് 21-ന് വ്യാഴാഴ്ച വാഷിങ്ടൻ ഡിസിയിൽ നടന്ന പ്രൗഢഗംഭീരമായ ചടങ്ങിൽ അമേരിക്കയിലെ ഇന്ത്യൻ അംബാസഡർ വിനയ് ക്വാത്ര ഐ.എസ്.ആർ.ഒയ്ക്കുവേണ്ടി പുരസ്കാരം ഏറ്റുവാങ്ങി. എ.ഐ.എ.എ. അസെൻഡ് 2026 കോൺഫറൻസിലായിരുന്നു പുരസ്കാരപ്രഖ്യാപനം. ചന്ദ്രന്റെ ദക്ഷിണധ്രുവത്തിൽ സോഫ്റ്റ്ലാൻഡ് ചെയ്ത് ചരിത്രംകുറിച്ച ചന്ദ്രയാൻ-3 ചന്ദ്രന്റെ നിഗൂഢതകളിലേക്ക് വെളിച്ചംവീശുന്ന ഒട്ടേറെ ശാസ്ത്രവിവരങ്ങൾ ലഭ്യമാക്കുകയുണ്ടായി. 2023 ഓഗസ്റ്റ് 23-നാണ് ചന്ദ്രയാൻ 3-ന്റെ വിക്രം ലാൻഡർ ചന്ദ്രോപരിതലത്തിൽ ലാൻഡ് ചെയ്തത്. ഇതോടെ ചന്ദ്രന്റെ ദക്ഷിണധ്രുവത്തിൽ പേടകമിറക്കുന്ന ആദ്യരാജ്യമെന്ന ബഹുമതി ഇന്ത്യ സ്വന്തമാക്കി.

# പുൽവാമ ആക്രമണത്തിന്റെ സൂത്രധാരൻ പാക് അധീന കശ്മീരിൽ കൊല്ലപ്പെട്ടു

ന്യൂഡൽഹി: പാകിസ്താനിൽ ഇന്ത്യാ വിരുദ്ധ ഭീകരർക്കെതിരായ 'അഞ്ജാത'ന്റെ ആക്രമണം തുടരുന്നു. നിരോധിത ഭീകര സംഘടനയായ അൽ ബദറിന്റെ ഓപ്പറേഷൻ കമാൻഡർ പാക് അധീന കശ്മീരിലെ മുസാഫറാബാദിൽ വെടിയേറ്റു മരിച്ചു. കശ്മീരിൽ വിപുലമായ ഭീകരശൃംഖലയ്ക്ക് നേതൃത്വം നൽകിയത് ഇന്ത്യൻ ഏജൻസികൾ തിരയുന്ന അർജമന്ദ് ഗുൽസാർ എന്ന ബുൽഹാൻ ഹംസയാണ് കൊല്ലപ്പെട്ടത്. പുൽവാമ ആക്രമണത്തിന്റെ സൂത്രധാരന്മാരിൽ ഒരാളാണ് ഇയാൾ. പാകിസ്ഥാനിൽ 2023 മുതൽ ലഷ്കറെ തോയ്ബ, ജെയ്ഷെ മുഹമ്മദ്, ഹിസ്ബുൽ മുജാഹിദീൻ തുടങ്ങിയ ഭീകര സംഘടനകളുടെ അമ്പതിലധികം മുൻനിര നേതാക്കൾ അഞ്ജാതരുടെ ആക്രമണത്തിൽ കൊല്ലപ്പെട്ടിട്ടുണ്ട്.

അർജമന്ദ് ഇന്ത്യക്കെതിരായ ഭീകരപ്രവർത്തനങ്ങളിൽ സജീവമായിരുന്നുവെന്നും തെക്കൻ കശ്മീരിലെ യുവാക്കളെ ഭീകരവാദത്തിലേക്ക് ആകർഷിക്കുന്നതിൽ പ്രധാന പങ്കുവഹിച്ചിരുന്നതായും സുരക്ഷാ ഏജൻസികൾ സ്ഥിരീകരിച്ചു. ജമ്മുകശ്മീരിലെ പുൽവാമ ജില്ലയിലെ രത്നിപോര സ്വദേശിയായ ഇയാൾ, ഏഴു വർഷം മുൻപ് പാകിസ്ഥാനിലേക്ക് കടക്കുകയും അൽ ബദറിൽ ചേരുകയുമായിരുന്നു. തുടർന്ന് സംഘടനയുടെ ഓപ്പറേഷണൽ കമാൻഡറായി ഉയർന്ന ഇയാൾ അതിർത്തിക്കപ്പുറത്തുനിന്ന് കശ്മീരിലേക്ക് ഭീകരരെ റിക്രൂട്ട് ചെയ്യൽ, ഫണ്ടിങ്, ആയുധ വിതരണം എന്നിവയുടെ ശൃംഖല നിയന്ത്രിച്ചു പോന്നു.

2022-ൽ കേന്ദ്ര ആഭ്യന്തര മന്ത്രാലയം ഇയാളെ ഭീകരനായി പ്രഖ്യാപിച്ചിരുന്നു. പുൽവാമയിലും തെക്കൻ കശ്മീരിലും ഭീകരവാദം വ്യാപിപ്പിക്കുന്നതിൽ പ്രധാന പങ്കു വഹിച്ചതിനെ തുടർന്ന് ഇന്ത്യൻ സുരക്ഷാ ഏജൻസികളുടെ മോസ്റ്റ് വാണ്ടട്ട് പട്ടികയിൽ ഉൾപ്പെട്ടു. സ്ഫോടകവസ്തുക്കൾ പിടിച്ചെടുത്തത്, ഗ്രനേഡ് ആക്രമണങ്ങൾ, ഭീകര റിക്രൂട്ട്മെന്റ് എന്നിവയുമായി ബന്ധപ്പെട്ട നിരവധി കേസുകളിൽ ഇയാളുടെ പേര് ഉയർന്നു വന്നിട്ടുണ്ട്. ജമ്മുകശ്മീരിലെ ഭീകരപ്രവർത്തനങ്ങൾ സജീവമാക്കാൻ ശ്രമിക്കുന്ന അൽ ബദറിന് അർജമന്ദിന്റെ മരണം കനത്ത തിരിച്ചടിയാണ്.









# സിൽവർലൈൻ പദ്ധതി റദ്ദാക്കി

തിരുവനന്തപുരം: പിണറായി വിജയൻ സർക്കാരിന്റെ കാലത്ത് ഏറെ വിവാദം സൃഷ്ടിച്ച സിൽവർ ലൈൻ പദ്ധതി വി.ഡി. സതീശൻ സർക്കാരിന്റെ രണ്ടാം മന്ത്രിസഭായോഗം റദ്ദാക്കി. സിൽവർലൈൻ പദ്ധതിക്കായി കെ-റെയിൽ കോർപറേഷൻ ഏറ്റെടുത്ത ഭൂമിയുമായി ബന്ധപ്പെട്ടു സർക്കാർ പുറത്തിറക്കിയ എല്ലാ വിജ്ഞാപനങ്ങളും റദ്ദാക്കി. അതിർത്തി നിർണയത്തിനായി സ്ഥാപിച്ച എല്ലാ 'മഞ്ഞക്കുറ്റി'കളും അടിയന്തരമായി നീക്കംചെയ്യാൻ റവന്യൂ വകുപ്പിന് നിർദേശം നല്കി.

സിൽവർലൈൻ പദ്ധതിക്കെതിരെ നടന്ന പ്രതിഷേധ സമരങ്ങളുമായി ബന്ധപ്പെട്ട എല്ലാ കേസുകളും മെറിറ്റ് അടിസ്ഥാനത്തിൽ പിൻവലിക്കാൻ ആവശ്യമായ ക്രമീകരണം ഒരുക്കും. ഇതിനുള്ള സർക്കാർ ശിപാർശ അതതു കോടതികളിൽ നൽകും. യുഡിഎഫ് സർക്കാർ അധികാരത്തിൽ എത്തുന്നതിനു പിന്നാലെ വിവാദ സിൽവർ ലൈൻ പദ്ധതി റദ്ദാക്കുമെന്നു തെരഞ്ഞെടുപ്പ് അഭിമുഖത്തിലും വി.ഡി. സതീശൻ പ്രഖ്യാപിച്ചിരുന്നു.

സിൽവർ ലൈൻ പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതിന് മഞ്ഞക്കുറ്റികൾ സ്ഥാപിച്ചിരുന്നതിനാൽ ഭൂമി വിൽക്കാനോ പണയപ്പെടുത്താനോ കഴിയാതെ സാധാരണക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്താണ് തീരുമാനമെന്നും, പുതുയുഗ യാത്രയിൽ ഇതുസംബന്ധിച്ച് ഒട്ടേറെ പരാതികൾ ലഭിച്ചിരുന്നുവെന്നും മുഖ്യമന്ത്രി വി.ഡി. സതീശൻ പറഞ്ഞു.

തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ നീളുന്ന അർധ അതിവേഗ റെയിൽപ്പാത എന്ന രീതിയിലാണ് പിണറായി സർക്കാർ സിൽവർ ലൈൻ പദ്ധതി ആവിഷ്കരിച്ചത്. 529 കിലോമീറ്റർ ദൂരം നാലുമണിക്കൂർ കൊണ്ട് എത്തിച്ചേരാൻ കഴിയുമെന്നതായിരുന്നു പദ്ധതി. 6340 കോടി രൂപയാണ് ഇതിന് ചെലവ് കണക്കാക്കിയിരുന്നത്.

എന്നാൽ, പദ്ധതി നടപ്പാക്കുകയാണെങ്കിൽ പതിനായിരത്തിലധികം കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കേണ്ടിവരുമെന്നും പരിസ്ഥിതിലോല മേഖലകളിൽ ആഘാതമുണ്ടാകുമെന്നും തുടക്കത്തിലേ ആരോപണമുയർന്നു. സർവേ നടപടികൾ തുടങ്ങിയ ഘട്ടം മുതൽതന്നെ പലയിടങ്ങളിലും പ്രതിഷേധ സമരങ്ങളും സംഘർഷങ്ങളും അരങ്ങേറി. പലയിടത്തും സമരം യുഡിഎഫ് ഏറ്റെടുക്കുകയും ചെയ്തിരുന്നു. സിൽവർലൈൻ തടസപ്പെട്ടതോടെ റീജണൽ റാപ്പിഡ് ട്രാൻസിറ്റ് സിസ്റ്റം (ആർആർടിഎസ്) എന്ന ബദൽ പദ്ധതി ഇടതു സർക്കാർ പ്രഖ്യാപിച്ചിരുന്നെങ്കിലും മുന്നോട്ടുപോയിരുന്നില്ല.

## സ്ത്രീകൾക്ക് സൗജന്യ യാത്ര
## പ്രതിമാസം കണ്ടെത്തേണ്ടത് 112 കോടി രൂപ

തിരുവനന്തപുരം: സ്ത്രീകൾക്ക് കെഎസ്ആർടിസി ബസുകളിൽ സൗജന്യ യാത്ര അനുവദിക്കുന്നതിന് പ്രതിമാസം 112 കോടി രൂപ കണ്ടെത്തേണ്ടിവരുമെന്ന് റിപ്പോർട്ട്.

കെഎസ്ആർടിസി മാനേജ്മെന്റ് തയാറാക്കിയ റിപ്പോർട്ട് ഗതാഗത സെക്രട്ടറിക്ക് കൈമാറി. കെഎസ്ആർടിസി ബസുകളിൽ അടുത്ത മാസം 15 മുതൽ സ്ത്രീകൾക്ക് സൗജന്യയാത്ര പ്രഖ്യാപിച്ചിരിക്കുകയാണ് സർക്കാർ. എന്നാൽ, ഈ പ്രഖ്യാപനം അതേപടി നടപ്പാക്കുന്നതിന് മാസംതോറും 112 കോടി രൂപയുടെ ബാധ്യത കെഎസ്ആർടിസിക്കുണ്ടാകുമെന്നാണ് ഈ റിപ്പോർട്ട് വ്യക്തമാക്കുന്നത്.

ദിവസം ശരാശരി 10 മുതൽ 12 ലക്ഷം വരെ സ്ത്രീകളാണ് കെഎസ്ആർടിസി ബസുകളിൽ യാത്ര ചെയ്യുന്നത്. ഓർഡിനറി ബസിൽ മാത്രം യാത്ര സൗജന്യമാക്കിയാൽ ടിക്കറ്റ് വരുമാനത്തിൽ ഒരുമാസം 57 കോടി രൂപ കുറയും.

ഓർഡിനറിക്കു പുറമെ സിറ്റി ഫാസ്റ്റുകളിൽകൂടി യാത്രാസൗജന്യം വ്യാപിപ്പിച്ചാൽ വരുമാനനഷ്ടം 65 കോടിയായി ഉയരും. ദീർഘദൂര യാത്രക്കുടി സൗജന്യമാക്കാനായി ഫാസ്റ്റ് പാസഞ്ചർ, സൂപ്പർ ഫാസ്റ്റ് ബസുകളിലും ഫ്രീ ടിക്കറ്റ് നൽകിയാൽ നഷ്ടം 90 കോടിയായി കുതിക്കും. ഇനി എല്ലാ ബസിലും സൗജന്യമാണെങ്കിൽ 112 കോടിയാവും പ്രതിമാസ നഷ്ടമെന്നാണ് റിപ്പോർട്ട്.

## എവറസ്റ്റിൽ ചരിത്രനേട്ടം; ഒറ്റദിവസംകൊണ്ട് കൊടുമുടി കീഴടക്കിയത് 274 പേർ

കാഠ്മണ്ഡു: ലോകത്തിലെ ഏറ്റവും വലിയ കൊടുമുടിയായ മൗണ്ട് എവറസ്റ്റ് ഒറ്റദിവസംകൊണ്ട് ഏറ്റവുമധികം ആളുകൾ കീഴടക്കിയെന്ന അപൂർവ റിക്കാർഡ് ഇനി ചരിത്രത്തിലേക്ക്. നേപ്പാൾ ഭാഗത്തുനിന്ന് ഒരൊറ്റദിവസം കൊണ്ട് 274 പർവതാരോഹകരാണ് എവറസ്റ്റിന്റെ നെറുകയിലെത്തിയത്. ഈ ചരിത്രനേട്ടം കൈവരിച്ച സംഘത്തിൽ മൂന്ന് ഇന്ത്യൻ പർവതാരോഹകരും ഉൾപ്പെടുന്നു.

150 നേപ്പാളി ഷെർപ്പകൾ അടങ്ങുന്ന 274 അംഗ സംഘം സമുദ്രനിരപ്പിൽനിന്ന് 8848.86 മീറ്റർ ഉയരമുള്ള എവറസ്റ്റ് കൊടുമുടി വിജയകരമായി കീഴടക്കി. എക്സ്പെഡിഷൻ ഓപ്പറേറ്റേഴ്സ് അസോസിയേഷൻ ഓഫ് നേപ്പാൾ ജനറൽ സെക്രട്ടറി ഋഷി റാം ഭണ്ഡാരിയാണ് ഈ വിവരങ്ങൾ പുറത്തുവിട്ടത്. ഇന്ത്യൻ പർവതാരോഹകരായ തുളസി റെഡ്ഡി പൽപുനൂരി, സന്ദീപ് ആരെ, അജയ്പാൽ സിംഗ് ധലിവാൽ എന്നിവരാണ് ലോകറിക്കാർഡ് കുറിച്ച സംഘത്തിലുണ്ടായിരുന്നത്. ഈ സീസണിൽ എവറസ്റ്റ് കീഴടക്കാൻ ആകെ 502 പർവതാരോഹകർക്കാണ് അനുമതി നൽകിയിരിക്കുന്നത്. ഇതിനുമുമ്പ് 2019 മേയിൽ നേപ്പാൾ ഭാഗത്തുനിന്ന് ഒറ്റദിവസം കൊണ്ട് 223 പേർ എവറസ്റ്റ് കീഴടക്കിയതായിരുന്നു നിലവിലെ റിക്കാർഡ്. ഈ റിക്കാർഡാണ് ഇപ്പോൾ തിരുത്തിക്കുറിച്ചത്. ഇതിനുപിന്നാലെ മറ്റൊരു ഇന്ത്യൻ പർവതാരോഹകനായ ലക്ഷ്മീകാന്ത മണ്ഡലും ലോകത്തിലെ ഏറ്റവും ഉയരത്തിലുള്ള കൊടുമുടിയിൽ വിജയകരമായി പാദമുദ്ര പതിപ്പിച്ചു. ആറു നേപ്പാളി ഷെർപ്പകൾ ഉൾപ്പെടെ എട്ടു പേരടങ്ങുന്ന സംഘത്തോടൊപ്പമാണ് മണ്ഡൽ എവറസ്റ്റ് കീഴടക്കിയതെന്ന് പര്യവേക്ഷണത്തിന്റെ സംഘാടകരായ പയനിയർ അഡ്വഞ്ചർ പ്രൈവറ്റ് ലിമിറ്റഡ് അറിയിച്ചു.

# ഐഐഎസ് സാഗർ ദൗത്യം വിജയകരം

കൊച്ചി: ഇന്ത്യൻ ഓഷ്യൻ ഷിപ്പ് സാഗർ (ഐഒഎസ് സാഗർ) ദൗത്യം വിജയകരമായി പൂർത്തിയാക്കി നാവികസേനയുടെ ഐഎൻഎസ് സുനൈന കൊച്ചിയിലെത്തി. ദക്ഷിണ നാവികസേനാ ആസ്ഥാനത്തു നടന്ന ചടങ്ങിൽ നാവികസേന ഉദ്യോഗസ്ഥർ കപ്പലിനെ സ്വീകരിച്ചു. 16 രാജ്യങ്ങളിൽ നിന്നുള്ള 38 നാവിക ഉദ്യോഗസ്ഥരാണ് ഒന്നര മാസം നീണ്ട ദൗത്യത്തിൽ പങ്കെടുത്തത്. കഴിഞ്ഞ ഏപ്രിൽ രണ്ടിന് മുംബൈയിൽ പ്രതിരോധ സഹമന്ത്രി സഞ്ജയ് സേഥ് ആണ് ദൗത്യം ഫ്ളാഗ് ഓഫ് ചെയ്തത്. മാലെ, ഫുക്കറ്റ്, ജക്കാർത്ത, സിംഗപ്പൂർ, യാങ്കോൺ, ചറ്റോഗ്രാം, കൊളംബോ തുടങ്ങിയ വിദേശ തുറമുഖങ്ങളിൽ ഐഎൻഎസ് സുനൈന സന്ദർശനം നടത്തി. സംയുക്ത സമുദ്ര സുരക്ഷാ ചർച്ചകളും ഉണ്ടായിരുന്നു.



തുറമുഖങ്ങളിൽ നടത്തിയ സന്ദർശനങ്ങൾക്കുപുറമെ സമുദ്ര സുരക്ഷ ഉറപ്പാക്കുന്നതിനുള്ള പ്രായോഗിക പരിശീലനങ്ങളും ദൗത്യത്തിന്റെ ഭാഗമായി നടന്നു. കൊച്ചിയിൽ നടന്ന ചടങ്ങിൽ ദക്ഷിണ നാവിക കമാൻഡിംഗ് ഇൻ ചീഫ് ഫ്ളാഗ് ഓഫീസർ സമീർ സക്സേന ദൗത്യത്തിൽ പങ്കെടുത്ത ബഹുരാഷ്ട്ര നാവികസംഘത്തെ അഭിനന്ദിച്ചു. ഒരു സമുദ്രം ഒരു ദൗത്യം എന്ന ആശയം മുൻനിർത്തി നടത്തിയ ഈ ദൗത്യം ഇതുവരെ നടന്നിട്ടുള്ളതിൽവെച്ച് ഏറ്റവും വലിയ സംയുക്ത നാവിക പര്യടനങ്ങളിൽ ഒന്നാണ്. ബംഗ്ലാദേശ്, ഇന്തോനേഷ്യ, കെനിയ, മലേഷ്യ, മൗറീഷ്യസ്, മാലിദ്വീപ്, മൊസാംബിക്, മ്യാൻമർ, സീഷെൽസ്, സിംഗപ്പൂർ, ദക്ഷിണാഫ്രിക്ക, ശ്രീലങ്ക, ടാൻസാനിയ, തായ്‌ലൻഡ്, ടിമോർ ലെസ്റ്റെ, യുഎഇ എന്നീ രാജ്യങ്ങളുമായി ചേർന്നായിരുന്നു ദൗത്യം.

ഇന്ത്യൻ മഹാസമുദ്ര മേഖലയിൽ സൗഹൃദ അയൽരാജ്യങ്ങളുമായി ചേർന്ന് നടത്തുന്ന നാവിക സഹകരണവും കൂട്ടായ്മയുമാണ് ഇന്ത്യയുടെ ഇന്ത്യൻ ഓഷ്യൻഷിപ്പ് സാഗർ (ഐഒഎസ് സാഗർ) ദൗത്യം. സമുദ്രമേഖലയിൽ പ്രാദേശിക സമാധാനം, സ്ഥിരത, സമുദ്ര സുരക്ഷ, സൗഹൃദം സൃഷ്ടിക്കൽ, ഒരുമിച്ചുള്ള യാത്ര, പരിശീലനം, സാംസ്കാരിക വിനിമയം തുടങ്ങി നാവികസേനയിലൂടെ ബഹുമുഖ സൗഹൃദമാണു പദ്ധതിയുടെ ലക്ഷ്യം.

2025-ൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയാണു പദ്ധതി പ്രഖ്യാപിച്ചത്. കൂട്ടായ പരിശീലനം, സംയുക്താഭ്യാസം തുടങ്ങിയവയും ഐഒഎസ് സാഗർ ലക്ഷ്യമിടുന്നു.



# ഇന്ധന വിലവർധന: 10 ദിവസത്തിനിടെ മൂന്നാം തവണയും

കൊച്ചി: ഇന്ത്യയിൽ 10 ദിവസത്തിനിടെ മൂന്നാം തവണയും ഇന്ധനവില കൂട്ടി. പെട്രോളിന് 87 പൈസയും ഡീസലിനു 91 പൈസയുമാണു കൂട്ടിയത്. ഇതോടെ കേരളത്തിലെ പല നഗരങ്ങളിലും ഡീസൽ വില ലിറ്ററിനു 100 രൂപ കടന്നു. സിഎൻജി വിലയും കിലോഗ്രാമിന് ഒരു രൂപ കൂട്ടി.

10 ദിവസത്തിനിടെ പെട്രോൾവില ലിറ്ററിന് 5.44 രൂപയും ഡീസൽ വില 5.34 രൂപയുമാണ് വർധിച്ചത്. സിഎൻജിക്കും മൂന്ന് തവണയായി നാല് രൂപ കൂട്ടി. കൊച്ചിയിൽ പെട്രോൾ ലിറ്ററിന് 110.93 രൂപയും ഡീസലിന് 99.82 രൂപയുമാണ് ഏകദേശ വില. സിഎൻജി വില കിലോഗ്രാമിന് 96.50 രൂപയായി.

തിരുവനന്തപുരത്തു പെട്രോളിനു 112.65 രൂപയും ഡീസലിനു 101.56 രൂപയുമാണ് വില. കോഴിക്കോട്ട് 111.16 രൂപ. 100.07 രൂപ എന്നിങ്ങനെയും (വിലകൾ പ്രാദേശികമായി വ്യത്യാസപ്പെടും).

പശ്ചിമേഷ്യൻ സംഘർഷത്തെത്തുടർന്ന് ക്രൂഡ് ഓയിലിനുണ്ടായ വിലവർധനയാണ് തുടർച്ചയായ ഇന്ധന വിലവർധനയ്ക്കു കാരണം. അതേസമയം, മുൻപ് ക്രൂഡ് വില കുറഞ്ഞുനിന്നപ്പോൾ അതിന്റെ മെച്ചം ജനങ്ങൾക്കു കൈമാറാതെ നികുതി വർധിപ്പിക്കുകയാണ് കേന്ദ്രസർക്കാർ ചെയ്തത്. കുറഞ്ഞ വിലയ്ക്കു റഷ്യൻ എണ്ണ വാങ്ങുന്നതിന്റെ മെച്ചവും ജനങ്ങൾക്കു ലഭിച്ചിരുന്നില്ല.

അതേസമയം, ചില സ്ഥലങ്ങളിലെ ഇന്ധന ദൗർലഭ്യം പ്രാദേശിക പ്രശ്നം മാത്രമാണെന്നും ഇന്ത്യയിൽ ആവശ്യത്തിനു സ്റ്റോക്കുണ്ടെന്നും ഏറ്റവും വലിയ എണ്ണക്കമ്പനിയായ ഇന്ത്യൻ ഓയിൽ കോർപറേഷൻ അറിയിച്ചു.

# സിബിഎസ്ഇ: പരാതികൾ പരിശോധിക്കും

ന്യൂഡൽഹി: 12-ാം ക്ലാസ് ബോർഡ് പരീക്ഷയിലെ ഓൺ സ്ക്രീൻ മാർക്കിങ് (ഒഎസ്എം) മൂല്യനിർണയം സംബന്ധിച്ച പരാതികൾ വിഷയ വിദഗ്ധർ അവലോകനം ചെയ്യുമെന്നു സിബിഎസ്ഇ അറിയിച്ചു. വ്യക്തതയില്ലാതെ സ്കാൻ ചെയ്ത ഉത്തരക്കടലാസുകളാണ് മൂല്യനിർണയത്തിനെത്തിച്ചതെന്ന് വിദ്യാർഥികൾ തെളിവു സഹിതം സമൂഹമാധ്യമങ്ങളിൽ പോസ്റ്റ് ചെയ്തതിനു പിന്നാലെയാണ് വിശദീകരണം. പുനർമൂല്യനിർണയം ആവശ്യപ്പെടുന്ന വിദ്യാർഥികളുടെ സ്കാൻ ചെയ്ത ഉത്തരക്കടലാസ് പകർപ്പുകൾ പരിശോധിക്കും. പരാതിയിൽ കഴമ്പുണ്ടെന്നു തെളിഞ്ഞാൽ നേരിട്ടുള്ള പരിശോധന പരിഗണിക്കാമെന്നും സിബിഎസ്ഇ സമൂഹമാധ്യമ അക്കൗണ്ടിലൂടെ അറിയിച്ചു.

അതേസമയം, പുനർമൂല്യനിർണയത്തിന് അപേക്ഷിക്കാനുള്ള പോർട്ടൽ അഞ്ചാം ദിവസവും പ്രവർത്തനരഹിതമായിരുന്നു.

# മുഖ്യമന്ത്രി ഇടപെട്ടു; പൊള്ളലേറ്റ ഐറിന് പുനർജന്മം

ചെറുതോണി: ഒമാനിലുണ്ടായ തീപിടിത്തത്തിൽ ദേഹമാസകലം പൊള്ളലേറ്റ് മരണത്തെ മുഖാമുഖം കണ്ട പത്തു വയസുകാരന് മുഖ്യമന്ത്രി വി.ഡി. സതീശന്റെ സഹായഹസ്തം. ചുരുളി ആൽപ്പാറ സ്വദേശി തെങ്ങോട്ടുവിളയിൽ ബിനു-ക്രിസ്റ്റീന ദമ്പതികളുടെ മൂന്നു മക്കളിൽ രണ്ടാമൻ ഐറിൻ ബിനുവിനാണ് ജീവിതത്തിലേക്കു തിരിച്ചുവരാൻ മുഖ്യമന്ത്രി രക്ഷകനായത്.

ഒമാനിൽ കുടുംബസമേതം കഴിയുന്ന ബിനു ഡ്രൈവറും ക്രിസ്റ്റീന സ്വകാര്യ ആശുപത്രിയിൽ നേഴ്സുമാണ്. 2025 ജൂലൈ 26-നു രാത്രി 12-ന് എസിയിൽനിന്ന് തീപടർന്ന് വീട്ടിലുണ്ടായിരുന്ന അഞ്ചു പേർക്കും പൊള്ളലേറ്റു. ഐറിന് 70 ശതമാനത്തോളം പൊള്ളലേറ്റു. അഞ്ചുപേരുടെയും ചികിത്സയിൽ കുടുംബം ലക്ഷങ്ങളുടെ ബാധ്യതയിലായി. അയൽവാസിയും ഇടുക്കി മുൻ ബ്ലോക്ക്പഞ്ചായത്തംഗവുമായ ബിനോയി വർക്കി ഇടപെട്ട് ഇവരെ കോട്ടയം മെഡിക്കൽ കോളജ് ആശുപത്രിയിലെത്തിച്ചു. ഗുരുതരമായി പൊള്ളലേറ്റ് നില വഷളായ ഐറിനെ വിദഗ്ധ ചികിത്സയ്ക്കായി ആലുവ രാജഗിരി ആശുപത്രിയിലെത്തിച്ചു. ഐറിൻ ജീവിതത്തിലേക്കു തിരിച്ചുവരണമെങ്കിൽ ഭീമമായ തുക വേണ്ടിയിരുന്നു.

തീപിടിത്തത്തിൽ ഉടുതുണിയൊഴിച്ച് ബാക്കിയെല്ലാം നഷ്ടപ്പെട്ട കുടുംബത്തിന് സ്വപ്നം പോലും കാണാനാവാത്തതായിരുന്നു ചികിത്സാച്ചെലവ്. ഒടുവിൽ ബിനോയി വർക്കി ഈ കുടുംബത്തെ തിരുവനന്തപുരത്ത് മുഖ്യമന്ത്രിയുടെ മുന്നിലെത്തിച്ചു. മുഖ്യമന്ത്രി രാജഗിരിയിലെ ഡോക്ടറുമായി സംസാരിച്ചു. ഇതനുസരിച്ചു കുട്ടിയുടെ മുഴുവൻ ചികിത്സാച്ചെലവും മുഖ്യമന്ത്രി വി.ഡി. സതീശൻ ഏറ്റെടുക്കുകയായിരുന്നു.

# കെഎച്ച്എസ് മുൻ പ്രസിഡണ്ട് റെന്നിൽ രാധാകൃഷ്ണൻ അന്തരിച്ചു



ഡാളസ്: ഡാളസ് ഫോർട്ട് വർത്ത് (ഡിഎഫ്ഡബ്ല്യു) മേഖലയിലെ പ്രമുഖ മലയാളി വ്യവസായിയും സാമൂഹിക സാംസ്കാരിക നായകനുമായ റെന്നിൽ രാധാകൃഷ്ണൻ അന്തരിച്ചു. കേരള ഹിന്ദു സൊസൈറ്റി ഓഫ് ഡാളസിന്റെ (കെഎച്ച്എസ്) മുൻ പ്രസിഡണ്ടായിരുന്നു അദ്ദേഹം. ഭാര്യ ബിന്ദു റെന്നിൽ. മക്കൾ: അഞ്ജലി, അമിത്.

മകളുടെ വിവാഹവുമായി ബന്ധപ്പെട്ട് ഡാളസിൽ നിന്നും കോഴിക്കോട്ടെത്തിയ അദ്ദേഹം തിരികെ വരാനിരിക്കെയായിരുന്നു അപ്രതീക്ഷിതമായ മരണം. കേരള ഹിന്ദൂസ് ഓഫ് നോർത്ത് അമേരിക്കയുടെ (കെഎച്ച്എൻഎ) നേതൃനിരയിലും സജീവമായി ഇദ്ദേഹം പ്രവർത്തിച്ചിരുന്നു. ഡാളസ് മേഖലയിൽ നിരവധി വിജയകരമായ ബിസിനസ് സംരംഭങ്ങളുടെ ഉടമയായ റെന്നി മികച്ചൊരു സംരംഭകൻ എന്ന നിലയിലും കാരുണ്യ പ്രവർത്തനങ്ങളിലെ സജീവസാന്നിദ്ധ്യം എന്ന നിലയിലും പ്രവാസി മലയാളിസമൂഹത്തിൽ ഏറെ പ്രിയങ്കരനായിരുന്നു.

# ഭോജ്ശാല – കമാൽ മൗല മസ്ജിദ് മന്ദിരം ഹിന്ദു ആരാധനാകേന്ദ്രമെന്ന് ഹൈക്കോടതി

ന്യൂഡൽഹി: മധ്യപ്രദേശിൽ ധർ ജില്ലയിലെ ഭോജ്ശാല-കമാൽ മൗല മസ്ജിദ് തർക്കഭൂമി സരസ്വതീക്ഷേത്രമാണെന്ന് മധ്യപ്രദേശ് ഹൈക്കോടതിയുടെ ഇൻഡോർ ബെഞ്ച് വിധിച്ചു.

രേഖകളും ചരിത്രവസ്തുക്കളും പ്രകാരം തർക്കസ്ഥലം ഭോജ്ശാലയാണെന്നു വ്യക്തമാണെന്ന് ജഡ്ജിമാരായ വിജയ് കുമാർ ശുക്ല, അലോക് അവസ്തി എന്നിവരുടെ ബെഞ്ച് പറഞ്ഞു. ഈ സ്ഥലത്ത് നിയന്ത്രിതമായെങ്കിലും ഹിന്ദു ആരാധനയുടെ തുടർച്ചയുണ്ടായിരുന്നുവെന്നു കോടതി വിലയിരുത്തി.

ഇവിടെ മുസ്‌ലിംകൾക്കു നമസ്കാരത്തിന് അനുമതി നൽകിക്കൊണ്ട് 2003-ൽ ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ (എഎസ്ഐ) പുറപ്പെടുവിച്ച ഉത്തരവ് റദ്ദാക്കി.

മസ്ജിദ് സ്ഥാപിക്കാൻ സർക്കാരിനെ സമീപിച്ചു മറ്റൊരു സ്ഥലം കണ്ടെത്താനും കോടതി നിർദേശിച്ചു. ചരിത്ര, പുരാവസ്തു പ്രാധാന്യമുള്ള ക്ഷേത്രങ്ങൾ സംരക്ഷിക്കാനുള്ള ഭരണഘടനാബാധ്യത സർക്കാരിനുണ്ടെന്നും ബെഞ്ച് നിരീക്ഷിച്ചു.

11-ാം നൂറ്റാണ്ടിലെ മന്ദിരമായ ഭോജ്ശാലയെക്കുറിച്ചു ഹിന്ദു-മുസ്‌ലിം വിഭാഗങ്ങൾക്കു വെവ്വേറെ വിശ്വാസമാണുള്ളത്.

ക്ഷേത്രമാണെന്നു വാദിച്ചു കഴിഞ്ഞവർഷം ഹിന്ദു ഫ്രണ്ട് ഫോർ ജസ്റ്റിസ് അടക്കമുള്ള കക്ഷികളാണു കോടതിയെ സമീപിച്ചത്.

നൂറ്റാണ്ടുകൾ പഴക്കമുള്ള കെട്ടിടം പൂർണമായി സരസ്വതീക്ഷേത്രമാണെന്നാണ് ഇവരുടെ വാദം. എന്നാൽ, കമാൽ മൗല മസ്ജിദ് ആയാണ് മുസ്‌ലിംകൾ അതിനെ കാണുന്നത്.

ഹർജിയുടെ പശ്ചാത്തലത്തിൽ സ്ഥലത്തു സർവേയ്ക്കു ഹൈക്കോടതി ഉത്തരവിട്ടിരുന്നു. അതു സുപ്രീംകോടതി നിബന്ധനകളോടെ സ്റ്റേ ചെയ്തു.

പിന്നീട്, സർവേ റിപ്പോർട്ടിന്റെ കാര്യത്തിൽ മുസ്‌ലിം വിഭാഗത്തെക്കൂടി പങ്കാളിയാക്കിയുള്ള നടപടിക്ക് നിർദേശിച്ചിരുന്നു. നടപടികൾ പൂർത്തിയാക്കിയാണ് ഭോജ്ശാല ക്ഷേത്രമാണെന്ന തീർപ്പ് ഹൈക്കോടതി പുറപ്പെടുവിച്ചത്.

സമുച്ചയത്തിൽ ഹിന്ദുക്കൾക്ക് ആരാധന നടത്താനുള്ള അവകാശം പരിമിതപ്പെടുത്തുകയും മുസ്‌ലിംകൾക്കു നമസ്കാരത്തിന് അനുമതി നൽകുകയും ചെയ്തുകൊണ്ടാണ് 2003-ൽ എഎസ്ഐ സർക്കുലർ പുറപ്പെടുവിച്ചത്.

ഇതുപ്രകാരം ഭോജ്ശാല സമുച്ചയത്തിൽ ഹിന്ദുക്കൾ ചൊവ്വാഴ്ചകളിൽ പൂജയും വെള്ളിയാഴ്ചകളിൽ മുസ്‌ലിംകൾ നമസ്കാരവും തുടരുന്നുണ്ട്. ഈ സർക്കുലറാണ് റദ്ദാക്കിയത്.






# കടുത്തുരുത്തി വലിയപള്ളിയിൽ മന്ത്രി മോൻസ് ജോസഫിന് സ്വീകരണം നല്കി





കോട്ടയം: കടുത്തുരുത്തി വലിയപള്ളിയിൽ കോട്ടയം അതിരൂപതാ മെത്രാപ്പോലീത്ത മാർ മാത്യു മൂലക്കാട്ട് മന്ത്രി മോൻസ് ജേസഫിന് ഊഷ്മള സ്വീകരണം നല്കി.

വികാരി ഫാ. ജോൺസൺ നീലാനിരപ്പേൽ, അസി. വികാരി ഫാ. ജോ

**ഡോ. ജോസഫ് സണ്ണി കുന്നശ്ശേരി**

ൺസൻ മാരിയിൽ, കൈക്കാരന്മാരായ ജോയി ചാക്കോ മണലേൽ, ജിയോ കുന്നശ്ശേരി, ബിജു പൂവക്കോട്ടിൽ, കടുത്തുരുത്തി ഫൊറോനായിലെ ഇടവക വികാരിമാർ, കടുത്തുരുത്തി വലിയപള്ളി ഇടവകസമൂഹം എന്നിവരുടെ സാന്നിദ്ധ്യത്തിലാണ് മന്ത്രിയെ സ്വീകരിച്ച് അനുമോദനങ്ങൾ നേർന്നത്.

കടുത്തുരുത്തി വലിയപള്ളിയിൽ പരമ്പരാഗതമായി നടത്തുന്ന നാല്പതു മണിക്കൂർ ആരാധനയുടെ സമാപനത്തിൽ പങ്കെടുക്കാൻ എത്തിയതായിരുന്നു മന്ത്രിയും അതിരൂപതാദ്ധ്യക്ഷനും. തനിക്കു നാളിതുവരെ ലഭിച്ച എല്ലാ അനുഗ്രഹങ്ങൾക്കും മുത്തിയമ്മയുടെ മാധ്യസ്ഥശക്തിയെ നന്ദിയോടെ അദ്ദേഹം അനുസ്മരിച്ചു.

## കേരള സോഷ്യൽ മീഡിയ ലിറ്ററസി ഫെസ്റ്റ് 2026 ശ്രീചിത്തിര തിരുനാൾ പുരസ്കാരം സണ്ണി തോമസിന്




കോട്ടയം: കൃഷിയിലും സാമൂഹിക സാഹിത്യ കാർഷിക മേഖലകളിൽ വിശിഷ്ടവും സമർപ്പിതവുമായ സേവനങ്ങൾ കാഴ്ചവെച്ചതിന് സണ്ണി തോമസിന് ശ്രീചിത്തിര തിരുനാൾ പുരസ്കാരം. സംസ്ഥാന മണ്ണ് സംരക്ഷണ വകുപ്പിൽനിന്ന് ജോയിന്റ് ഡയറക്ടറായി വിരമിച്ച സണ്ണി തോമസ് കോട്ടയം കുറുപ്പന്തറയിൽ കണ്ണച്ചാമ്പറമ്പിൽ കുടുംബാംഗമാണ്. ശ്രീചിത്തിര തിരുനാൾ രാജകുമാരനിൽ നിന്നും സണ്ണി തോമസ് പുരസ്കാരം ഏറ്റുവാങ്ങി.

## ഡൽഹി ഹൈക്കോടതിയുടെ ഇടപെടലിൽ പ്രവാസി വിദ്യാർത്ഥിയുടെ സർട്ടിഫിക്കറ്റുകൾ തിരികെ ലഭിച്ചു

ന്യൂഡൽഹി: ഡൽഡഹി ഹൈക്കോടതിയുടെ ഇടപെടലിൽ പ്രവാസി വിദ്യാർത്ഥിയുടെ സർട്ടിഫിക്കറ്റുകൾ തിരികെ ലഭിച്ചു. കുവൈറ്റിൽ നേഴ്സായ ജേക്കബ് വർഗീസിനാണ് സർട്ടിഫിക്കറ്റുകൾ തിരികെ ലഭിച്ചത്. നേഴ്സിങ് പഠനത്തെ തുടർന്ന് പോസ്റ്റ് ബിഎസ്സി പഠനത്തിനായി ബാംഗ്ളൂരിലുള്ള കോളജിൽ ചേർന്ന ജേക്കബ് അഡ്മിഷൻ സമയത്ത് മുഴുവൻ രേഖകളും കോളജിൽ സമർപ്പിച്ചിരുന്നു. ഏതാനും ദിവസങ്ങൾക്കകം ഒറിജിനൽ സർട്ടിഫിക്കറ്റുകൾ തിരികെ ചോദിച്ചപ്പോൾ രണ്ടു വർഷത്തെ മുഴുവൻ ഫീസും നല്കിയാൽ മാത്രമേ സർട്ടിഫിക്കറ്റുകൾ തിരിച്ചു നല്കൂ എന്ന നിലപാടിനെ തുടർന്നാണ് ജേക്കബ് ഡൽഹി ഹൈക്കോടതിയെ സമീപിച്ചത്.

വിദ്യാർത്ഥികളുടെ അസ്സൽ രേഖകൾ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പിടിച്ചുവെക്കരുത് എന്നുള്ള യുജിസി മാർഗ്ഗനിർദ്ദേശം നടപ്പിലാക്കാത്ത കോളജിനെതിരെ നടപടി ആവശ്യപ്പെട്ടാണ് ഡൽഹി ഹൈക്കോടതിയെ സമീപിച്ചത്. നാലാഴ്ചയ്ക്കകം ഹർജിയിൽ നടപടി സ്വീകരിക്കാൻ ജസ്റ്റിസ് വികാസ് മഹാജൻ യുജിസിക്ക് നിർദ്ദേശവും നല്കി. എങ്കിലും യുജിസി യാതൊരു നടപടിയും സ്വീകരിച്ചില്ല. തുടർന്ന് യുജിസി ചെയർമാൻ ഡോ. വിനീത് ജോഷിക്കെതിരെ നല്കിയ കോടതിയലക്ഷ്യ ഹർജിയിലാണ് ഇപ്പോൾ നടപടി ഉണ്ടായത്. നടപടി എടുക്കാത്ത പക്ഷം യുജിസി ഉദ്യോഗസ്ഥർ അടുത്ത ഹിയറിങ്ങിൽ ഡൽഹി ഹൈക്കോടതിയിൽ നേരിട്ട് ഹാജരാകണമെന്നും ഉത്തരവിട്ടിരുന്നു. ഇതിനെ തുടർന്നാണ് നേഴിസിങ് കോളജ് മുഴുവൻ അസ്സൽ രേഖകളും ജേക്കബ് വർഗീസിന് തിരികെ നല്കിയത്.

നേഴ്സിങ് പഠനത്തെ തുടർന്നുള്ള ഉപരിപഠനം സാമ്പത്തിക പ്രതിസന്ധിയിൽ പൂർത്തീകരിക്കാൻ സാധിക്കാത്ത ഒരു പ്രവാസിയുടെ ദൈന്യത മുതലെടുക്കുന്ന സാഹചര്യത്തിലാണ് പ്രവാസി ലീഗൽ സെൽ ഈ വിഷയം ഏറ്റെടുത്തത്. നേഴ്സുമാരുടെ ബോണ്ട് സമ്പ്രദായത്തിനെതിരെയും പ്രവാസി ലീഗൽ സെൽ ഡൽഹി ഹൈക്കോടതിയിൽ നിന്നും ഉത്തരവ് നേടിയിരുന്നു. അഡ്വ. ജോസ് എബ്രഹാം, അഡ്വ. ബേസിൽ ജെയ്സൺ എന്നിവരാണ് ഡൽഹി ഹൈക്കോടതിയിൽ ഹാജരായത്. പല പ്രവാസി വിദ്യാർത്ഥികളും ഇത്തരത്തിലുള്ള ചൂഷണങ്ങൾ നേരിടുന്ന സാഹചര്യത്തിൽ ഡൽഹി ഹൈക്കോടതിയുടെ ഈ വിധി പ്രയോജനകരമാണെന്ന് പ്രവാസി ലീഗൽ സെൽ ഗ്ലോബൽ വക്താവ് സുധീർ തിരുനിലത്ത് വാർത്താകുറിപ്പിൽ അറിയിച്ചു.

## താൽക്കാലിക അദ്ധ്യാപകർക്കും കെടെറ്റ് നിർബന്ധം


തിരുവനന്തപുരം: ഹൈസ്കൂൾ വരെയുള്ള പൊതുവിദ്യാലയങ്ങളിലെ താൽക്കാലിക അധ്യാപക നിയമനത്തിനും കെ-ടെറ്റ് നിർബന്ധമാക്കി. അധ്യാപക യോഗ്യതാപരീക്ഷ (ടെറ്റ്) എല്ലാവരും പാസാകണമെന്ന കഴിഞ്ഞ സെപ്റ്റംബറിലെ സുപ്രീംകോടതി വിധിയുടെ പശ്ചാത്തലത്തിലാണ് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നടപടി.

സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ ജനുവരി, ഫെബ്രുവരി മാസങ്ങളിൽ വകുപ്പ് ഇറക്കിയ ഉത്തരവുകളിൽ നിർദേശിച്ചിരുന്ന പൂർണ യോഗ്യതയുള്ളവരെ മാത്രമേ താൽക്കാലിക അധ്യാപകരായി നിയമിക്കാവൂവെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ സർക്കുലറിൽ വ്യക്തമാക്കുന്നു. താൽക്കാലിക നിയമനങ്ങളിൽ 1:1 അനുപാതത്തിൽ രണ്ടാമത്തെ ഒഴിവ് പട്ടിക വിഭാഗങ്ങൾക്കും പിന്നാക്ക വിഭാഗങ്ങൾക്കും ക്രമം അനുസരിച്ചു നൽകണം. സംവരണ ഒഴിവിൽ അർഹരായ അപേക്ഷകരില്ലെങ്കിൽ മാത്രം പൊതുവിഭാഗത്തിൽനിന്നു നികത്താം. പകരം തൊട്ടടുത്ത ഒഴിവ് സംവരണമാക്കണം. സംവരണം പാലിച്ചുവെന്നു വിദ്യാഭ്യാസ ഓഫീസർമാർ സ്കൂൾ പരിശോധനയിൽ ഉറപ്പാക്കണം.

പ്രൈമറി സ്കൂൾ പ്രഥമാദ്ധ്യാപകർ ക്ലാസ് ചാർജ്കൂടി വഹിക്കുന്നതിനാൽ അവർ അവധിയെടുത്താലും താൽക്കാലിക അധ്യാപകരെ നിയമിക്കാം. താൽക്കാലിക നിയമനത്തിനുള്ള അഭിമുഖത്തിൽ തദ്ദേശ സ്ഥാപനത്തിലെ വിദ്യാഭ്യാസ സ്ഥിരസമിതി അദ്ധ്യക്ഷ/അദ്ധ്യക്ഷൻ അല്ലെങ്കിൽ പ്രതിനിധി വേണമെന്നും നിർദേശിച്ചിട്ടുണ്ട്.

## കുഴിപ്പറമ്പിൽ ജോസ് അന്തരിച്ചു

താമ്പാ: ന്യൂയോർക്ക് ഐകെസിസിയുടെ മുൻ പ്രസിഡണ്ട് കൈപ്പുഴ കുഴിപ്പറമ്പിൽ ജോസ് താമ്പയിൽ അന്തരിച്ചു. ഭാര്യ മറിയാമ്മ കല്ലറ ചെരുവിൽ കുടുംബാംഗമാണ്. മക്കൾ: അനു, പരേതരായ അരുൺ, അൽക്ക. സഹോദരങ്ങൾ: പരേതനായ കെ.സി. ലൂക്കോസ്, പരേതനായ കെ.സി. മത്തായി, ഏലിക്കുട്ടി എസ്.വി.എം, പരേതയായ ലൂസി മത്തായി പേരൂപറമ്പിൽ കോട്ടയം, ത്രേസ്യാമ്മ തോമസ് വൈപ്പന്തറ വള്ളംകുളം തിരുവല്ല.



## മുഹമ്മദ് ഷാ അഡിഷണൽ അഡ്വക്കറ്റ് ജനറൽ



തിരുവനന്തപുരം: ഹൈക്കോടതിയിലെ അഡിഷണൽ അഡ്വക്കറ്റ് ജനറലായി മുഹമ്മദ് ഷായെ നിയമിച്ചു. മുസ്‌ലിം ലീഗ് സംസ്ഥാന സെക്രട്ടറിയാണ്. ഹൈക്കോടതിയിൽ 26 വർഷത്തിലധികമായി പ്രാക്ടീസ് ചെയ്യുന്ന മുഹമ്മദ് ഷാ എരുമേലി സ്വദേശിയാണ്. 2011 മുതൽ 2014 വരെ കേരള സർക്കാരിന്റെ സീനിയർ പ്ലീഡറായിരുന്നു. കേന്ദ്രസർക്കാരിന്റെ കൗൺസലായും റെയിൽവേയുടെയും വിവിധ പൊതുമേഖലാ സ്ഥാപനങ്ങളുടെയും സ്റ്റാൻഡിങ് കൗൺസലായും പ്രവർത്തിച്ചിട്ടുണ്ട്. 2018 മുതൽ കേരള ബാർ കൗൺസിൽ അംഗം. നിലവിൽ എൻറോൾമെന്റ് കമ്മിറ്റി ചെയർമാൻ. കേരളാ ലോയേഴ്സ് ഫോറം പ്രസിഡന്റായിരുന്നു.

# യുഡിഎഫ് വിജയത്തിൽ ഒന്റാരിയോയിലെ കോൺഗ്രസ് പ്രവർത്തകർ ആഘോഷം സംഘടിപ്പിച്ചു

**മനോജ്കുമാർ വിശ്വനാഥൻ**

ഒന്റാരിയോ: കാനഡയിലെ ലണ്ടൻ, ഒന്റാരിയോയിലുള്ള ഇന്ത്യൻ നാഷണൽ കോൺഗ്രസ് അനുഭാവികളും മലയാളി സമൂഹവും കേരളത്തിലെ യുഡിഎഫ് സർക്കാരിന്റെ വിജയത്തിൽ ആവേശപൂർവം ആഘോഷം സംഘടിപ്പിച്ചു. വിവിധ പ്രദേശങ്ങളിൽ നിന്നെത്തിയ കോൺഗ്രസ് പ്രവർത്തകർ പരിപാടിയിൽ പങ്കെടുത്തു.

മനോജ്കുമാർ വിശ്വനാഥൻ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ പ്രവീൺ വർക്കി, ജോജി തോമസ്, ജിൻസൺ സിറിയക്, അശ്വിൻ ബേബി, ഡിനോ വെട്ടം, സതീഷ് ഗീതാലയം, അരുൺ, ക്രിസ്റ്റി പിൻഹീറോ, തോംസൺ, ബിനോജ് ജോസഫ്, പ്രിയേഷ് ജോർജ്, അജു പോൾ, ജോബി ജോൺ, അജോഷ് തുടങ്ങിയവർ പ്രസംഗിച്ചു.







ആഘോഷത്തിന്റെ ഭാഗമായി മധുരവിതരണം, അനുമോദനപ്രസംഗങ്ങൾ എന്നിവ നടന്നു. യുഡിഎഫിന്റെ വിജയം ജനാധിപത്യ മൂല്യങ്ങൾക്കും വികസനപരമായ ഭരണത്തിനുമുള്ള ജനങ്ങളുടെ പിന്തുണയാണെന്ന് നേതാക്കൾ അഭിപ്രായപ്പെട്ടു.

കേരളത്തിലെ രാഷ്ട്രീയ സാഹചര്യത്തിൽ ഈ വിജയം നിർണായകമാണെന്നും ജനക്ഷേമം മറന്ന, അഴിമതിയും സ്വജന പക്ഷപാതവും നിറഞ്ഞ എൽഡിഎഫ് സർക്കാരിന്റെ പ്രവൃത്തികളാണ് ഈ ജനകീയ മുന്നേറ്റത്തിന്റെ കാരണമെന്നും യോഗം വിലയിരുത്തി.

കൂടാതെ മുഖ്യമന്ത്രി വി.ഡി. സതീശന്റെ വ്യക്തിപ്രഭാവവും രാഷ്ട്രീയ അനുഭവസമ്പത്തും കേരളത്തിൽ ഇനി ഭരണത്തുടർച്ചയ്ക്ക് വഴിവെക്കുമെന്ന അഭിപ്രായവും ഭൂരിപക്ഷം പേരും പങ്കുവെച്ചു.

പരിപാടി ഐക്യത്തിന്റെയും ജനാധിപത്യത്തിന്റെയും സന്ദേശത്തോടെയാണ് സമാപിച്ചത്.






കേരളാ എക്സ്പ്രസ് വഴിവിളക്കുകൾ 13

# വെളുത്ത കൊച്ച്


ആൻസി സിറിയക് ഇലക്കാട്ട്

ചില ചോദ്യങ്ങൾക്ക് ബുദ്ധികൊണ്ട് ഉത്തരം പറയാൻ ആവില്ല. ഹൃദയംകൊണ്ട് ഉത്തരം പറയേണ്ട ചില ചോദ്യങ്ങൾ ജീവിതത്തിൽ പലപ്പോഴും നമ്മെ തേടി വരാറില്ലേ?

"വാർഷികപ്പതിപ്പ് തന്നേക്കട്ടെ?" എന്ന കൊച്ചേട്ടന്റെ ചോദ്യത്തിന് ഹൃദയംകൊണ്ടേ ഉത്തരം പറയുവാൻ സാധിക്കുമായിരുന്നുള്ളൂ. നാളെ മുതൽ വീട് അടച്ചിടുകയാണ്, വാർഷികപതിപ്പ് വായിക്കാൻ ഇവിടെ ആരുമില്ല എന്നൊക്കെ ബുദ്ധി പറയുന്നുണ്ടായിരുന്നെങ്കിലും വേണ്ട എന്ന് പറയാൻ മനസ്സ് അനുവദിച്ചില്ല.

ഞങ്ങളുടെ നാട്ടിൽ രണ്ടു കൊച്ചേട്ടന്മാർ ഉണ്ടായിരുന്നതുകൊണ്ട്, ആളെ തിരിച്ചറിയാനുള്ള എളുപ്പ വഴിയായാണ്, പത്രക്കാരൻ കൊച്ചേട്ടനെ, നിറത്തിന്റെ അടിസ്ഥാനത്തിൽ, നാട്ടുകാർ ഒന്നടങ്കം വെളുത്ത കൊച്ച് എന്നു വിളിച്ചു തുടങ്ങിയത്. ചുവപ്പു കലർന്ന നല്ല വെളുത്ത നിറം. വെയില് കൊള്ളുമ്പോൾ കൊച്ചേട്ടന്റെ മുഖം ഒന്നുകൂടി ചുവക്കും. ഞങ്ങളുടെ നാട്ടിലെ പത്രവിതരണക്കാരനായിരുന്നു കൊച്ചേട്ടൻ. എന്തെങ്കിലും കാരണം കൊണ്ട് ഒരു ദിവസമെങ്കിലും വീട്ടിൽ പത്രം മുടങ്ങിയതായി എനിക്ക് ഓർമ്മയില്ല. എല്ലാ ദിവസവും വളരെ കൃത്യമായി രാവിലെ ആറു മണിക്ക് മുൻപായി പത്രം വീട്ടിൽ എത്തിയിരുന്നു. ഞങ്ങൾ വായിക്കാറായ കാലം മുതൽ ബാലരമയും കൊച്ചേട്ടൻ സ്ഥിരമായി വീട്ടിലെത്തിച്ചിരുന്നു. ആദ്യകാലങ്ങളിൽ ശനിയാഴ്ചകളിലും പിന്നീട് വെള്ളിയാഴ്ചകളിലും ആണ് ബാലരമ കിട്ടിയിരുന്നത്. പൊതുവെ രാവിലെ എഴുന്നേൽക്കാൻ മടിയുള്ള കൂട്ടത്തിലാണ് ഞങ്ങൾ മൂന്നുപേരും. എങ്കിലും, ബാലരമ വരുന്ന ദിവസങ്ങളിൽ അതിരാവിലെ എണീറ്റ് കൊച്ചേട്ടൻ വരുന്നത് നോക്കിയിരിക്കും. നേരം പരപരാ വെളുക്കുന്നതേ ഉണ്ടാവൂ. അരണ്ട വെളിച്ചത്തിൽ പോലും പത്രക്കെട്ടുമായി ദൂരെ നിന്ന് വരുന്ന കൊച്ചേട്ടനെ തിരിച്ചറിയാനുള്ള വൈദഗ്ധ്യം ഒക്കെ ഞങ്ങൾ നേടിക്കഴിഞ്ഞിരുന്നു. പൊക്കം കുറഞ്ഞ്, സാമാന്യം ഉരുണ്ട ശരീരപ്രകൃതിയുള്ള, കോലൻ മുടി പിറകിലേക്ക് ചീകി ഒതുക്കിവെച്ചിരുന്ന, ഷർട്ടിന്റെ മുകൾ ബട്ടണുകൾ അലസമായി അഴിച്ചിട്ടിരുന്ന, കഴുത്തിൽ എപ്പോഴും കൊന്ത ധരിച്ചിരുന്ന, കാലുകളുടെ ചെറിയ വളവിനെ തെല്ലും പരിഗണിക്കാതെ വേഗത്തിൽ നടന്നിരുന്ന കൊച്ചേട്ടന്റെ രൂപം ഞങ്ങൾക്ക് ഹൃദിസ്ഥമായിരുന്നു. ആ രൂപം ദൂരെ നിന്ന് കാണുമ്പോഴേ മനസ്സിൽ ആഹ്ലാദത്തിന്റെ മണികൾ മുഴങ്ങും. ആദ്യം ബാലരമ കിട്ടുന്ന ആൾക്ക് തന്നെയാണ് ആദ്യം വായിക്കാനുള്ള അവകാശവും എന്ന എഴുതപ്പെടാത്ത പ്രമാണം ഞങ്ങൾ പാലിച്ചുപോന്നിരുന്നു. എങ്കിലും കൗതുകം അടക്കാനാവാതെ വന്നിരുന്നതിനാൽ മായാവിയും ജമ്പനും തുമ്പനും ശിക്കാരി ശംഭുവും മഹാഭാരതവും ഒക്കെ മൂവരും പലപ്പോഴും ഒരുമിച്ചുതന്നെയാണ് വായിച്ചിരുന്നത്.

ഞങ്ങൾ വളരുന്നതിനനുസരിച്ച് വായനയുടെ സ്വഭാവവും മാറി. ബാലരമക്കാലം കടന്ന് വിവിധങ്ങളായ മാസികകളിലേക്ക് ഞങ്ങളുടെ വായന നീണ്ടു. എല്ലാവരും വായനയിൽ തല്പരരായിരുന്നെങ്കിലും, ഓരോരുത്തർക്കും വ്യത്യസ്ത രുചികൾ ആയിരുന്നതിനാൽ, ഒരുവിധം എല്ലാ മാസികകളും ഞങ്ങളുടെ വീട്ടിൽ വരുത്തിയിരുന്നു. മാതൃഭൂമി ആഴ്ചപ്പതിപ്പ്, ഫ്രണ്ട്‌ലൈൻ, വനിത, ഗൃഹലക്ഷ്മി, ഫാസ്റ്റ് ട്രാക്ക്, പാർപ്പിടം, വീട്, യാത്ര, ട്രാവലർ..... മാസികകളുടെ ലിസ്റ്റ് അങ്ങനെ നീണ്ടു. രണ്ട് ദിനപത്രങ്ങളും കുറെയധികം മാസികകളും കൊച്ചേട്ടൻ സ്ഥിരമായി വീട്ടിലെത്തിച്ചു. അതിനുപുറമെ കലണ്ടർ, വാർഷികപ്പതിപ്പ്, വിറ്റുപോകാതെ വരുന്ന ആരോഗ്യം, കൃഷി, സമ്പാദ്യം, പാചകം തുടങ്ങിയ മാസികകൾ എന്നിവയും കൊച്ചേട്ടൻ ഇടയ്ക്ക് കൊണ്ടുവരും. ഞങ്ങൾ പ്ലസ്ടു കഴിഞ്ഞ സമയം മുതൽ കൊച്ചേട്ടൻ തൊഴിൽവീഥിയും കോംപറ്റീഷൻ വിന്നറും കൂടി വീട്ടിലെത്തിക്കാൻ തുടങ്ങി. വായനയുടെ വഴികളെ സുഗമമാക്കിയതിന് ഏത് ലൈബ്രറികളേക്കാളും ഞാൻ കടപ്പെട്ടിരിക്കുന്നത് കൊച്ചേട്ടനോടാണ്. അക്കാലങ്ങളിലൊക്കെ സ്ഥിരമായി പ്രസംഗമത്സരങ്ങളിലും ക്വിസ് മത്സരങ്ങളിലും ഒക്കെ പങ്കെടുത്തിരുന്ന എന്റെ പ്രധാന വിജ്ഞാന സ്രോതസ്സ് കൊച്ചേട്ടൻ മുടക്കം കൂടാതെ വീട്ടിൽ എത്തിച്ചിരുന്ന ഈ പത്രമാസികകളാണ്. എന്തെങ്കിലും ഒന്ന് വായിക്കാത്ത ദിവസങ്ങൾ അതിനാൽ തന്നെ ജീവിതത്തിൽ അത്യപൂർവ്വം ആയിരുന്നു.

ഔപചാരിക വിദ്യാഭ്യാസം കുറവായിരുന്നെങ്കിലും വായനയുടെ പ്രസക്തിയെക്കുറിച്ച് തികഞ്ഞ അവബോധമുള്ള വ്യക്തിയായിരുന്നു കൊച്ചേട്ടൻ. കറകളഞ്ഞ ദൈവവിശ്വാസി കൂടിയായിരുന്ന കൊച്ചേട്ടൻ, ഞങ്ങളെ കാണുമ്പോഴൊക്കെയും പറഞ്ഞിരുന്നതും ഈ കാര്യങ്ങളായിരുന്നു- നന്നായി വായിക്കുക, നന്നായി പ്രാർത്ഥിക്കുക. ജീവിതത്തിന്റെ പരീക്ഷകളെയും പരീക്ഷണങ്ങളെയും മറികടക്കുവാൻ അതിലും നല്ലൊരു സൂത്രവാക്യം ഞാൻ ഇന്നോളം കേട്ടിട്ടില്ല.

ഒരു നാടിന്റെ മുഴുവൻ പത്രവിതരണക്കാരൻ എന്ന നിലയിൽ, വെളുത്ത കൊച്ചേട്ടൻ ദിവസവും കിലോമീറ്ററുകൾ നടന്നിരുന്നു. എപ്പോഴെങ്കിലും ഏതെങ്കിലും വാഹനം കൊച്ചേട്ടൻ പത്രവിതരണത്തിനായി ഉപയോഗിച്ചു കണ്ടിട്ടില്ല. വെളുപ്പിനെ നാലുമണിക്കോ അഞ്ചുമണിക്കോ ഒക്കെ തുടങ്ങുന്ന ഈ പത്രവിതരണം ഒൻപതു മണിയോടെ പൂർത്തിയാക്കി വീട്ടിലേക്ക് തിരിച്ചുപോകുന്ന കൊച്ചേട്ടൻ സ്കൂളിലേക്കുള്ള വഴിയിലെ ഞങ്ങളുടെ സ്ഥിരം കാഴ്ചകളിലൊന്നായിരുന്നു.

രണ്ട് ആൺമക്കൾ ആയിരുന്നു കൊച്ചേട്ടന്. സാമ്പത്തിക ബുദ്ധിമുട്ടുകൾ ഒരുപാടുണ്ടായിരുന്ന കൊച്ചേട്ടൻ, രണ്ടു മക്കളോടും ആവശ്യപ്പെട്ടത് വായിക്കുവാനും പ്രാർത്ഥിക്കുവാനുമാണ്. കൊച്ചേട്ടന്റെ കയ്യിലെ പത്രങ്ങളും മാസികകളും മക്കൾ വായിക്കുന്നുണ്ടെന്ന് കൊച്ചേട്ടൻ ഉറപ്പാക്കിയിരുന്നു. ആ പ്രാർത്ഥനയുടെയും വായനയുടെയും ഫലമാവണം- രണ്ടു മക്കളും നല്ല ജോലിയിൽ പ്രവേശിച്ചു. ഒരാൾ കോളജ് അധ്യാപകൻ, മറ്റൊരാൾ ബാങ്ക് ഉദ്യോഗസ്ഥൻ. മക്കളുടെ ജോലിയോടുകൂടി വീടിന്റെ സാമ്പത്തിക പരാധീനതകൾ ഒക്കെ ഒരുവിധം പരിഹരിക്കപ്പെട്ടു. പുതിയ വീട്, വണ്ടി, രണ്ടു മക്കളുടെയും വിവാഹം, ജോലിക്കാരായ മരുമക്കൾ- പ്രാർത്ഥനയിലൂടെയും വായനയിലൂടെയും ജീവിതത്തെ വരുതിയിലാക്കുകയായിരുന്നു കൊച്ചേട്ടൻ.

മക്കളൊക്കെ നല്ല ജോലിയിൽ പ്രവേശിച്ചിട്ടും കൊച്ചേട്ടൻ വിശ്രമജീവിതത്തിലേക്ക് കടന്നില്ല. "ആകാവുന്ന കാലം വരെയും ഞാൻ ഈ ജോലി ചെയ്തുകൊണ്ടിരിക്കും"- കൊച്ചേട്ടൻ നിലപാട് വ്യക്തമാക്കി.

ഇത്തവണ ഞാൻ കാണുമ്പോൾ കൊച്ചേട്ടന് പ്രായം എൺപതിനോട് അടുത്തിരുന്നു. കാലുകൾക്ക് പഴയ വേഗതയില്ല. നടക്കുമ്പോൾ കിതപ്പുണ്ട്. തല കുമ്പിട്ടു പോകുന്നു. പഴയതുപോലെ ആറുമണിക്ക് മുൻപ് എല്ലാ വീടുകളിലും പത്രമെത്തിക്കൽ പ്രായോഗികമല്ലെന്ന് മനസ്സിലാക്കി, അടുത്തുള്ള ഏതാനും വീടുകളിലേക്ക് മാത്രമായി പത്രവിതരണം ഒതുക്കി. മാസികകൾ ഇപ്പോഴും കൈയിൽ കരുതും. ആവശ്യക്കാർക്ക് ആവശ്യാനുസരണം എത്തിച്ചു കൊടുക്കും. വർഷങ്ങളുടെ ഇടവേളകളിൽ വല്ലപ്പോഴും മാത്രം തുറക്കപ്പെടുന്ന വീടായി ഞങ്ങളുടെ വീട് മാറിയെങ്കിലും ആൾസാന്നിദ്ധ്യം ഉള്ള ദിവസങ്ങളിൽ കൊച്ചേട്ടൻ അവിടെ പത്രവുമായി വരും. ഇത്തവണ അമ്മ അമേരിക്കയ്ക്ക് തിരിച്ചു പോകുന്നതിന്റെ തലേദിവസമാണ് കൊച്ചേട്ടൻ വാർഷികപതിപ്പുമായി വന്നത്.

ആവശ്യമില്ലാതിരുന്നിട്ടുകൂടി വാർഷികപ്പതിപ്പും രണ്ട് കലണ്ടറും വാങ്ങിയാണ് ഞങ്ങൾ കൊച്ചേട്ടനെ യാത്രയാക്കിയത്. നട ഇറങ്ങിയ ശേഷം പറയാൻ മറന്നത് എന്തോ ഓർത്തിട്ടെന്നവണ്ണം എന്നെ തിരിഞ്ഞുനോക്കി കൊച്ചേട്ടൻ പറഞ്ഞു "പ്രാർത്ഥനയ്ക്ക് വലിയ ശക്തിയാ മോളേ. എന്നും പ്രാർത്ഥിച്ചോണം. ഇത്രത്തോളം നടത്തിയ ദൈവം ഇനിയും വഴിനടത്തും. എന്റെ പ്രാർത്ഥനയിൽ നിങ്ങളും ഉണ്ട്." അടുത്ത കാഴ്ച എന്നാവും എന്നറിയില്ലല്ലോ. അതുകൊണ്ടുതന്നെ കാഴ്ച മറയും വരെ, വഴിയരികിലൂടെ മെല്ലെ നടന്നു നീങ്ങുന്ന കൊച്ചേട്ടനെ നോക്കി ഞാൻ നിന്നു.

കുഞ്ഞുന്നാളിൽ എങ്ങോ മനസ്സിൽ പതിഞ്ഞ കൊച്ചേട്ടന്റെ രൂപത്തിനോട്, കിതച്ചുകൊണ്ട് ചുവടുകൾ വയ്ക്കുന്ന ഈ മനുഷ്യനുമായി ഒരു സാദൃശ്യവും കൽപ്പിക്കാനാവുന്നില്ല. പക്ഷേ, വേച്ചുവേച്ചു നടന്നു നീങ്ങുന്ന ആ മനുഷ്യൻ സൃഷ്ടിച്ച വായനയുടെ രസച്ചരടുകളെയും പ്രാർത്ഥനയുടെ സുരക്ഷാ കവചങ്ങളെയും കാലം എങ്ങനെ മായ്ക്കാനാണ്!

**(ആൻസി സിറിയക് ഇലക്കാട്ട് (കോട്ടയം ബിസിഎം കോളജ് ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപിക) രചിച്ച്, മഷിക്കൂട്ട് പബ്ലീഷേഴ്സ് പ്രസിദ്ധീകരിച്ച, നാട്ടുവഴിയിലെ വിളക്കുമരങ്ങൾ എന്ന പുസ്തകത്തിൽ നിന്ന്)**

# സ്നേഹപൂർവം ചാണ്ടി ഉമ്മന്



വി.ഡി. സതീശൻ മന്ത്രിസഭയിൽ നിന്നും ചാണ്ടി ഉമ്മൻ ഒഴിവായത് നന്നായി എന്ന് വിശ്വസിക്കുന്ന ആളാണ് ഞാൻ. രണ്ടും മൂന്നും തവണ എംഎൽഎ ആയിട്ടുള്ള മറ്റു പലർക്കും കപ്പിനും ചുണ്ടിനുമിടയിലൂടെ മന്ത്രിസ്ഥാനം നഷ്ടപ്പെട്ട സാഹചര്യങ്ങൾ വാർത്താ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു. അക്കൂട്ടത്തിൽ അവസാന നിമിഷംവരെ പരിഗണിക്കപ്പെട്ട താരതമ്യേന തുടക്കക്കാരനായ ആളായിരുന്നു ചാണ്ടി ഉമ്മൻ. മറ്റുള്ളവർക്കു വേണ്ടി മന്ത്രിപദം പലവട്ടം പരിത്യജിച്ചിട്ടുള്ള എക്കാലത്തെയും ജനകീയനായ കോൺഗ്രസ് നേതാവ് ഉമ്മൻ ചാണ്ടിയുടെ മകൻ മറ്റുള്ളവർക്ക് വേണ്ടി സ്വയം മാറി നിൽക്കുമ്പോഴാണ് യഥാർത്ഥത്തിൽ ആ അതികായനായ അച്ഛന്റെ മകനാകുന്നത്. ഉമ്മൻ ചാണ്ടിയുടെ ലെഗസി ചാണ്ടി ഉമ്മനിലും പ്രതീക്ഷിക്കുന്ന കോൺഗ്രസ് വികാരമുള്ള സാമാന്യ ജനം അദ്ദേഹത്തിൽ നിന്നും പ്രതീക്ഷിക്കുന്നതും ത്യാഗത്തിന്റെയും മറ്റുള്ളവരെക്കുറിച്ചുള്ള കരുതലിന്റെയും നിലപാടുകളാണ്.

വിദ്യാർത്ഥി പ്രസ്ഥാനത്തിലൂടെ കടന്നുവന്ന് യൂത്ത് കോൺഗ്രസിന്റെയും ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെയും നേതൃനിരയിലേക്ക് ഉയർന്ന ഉമ്മൻ ചാണ്ടി 1970-ലാണ് ആദ്യമായി നിയമസഭയിൽ എത്തിയത്. 1977-ൽ സംസ്ഥാനത്ത് ആദ്യമായി തുടർഭരണം ഉണ്ടായപ്പോൾ മന്ത്രിസഭയിലെ ഏറ്റവും ചെറുപ്പക്കാരനായ മന്ത്രിയായി ഉമ്മൻ ചാണ്ടി 33-ാം വയസ്സിൽ സത്യപ്രതിജ്ഞ ചെയ്തു.

1978-ൽ ഇന്ദിരാഗാന്ധിയിൽ നിന്നും അകന്ന് ആന്റണിപക്ഷം ദേവരാജ് അരശിന്റെ നേതൃത്വത്തിൽ വേറെ പാർട്ടി ഉണ്ടാക്കുകയും 1980-ൽ നടന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ സിപിഎമ്മുമായും കേരള കോൺഗ്രസ് മാണിവിഭാഗവുമായും ചേർന്ന് പുതിയ സഖ്യം ഉണ്ടാക്കി അധികാരത്തിൽ എത്തുകയും ചെയ്തു. അന്ന് എ കോൺഗ്രസിന്റെ മന്ത്രിമാരുടെ പട്ടികയിൽ ആദ്യം പരിഗണിക്കപ്പെട്ടത് ഉമ്മൻ ചാണ്ടിയുടെ പേരായിരുന്നു. എന്നാൽ, ആ മന്ത്രിസഭയിൽ ചേരാതെ മാറിനിന്ന ആളാണ് ഉമ്മൻ ചാണ്ടി.

1982-ൽ വീണ്ടും ഇന്ദിരാ കോൺഗ്രസുമായി ചേർന്ന് തെരഞ്ഞെടുപ്പ് വിജയം നേടിയപ്പോൾ ദേശീയ രാഷ്ട്രീയത്തിൽ നിന്നും കേരള രാഷ്ട്രീയത്തിലേക്ക് മടങ്ങിയെത്തിയ തന്നെക്കാൾ സീനിയറായ വയലാർ രവിക്കു വേണ്ടി ആഭ്യന്തരമന്ത്രി സ്ഥാനവും ഒഴിഞ്ഞുകൊടുത്ത നേതാവാണ് ഉമ്മൻ ചാണ്ടി. 2001-ൽ ഇക്കഴിഞ്ഞ തെരഞ്ഞെടുപ്പ് വിജയത്തിന് സമാനമായ ജനവിധിയിലൂടെ എ.കെ. ആന്റണി സർക്കാർ അധികാരത്തിലെത്തിയപ്പോഴും ലത്തീൻ കത്തോലിക്കനായ കെ.വി. തോമസിനു വേണ്ടിയും മന്ത്രിസ്ഥാനം ത്യജിച്ച ചരിത്രം ഉമ്മൻ ചാണ്ടിക്കുണ്ട്.



ചാണ്ടി കറുകപ്പറമ്പിൽ

പ്രിയപ്പെട്ട ചാണ്ടി ഉമ്മൻ, താങ്കളുടെ പിതാവ് പറഞ്ഞപോലെ മന്ത്രിയുടെ അധികാരത്തെക്കാളും എത്രയോ വല്യ സ്ഥാനമാണ് ജനമനസ്സുകളിൽ ലഭിക്കുന്ന പവിത്രമായ സ്ഥാനം. ആ സ്ഥാനം നിലനിർത്താനായി ലാളിത്യത്തോടെ ജനങ്ങൾക്ക് വേണ്ടി പരിശ്രമിക്കൂ. അധികാരം നിശ്ചയമായും താങ്കളെ തേടിയെത്തും.

# ജോസഫ് ചാണ്ടിയുടെ ഇന്ത്യൻ ജീവകാരുണ്യ ചാരിറ്റബിൾ ട്രസ്റ്റ് 15.5 കോടി രൂപയിലധികം സഹായം നല്കി

പി.പി. ചെറിയാൻ

കോട്ടയം/ഡാളസ്: ദരിദ്ര കുടുംബങ്ങൾക്ക് ജാതി-മത ഭേദമെന്യേ തണലായി വർത്തിക്കുന്ന കോട്ടയം ആസ്ഥാനമായുള്ള ഇന്ത്യൻ ജീവകാരു



ണ്യ ചാരിറ്റബിൾ ട്രസ്റ്റ് (ഐജെസിടി) 30 വർഷത്തെ കാരുണ്യസേവനം പൂർത്തിയാക്കി. യുഎസിലെ ഡാളസ് നിവാസിയായ ജോസഫ് ചാണ്ടിയുടെ (മാനേജിംഗ് ട്രസ്റ്റി) നേതൃത്വത്തിൽ അദ്ദേഹത്തിന്റെ സ്വന്തം സമ്പാദ്യത്തിൽ നിന്നാണ് ഈ ചാരിറ്റി പ്രവർത്തനങ്ങൾക്കുള്ള ഭൂരിഭാഗം ഫണ്ടും കണ്ടെത്തുന്നത്. ഇതുവരെ ഇന്ത്യയൊട്ടാകെ 15, 53, 64,100 രൂപയുടെ ജീവകാരുണ്യ പ്രവർത്തനങ്ങൾ ട്രസ്റ്റ് നടത്തിയിട്ടുണ്ട്.

വിദ്യാഭ്യാസ മേഖലയിലാണ് ട്രസ്റ്റ് ഏറ്റവും കൂടുതൽ സംഭാവന നല്കിയിട്ടുള്ളത്. കഴിഞ്ഞ മൂന്നു പതിറ്റാണ്ടിനിടെ 3,72,300 സ്കൂൾ വിദ്യാർത്ഥികൾക്കും 30,510 കോളജ് വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പുകൾ വിതരണം ചെയ്തു. നിലവിൽ പ്രതിവർഷം 15,500 സ്കൂൾ വിദ്യാർത്ഥികൾക്കും 2100 കോളജ് വിദ്യാർത്ഥികൾക്കും സാമ്പത്തിക സഹായം നല്കിവരുന്നു.

2025-26 സാമ്പത്തിക വർഷത്തിൽ മാത്രം ട്രസ്റ്റ് 87,34,100 രൂപയുടെ പ്രവർത്തനങ്ങൾ നടപ്പിലാക്കി. വിവിധ മേഖലകളിലെ വിഹിതം താഴെപ്പറയുന്ന പ്രകാരമാണ്. 34,33,600 ഭവനനിർമ്മാണ സഹായം, 34,20,000 (കാരുണ്യ സ്പർശം പദ്ധതിയിലൂടെ 280 ബിപിൽ കുടുംബങ്ങൾക്ക് സഹായം നല്കി), ഭിന്നശേഷിക്കാർക്കും എൻ.ജി.ഒകൾക്കുമുള്ള സഹായം 5,07,000, അനാഥാലയങ്ങളും ചാരിറ്റബിൾ സ്ഥാപനങ്ങളും 4,00,000, സ്ത്രീ ശാക്തീകരണ പരിപാടികൾ, 3,00,000 പാവപ്പെട്ട കുടുംബങ്ങളെ ദത്തെടുക്കൽ 3,12,000 (വർഷംതോറും 12,000 വീതം ഏകദേശം 40 കുടുംബങ്ങൾക്ക് നല്കുന്നു).



1,89,500 (30 പേർക്ക് കണ്ണ് ശസ്ത്രക്രിയയ്ക്കും വീൽചെയർ വിതരണ





ത്തിനും സഹായം നല്കി). വിദ്യാഭ്യാസ സ്ഥാപനങ്ങൾ 1,00,000, സ്വയംതൊഴിവ് പദ്ധതികൾ 57,000, ഭക്ഷണവും സാമഗ്രികളും 15,000.

കൂടാതെ മികച്ച സാമൂഹിക പ്രവർത്തകരെ ആദരിക്കുന്നതിനായി 2024 മുതൽ മദർ തെരേസ ജീവകാരുണ്യ സേവ അവാർഡ് ട്രസ്റ്റ് ഏർപ്പെടുത്തിയിട്ടുണ്ട്. ഓൾ ഇന്ത്യ കോ-ഓർഡിനേററർ പ്രൊഫ. ഡോ. എ.കെ. ജനാർദ്ദനൻ, സെക്രട്ടറി ജെയിംസ് ജോസഫ് എന്നിവരാണ് വിവിധ ജില്ലകളിലെ സാമൂഹിക പ്രവർത്തകരും ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുന്നു.



# ഫോമാ സൺഷൈൻ റീജിയൻ കുടുംബസംഗമവും നാഷണൽ കിക്കോഫും വർണ്ണശബളമായി






രാജു മൈലപ്ര

ടാമ്പാ: മെയ് 16-ന് ടാമ്പാ സെന്റ് ജോസഫ് സീറോമലബാർ ചർച്ച് ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച ടാമ്പാ സൺഷൈൻ റീജിയൻ കുടുംബസംഗമം വമ്പിച്ച ജനപങ്കാളിത്തവും വൈവിദ്ധ്യമാർന്ന, ഹൃദയഹാരിയായ കലാപരിപാടികൾ കൊണ്ടും വൻ വിജയമായി. കുടുംബാംഗങ്ങളും സുഹൃത്തുക്കളും ഒരുമിച്ചു കൂടിയ ഈ ആഘോഷവേള ഐക്യത്തിന്റെയും സൗഹൃദത്തിന്റെയും സാമൂഹിക ബന്ധത്തിന്റെയും സംഗമവേദിയായി. സാമൂഹിക, സാംസ്കാരിക, സാമുദായിക നായകന്മാരോടൊപ്പം ഫോമായുടെ ദേശീയ നേതാക്കന്മാരും സമ്മേളനത്തിൽ പങ്കാളികളായി.

വിശിഷ്ടാതിഥികളെ ചെണ്ടമേളത്തിന്റെയും താലപ്പൊലിയുടെയും അകമ്പടിയോടെ വേദിയിലേക്കാനയിച്ചു. റീജിയണൽ വൈസ് പ്രസിഡണ്ട് ജോമോൻ ആന്റണി വിശിഷ്ടാതിഥികൾക്കും സദസ്യർക്കും സ്വാഗതം ആശംസിച്ചു. സൺഷൈൻ റീജിയന്റെ ഈ വർഷത്തെ എല്ലാ പരിപാടികളും വൻ വിജയമാക്കിത്തീർക്കുവാൻ സഹകരിച്ചു സഹായിച്ച എല്ലാവരോടുമുള്ള നന്ദിയും കടപ്പാടും രേഖപ്പെടുത്തി.

ചീഫ് ഗസ്റ്റായി പങ്കെടുത്ത ഫാദർ ജോർജ് വർക്കി സൺഷൈൻ റീജിയന്റെ മഹത്തായ പ്രവർത്തനങ്ങളെ അനുമോദിച്ചു. സുവനീറിന്റെ പ്രകാശനകർമ്മവും അദ്ദേഹം നിർവഹിച്ചു.

വിശിഷ്ടാതിഥിയായെത്തിയ ഫോമായുടെ ജനറൽ സെക്രട്ടറി ബൈജു വറുഗീസ്, നാഷണൽ കൺവൻഷൻ കിക്കോഫ് ഉദ്ഘാടനം ചെയ്തു. ഫോമായുടെ ജീവകാരുണ്യ പ്രവർത്തനങ്ങളെപ്പറ്റിയും ഹൂസ്റ്റണിൽ നടക്കുവാനിരിക്കുന്ന കൺവൻഷനെപ്പറ്റിയും അദ്ദേഹം വിശദീകരിച്ചു.

സൺഷൈൻ റീജിയൻ സെക്രട്ടറി നെവിൻ ജോസ് നന്ദിപ്രകാശനം നടത്തി. തുടർന്ന് അരങ്ങേറിയ സംഗീതവും നൃത്തവും മറ്റു വർണ്ണശബളമായ കലാപരിപാടികളും ഈ കുടുംബസംഗമ രാവിന് മിഴിവേകി. വിഭവസമൃദ്ധമായ ഡിന്നറോടു കൂടി പരിപാടികൾക്ക് പരിസമാപ്തിയായി.

KERALA EXPRESS പ്രവാസി താളുകൾ

# സ്പീക്കർ എ.എൻ. ഷംസീർ പടിയിറങ്ങുമ്പോൾ

**ബെൻസൺ തെങ്ങുംപള്ളിൽ**

ചിക്കാഗോ: കേരള നിയമസഭയുടെ ചരിത്രത്തിൽ സമാനതകളില്ലാത്ത വ്യക്തിമുദ്ര പതിപ്പിച്ചുകൊണ്ട് സ്പീക്കർ പദവിയിൽ നിന്ന് എ.എൻ. ഷംസീർ പടിയിറങ്ങി. രാഷ്ട്രീയ വ്യത്യാസങ്ങൾക്കപ്പുറം സഭയിലെ ഓരോ അംഗത്തിന്റെയും ബഹുമാനവും വിശ്വാസവും പിടിച്ചുപറ്റാൻ കഴിഞ്ഞു എന്നതാണ് ഒരു സ്പീക്കർ എന്ന നിലയിൽ അദ്ദേഹത്തിന്റെ ഏറ്റവും വലിയ വിജയം. ഒരു നിയമസഭാംഗമെന്ന നിലയിലുള്ള തന്റെ പാർലമെന്ററി പരിചയസമ്പത്ത് സ്പീക്കർ പദവിയിലിരിക്കുമ്പോൾ അദ്ദേഹത്തിന് വലിയൊരു കരുത്തായി മാറി. സഭയിൽ ഭരണ-പ്രതിപക്ഷ ഭേദമെന്യേ എല്ലാവർക്കും തുല്യമായ നീതി ഉറപ്പാക്കാൻ അദ്ദേഹം എപ്പോഴും ശ്രദ്ധാലുവായിരുന്നു.



വാഗ്വാദങ്ങളും ബഹളങ്ങളും കൊണ്ട് സഭ അശാന്തമാകുന്ന വേളകളിൽ തികഞ്ഞ ആത്മസംയമനത്തോടെയും സൗമ്യതയോടെയും സഭയെ ശാന്തമാക്കാനുള്ള അദ്ദേഹത്തിന്റെ കഴിവ് എടുത്തുപറയേണ്ടതാണ്. കലുഷിതമായ അന്തരീക്ഷത്തെപ്പോലും തന്റെ തനതായ നർമ്മബോധം കൊണ്ട് ലഘൂകരിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നു. നിയമസഭാ ചട്ടങ്ങളെക്കുറിച്ചുള്ള അഗാധമായ ജ്ഞാനം സങ്കീർണ്ണമായ പല പ്രതിസന്ധികളെയും നിഷ്പ്രയാസം മറികടക്കാൻ അദ്ദേഹത്തെ സഹായിച്ചു. സഭയിലെ പുതുമുഖങ്ങളായ ജനപ്രതിനിധികൾക്ക് തങ്ങളുടെ മണ്ഡലങ്ങളിലെ വിഷയങ്ങൾ അവതരിപ്പിക്കാൻ അദ്ദേഹം എപ്പോഴും പ്രത്യേക പരിഗണനയും പ്രോത്സാഹനവും നല്കി. സഭയിലെ സീനിയർ നേതാക്കന്മാർക്കും പ്രത്യേക പരിഗണന നല്കി.



ലേഖകൻ

നിയമസഭ എന്നത് കേവലം നിയമനിർമ്മാണത്തിനുള്ള വേദി മാത്രമല്ല, അത് ജനങ്ങളുടെ ശബ്ദം പ്രതിഫലിക്കേണ്ട ജനാധിപത്യത്തിന്റെ ശ്രീകോവിൽ കൂടിയാണ്. തന്റെ വാക്കുകളിലും പ്രവൃത്തികളിലും ഈയൊരു മൂല്യം ഉയർത്തിപ്പിടിക്കാൻ ഷംസീർ എന്ന ജനപ്രിയ സ്പീക്കർക്ക് സാധിച്ചു. സഭയിലെ ഓരോ ചർച്ചകളും അർത്ഥവത്താക്കാനും ജനകീയ പ്രശ്നങ്ങൾക്ക് പരമാവധി പ്രാധാന്യം നല്കാനും അദ്ദേഹം മുൻകൈയെടുത്തു. കക്ഷിരാഷ്ട്രീയത്തിന് അതീതമായി സഭയുടെ നാഥൻ എന്ന പദവിയോട് നീതിപുലർത്താൻ അദ്ദേഹത്തിനു കഴിഞ്ഞു.

കേരള നിയമസഭയുടെ ചരിത്രത്തിലെ ഏറ്റവും സജീവവും ക്രിയാത്മകവുമായ ഒരു കാലഘട്ടത്തിനാണ് തിരശ്ശീല വീഴുന്നത്. ഔദ്യോഗിക പദവിയിൽ നിന്ന് പടിയിറങ്ങുമ്പോഴും മികച്ചൊരു പാർലമെന്റേറിയൻ എന്ന നിലയിൽ എ.എൻ. ഷംസീർ കാഴ്ചവെച്ച മാതൃക വരുംതലമുറയ്ക്ക് ഒരു വഴികാട്ടിയായിരിക്കും.

# ഇന്ത്യൻ എൻജിനിയേഴ്സ് അസോസിയേഷന്റെ ചാരിറ്റി ഗോൾഫ് ടൂർണമെന്റ് ജൂൺ 7-ന്

ചിക്കാഗോ: അമേരിക്കൻ അസോസിയേഷൻ ഓഫ് എൻജിനിയേഴ്സ് ഓഫ് ഇന്ത്യൻ ഓർജിന്റെ (AAEIO) നാലാമത് ചാരിറ്റി ഗോൾഫ് ടൂർണമെന്റ് ജൂൺ 7-ാം തീയതി ബെൻസെൻവില്ലിലുള്ള വൈറ്റ് പൈൻസ് ഗോൾഫ് കോഴ്സിൽ വെച്ച് നടത്തപ്പെടുന്നതാണ്.


അതിനു ശേഷമുള്ള ഡിന്നർ 6 മണിക്ക് ഫ്രാങ്ക്ലിൻ പാർക്കിലുള്ള മഹാരാജ ഇന്ത്യൻ റെസ്റ്റോറന്റ് ആൻഡ് ബാങ്കറ്റിൽ വെച്ച് നടത്തപ്പെടുന്നതാണ്. ഏവരേയും ഈ ഇവന്റിലേക്ക് സ്വാഗതം ചെയ്യുന്നതായി സംഘാടകർ അറിയിച്ചു.



ഗ്ലാഡ്സൺ വർഗീസ്



ഗുൽസാർ സിംഗ്



ഡോ. പ്രമോദ് വോറ

ഈ ഇവന്റിന് നേതൃത്വം കൊടുക്കുന്നത് AAEIO പ്രസിഡണ്ടും GE ഗ്ലോബൽ ഡയറക്ടറും US TECHTRONICS-ന്റെ പ്രസിഡണ്ടുമായ ഗ്ലാഡ്സൺ വർഗീസ്, Pan Oceanic കമ്പനിയുടെ സിഇഒ ഗുൽസാർ സിംഗ് PMA Friction Products-ന്റെ ചെയർമാൻ ഡോ. പ്രമോദ് വോറ എന്നിവരാണ്.

ഈ ചാരിറ്റി ഗോൾഫ് ടൂർണമെന്റിൽ നിന്നും ലഭിക്കുന്ന ഫണ്ട് സംഘടനയുടെ ചാരിറ്റി ഫണ്ടിലൂടെ സാധുക്കളായ എൻജിനീയറിങ് സ്റ്റുഡന്റ്സിനെ സഹായിക്കുന്നതിനാണ്. ആറു മണിക്കു തുടങ്ങുന്ന ഡിന്നറിൽ വിവിധ കലാപരിപാടികളും ഗാനമേളയും ടൂർണമെന്റ് വിന്നേഴ്സിനുള്ള കാഷ് പ്രൈസുകളും വിതരണം ചെയ്യും.

ഈ ഗോൾഫ് ടൂർണമെന്റിന് നേതൃത്വം നല്കുന്ന മറ്റ് AAEIO ഭാരവാഹികൾ നാഗ്ജയ്സവാൾ, സുബ്ബു അയ്യർ, നിതിൻ മഹേശ്വരി, രാജീന്ദർ സിംഗ്, മിതുൾ പട്ടേൽ, ബുപേന്ദിർ സിംഗ്, വീരേന്ദർകുമാർ എന്നിവരാണ്.

ഗോൾഫ് ടൂർണമെന്റിലോ ഡിന്നറിലോ രജിസ്ട്രേഷൻ ചെയ്യാൻ ആഗ്രഹിക്കുന്നവർ www.AAEIOUSA.ORG-ൽ ചെയ്യാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 847 648 3300-ലോ 708 774 2999 ലോ വിളിക്കാവുന്നതാണ്.




# ഫോമാ നോർത്തമേരിക്കൻ മലയാളി കുട്ടികൾക്കായി വിദ്യാജ്യോതി സ്കോളർഷിപ്പ് ഏർപ്പെടുത്തുന്നു

ഫ്ളോറിഡ: നോർത്തമേരിക്കൻ മലയാളി സമൂഹത്തിലെ കുട്ടികളുടെ ഉന്നത വിദ്യാഭ്യാസ സ്വപ്നങ്ങൾക്ക് കരുത്തേകുക എന്നത് ഫോമായുടെ ഏറ്റവും വലിയ ഉത്തരവാദിത്വമാണ്. വിദ്യാധനം സർവധനാൽ പ്രധാനം എന്ന പഴഞ്ചൊല്ലിന്റെ ഊർജം ഉൾക്കൊണ്ട് ഇവിടുത്തെ മലയാളി വിദ്യാർത്ഥികൾക്കായി വിദ്യാജ്യോതി ഫോമാ 2026-28 എന്ന പേരിൽ ദീർഘവീക്ഷണത്തോടെ സുതാര്യമായ ഒരു സ്കോളർഷിപ് ഫണ്ട് രൂപീകരിക്കുന്ന കാര്യം ടീം പ്രോമിസ് ഉറപ്പു നല്കുന്നുവെന്ന് പ്രസിഡണ്ട് സ്ഥാനാർത്ഥിയും ഫോമാ സ്ഥാപക നേതാവുമായ മാത്യു വർഗീസ് (ജോസ് ഫ്ളോറിഡ) വ്യക്തമാക്കി.

വിദ്യാജ്യോതി ഫോമയുടെ കൂട്ടായ്മയുടെ ശക്തിയാണ്. അംഗസംഘടനകളുമായി ചേർന്നുള്ള ഒരു മാച്ചിംഗ് ഫണ്ട് മാതൃകയിലാണ് ഈ പദ്ധതി പ്രവർത്തിക്കുക. ഫോമായുടെ അംഗസംഘടനകൾ സംഭരിക്കുന്ന പണത്തിന് ആനുപാതികമായി ഫോമാ ദേശീയതലത്തിൽ നിന്ന് തുല്യമായ തുക ചേർക്കും.

ആർവിപിമാർ, നാഷണൽ കമ്മിറ്റി അംഗങ്ങൾ, സമൂഹത്തിലെ ഉദാരമതികളായ വ്യക്തിത്വങ്ങൾ തുടങ്ങി എല്ലാവരും ചേർന്ന് വിദ്യാജ്യോതി ശക്തിപ്പെടുത്തും. നിങ്ങൾ ഒരു ഡോളർ നല്കുമ്പോൾ അത് രണ്ട് ഡോളറിന്റെ ശക്തിയായി നമ്മുടെ കുട്ടികളിലേക്ക് എത്തും. മാത്യു വർഗീസ് പറഞ്ഞു.

അക്കാദമിക് മികവ് സ്കോളർഷിപ്പിനുള്ള യോഗ്യതാ തെരഞ്ഞെടുപ്പിന്റെ അടിസ്ഥാന മാനദണ്ഡങ്ങളിലൊന്നായിരിക്കും. മറ്റ് മാനദണ്ഡങ്ങൾ ഇതു സംബന്ധിച്ചു രൂപീകരിക്കുന്ന കമ്മിറ്റിയായിരിക്കും നിശ്ചയിക്കുക. ഓരോ ഡോളറിന്റെയും വിനിയോഗം സൃഷ്ടിപരമായിരിക്കണമെന്നാണ് ടീം പ്രോമിസിന്റെ കാഴ്ചപ്പാട്, വിദ്യാജ്യോതി ഫണ്ടിലെത്തുന്ന പണം കൃത്യമായി രേഖപ്പെടുത്തിയിരിക്കും.

ടീം പ്രോമിസ് ഫോമായുടെ ഭരണസമിതിയിലെത്തിയാൽ ആദ്യം രൂപീകരിക്കപ്പെടുന്ന കമ്മിറ്റികളിലൊന്ന് വിദ്യാജ്യോതി സ്കോളർഷിപ്പ് സംബന്ധിച്ചായിരിക്കും. അതിലൂടെ പ്രസ്തുത പരാതി ടീം പ്രോമിസിന്റെ കാലാവധി തീരുന്നതുവരെ തടസ്സമില്ലാതെ മുന്നോട്ട് പോകും.

വിദ്യാജ്യോതി ഫോമായുടെ ഒരു സ്ഥിരം പദ്ധതിയാക്കി മാറ്റുകയും ചെയ്യാം. പദ്ധതിയുടെ വിശദവിവരങ്ങൾ ടീം പ്രോമിസ് അധികാരത്തിലെത്തുന്നപക്ഷം പുറപ്പെടുവിക്കുന്നതാണ്. ഫോമാ നാഷണൽ കമ്മിറ്റിയും അംഗസംഘടനകളും തമ്മിൽ നേരിട്ടുള്ള ബന്ധം സ്ഥാപിക്കുന്ന ഒരു പദ്ധതിയാണിത്.

ഹൈസ്കൂൾ പൂർത്തിയാക്കി പുതിയ തലത്തിലേക്ക് പ്രവേശിക്കുന്ന വിദ്യാർത്ഥികൾക്കായി സ്കോളർഷിപ്പുകൾ, മെന്ററിംഗ്, സ്കിൽ ഗൈഡൻസ്, കരിയർ ഗൈഡൻസ്, നേതൃത്വവികസന വർക്ക്ഷോപ്പുകൾ എന്നിവ ഉൾപ്പെടുത്തി ഒരു ദീർഘകാല വിദ്യാഭ്യാസ പ്രോജക്ടായി ഈ സംരംഭത്തെ വളർത്തിയെടുക്കാനും ആലോചനയുണ്ട്.

നമ്മുടെ മക്കളെ മികച്ച വിദ്യാഭ്യാസത്തിലൂടെ ശാക്തീകരിച്ച് അവരുടെ ഭാവിക്ക് വെളിച്ചമേകുന്ന ഒരു പാത ഒരുക്കുക എന്നതാണ് വിദ്യാജ്യോതിയുടെ ദൗത്യമെന്നും അത് ഫോമായുടെ വളർച്ചയുടെ പാതയിൽ ഒരു സുപ്രധാന നാഴികക്കല്ലാകുമെന്നും ഫോമായുടെ 2026-28 ഭരണസമിതിയിലേക്ക് മാത്യു വർഗീസ് നയിക്കുന്ന ടീം പ്രോമിസിന്റെ വിവിധ സ്ഥാനങ്ങളിലേക്ക് ജനവിധി തേടുന്ന അനു സ്കറിയ (ജനറൽ സെക്രട്ടറി), ബിനോയ് തോമസ് (ട്രഷറർ), ജോൺസൺ ജോസഫ് (വൈസ് പ്രസിഡണ്ട്), രേഷ്മ രഞ്ജൻ (ജോ. സെക്രട്ടറി), ടിറ്റോ ജോൺ (ജോ. ട്രഷറർ) എന്നിവർ പറഞ്ഞു.

# പി. ജെ.ജോസഫിന്റെ രാഷ്ട്രീയ പൈതൃകവുമായി ചീഫ് വിപ്പ് അപു ജോൺ ജോസഫ്



**ജോസ് കണിയാലി**

**കേ**രള രാഷ്ട്രീയത്തിലെ അതികായനും സമുന്നത നേതാവുമായ പി.ജെ. ജോസഫ് തന്റെ പാർലമെന്ററി രാഷ്ട്രീയ പ്രയാണത്തിന് വിരാമമിട്ടപ്പോൾ, പകരം ആ തട്ടകം മകനിലേക്ക് കൈമാറുകയായിരുന്നു. എന്നാൽ ഇതൊരു വെറും കുടുംബ വാഴ്ചയോ തലമുറമാറ്റമോ ആയിരുന്നില്ല; മറിച്ച് കൃത്യമായ വിദ്യാഭ്യാസ യോഗ്യതയും പ്രവാസ ലോകത്തെ പ്രവൃത്തിപരിചയവും അടിത്തട്ടിലെ പാർട്ടി പ്രവർത്തനവും കൊണ്ട് സ്വയം യോഗ്യത തെളിയിച്ച ഒരു യുവനേതാവിന്റെ കടന്നുവരവായിരുന്നു അത്. തൊടുപുഴയുടെ മണ്ണിൽ നിന്ന് കേരള കോൺഗ്രസിന്റെ അമരക്കാരനായി അപു ജോൺ ജോസഫ് എത്തിയപ്പോൾ അത് കേരള രാഷ്ട്രീയത്തിൽ പുതിയൊരു അധ്യായത്തിനാണ് തുടക്കമിട്ടത്.

1955-ൽ പുറത്തിറങ്ങിയ സത്യജിത് റേയുടെ വിശ്വപ്രസിദ്ധ ചിത്രം 'പഥേർ പാഞ്ചാലി'യിലെ നായക കഥാപാത്രത്തോടുള്ള ആദര സൂചകമായാണ് പി.ജെ. ജോസഫ് തന്റെ മകന് 'അപു' എന്ന് പേരിട്ടത്. റേയുടെ വിഖ്യാതമായ അപു ത്രയങ്ങളിലെ അവസാന ചിത്രമായ 'അപുർ സൻസാർ' (അപുവിന്റെ ലോകം) പോലെ, പി.ജെ. ജോസഫ് സജീവ രാഷ്ട്രീയത്തിൽ നിന്ന് വിരമിച്ചപ്പോൾ തന്റെ ഹൃദയത്തോട് ചേർത്തുവെച്ച തൊടുപുഴ മണ്ഡലം മകന്റെ ലോകമായി മാറുകയായിരുന്നു. താനൊരു 'നെപ്പോ കിഡ്' (അഥവാ രാഷ്ട്രീയ പാരമ്പര്യം കൊണ്ട് മാത്രം ഉയർന്നുവന്നയാൾ) അല്ലെന്ന് അപു അടിവരയിട്ടു പറഞ്ഞിരുന്നു. പാർട്ടിയുടെ സാധാരണ പ്രവർത്തകനായി, അടിത്തട്ടിലെ കഠിനാധ്വാനത്തിലൂടെയാണ് അദ്ദേഹം ചീഫ് വിപ്പ് പദവിയിലേക്കും നേതൃനിരയിലേക്കും ഉയർന്നുവന്നത്. രാഷ്ട്രീയ പാരമ്പര്യം ഒരു തുടക്കത്തിന് വഴിയൊരുക്കിയേക്കാമെങ്കിലും, ജനങ്ങൾക്കിടയിലെ പ്രവർത്തനമാണ് യഥാർത്ഥ നേതാവിനെ നിശ്ചയിക്കുന്നത് എന്ന് അപു വിശ്വസിച്ചിരുന്നു.



*ജോസ് കണിയാലി, അപു ജോൺ ജോസഫ്, സണ്ണി വള്ളിക്കളം*

മികച്ചൊരു വിദ്യാഭ്യാസ - പ്രൊഫഷണൽ പശ്ചാത്തലവുമായാണ് അപു രാഷ്ട്രീയ ഭൂമികയിലേക്ക് ചുവടുവെച്ചത്. തൊടുപുഴ ഡീ പോൾ സ്കൂൾ, എറണാകുളം സേക്രഡ് ഹാർട്ട് കോളേജ് എന്നിവിടങ്ങളിലെ പഠനത്തിന് ശേഷം കോയമ്പത്തൂർ കുമരഗുരു കോളേജിൽ നിന്ന് ബി.ടെക് ബിരുദം നേടിയിരുന്നു. ജർമ്മൻ ഭാഷാ പഠനവും പൂർത്തിയാക്കിയ അദ്ദേഹം തിരുവനന്തപുരം ടെക്നോപാർക്കിലെ ഐ.ബി.എസ് (IBS) കമ്പനിയിൽ ടീം ഹെഡ് ആയും, തുടർന്ന് സ്വിറ്റ്സർലൻഡിലെ സ്വിസ് എയറിൽ (Swissair) സീനിയർ സോഫ്റ്റ്‌വെയർ എഞ്ചിനീയറായും തിളങ്ങിയിരുന്നു. എന്നാൽ, വിദേശത്തെ സുഖസൗകര്യങ്ങൾ ഉപേക്ഷിച്ച് 2008-ൽ അദ്ദേഹം ജന്മനാട്ടിലേക്ക് മടങ്ങിയെത്തി. ഗാന്ധിജി സ്റ്റഡി സെന്റർ, ജോക്കുട്ടൻ ചാരിറ്റബിൾ ട്രസ്റ്റ് എന്നിവയിലൂടെ സാമൂഹിക - കാർഷിക മേഖലകളിൽ സജീവമായി. തൊടുപുഴയുടെ കാർഷികമേള വൻ വിജയമാക്കിക്കൊണ്ട് തന്റെ സംഘടനാപാടവം അദ്ദേഹം തെളിയിച്ചു. തുടർന്ന് പാർട്ടിയുടെ സ്റ്റിയറിംഗ് കമ്മിറ്റിയിലും ഹൈ പവർ കമ്മിറ്റിയിലും അംഗമായി. തന്റെ ഐ.ടി പശ്ചാത്തലം ഉപയോഗിച്ച് പാർട്ടിയെ ഡിജിറ്റലൈസ് ചെയ്യാനും അംഗത്വ വിതരണത്തിന് വെബ്സൈറ്റും കൃത്യമായ ഡാറ്റാബേസും ഒരുക്കാനും സംസ്ഥാന കോ-ഓർഡിനേറ്റർ കൂടിയായ അപുവിന് സാധിച്ചിരുന്നു.

പി.ജെ. ജോസഫ് വിദ്യാഭ്യാസ മന്ത്രിയായിരുന്നപ്പോൾ പ്ലസ്ടു, സ്വാശ്രയ സമ്പ്രദായങ്ങൾ കൊണ്ടുവന്നതുപോലെയുള്ള വിപ്ലവകരമായ മാറ്റങ്ങൾ ഇനിയും ഉണ്ടാകേണ്ടതുണ്ടെന്ന നിലപാടായിരുന്നു അദ്ദേഹത്തിന്. യുവാക്കൾ നാടുവിടുന്നത് ജനാധിപത്യ പാർട്ടികളെ ബാധിക്കുന്നുണ്ടെന്നും അവരെ ഇവിടെ നിലനിർത്താൻ മികച്ച ജീവിത സൗകര്യങ്ങളും തൊഴിലവസരങ്ങളും സർക്കാർ ഒരുക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടിരുന്നു.

കേരള കോൺഗ്രസിൽ തലമുറമാറ്റവും യുവാക്കളുടെ കടന്നുവരവും നേരത്തെ തുടങ്ങിയതാണെന്ന് അപു വ്യക്തമാക്കിയിരുന്നു. 2020-ൽ 25 ആയിരുന്ന പാർട്ടിയിലെ യുവ ജനപ്രതിനിധികളുടെ എണ്ണം 2025-ൽ 56 ആയി ഉയർന്നത് ഇതിന് തെളിവായി അദ്ദേഹം ചൂണ്ടിക്കാണിച്ചു. കഴിഞ്ഞ 2021-ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ ഇടുക്കി സീറ്റ് കോൺഗ്രസ് വാഗ്ദാനം ചെയ്തിട്ടും, പാർട്ടിയുടെ അധികാരകേന്ദ്രം തൊടുപുഴയിൽ തന്നെ നിലനിർത്താൻ പി.ജെ. ജോസഫ് അത് നിരസിക്കുകയായിരുന്നു.

അന്നത്തെ രാഷ്ട്രീയ സാഹചര്യത്തെ അപു വിലയിരുത്തിയത് ഇങ്ങനെയായിരുന്നു: ഒന്നാം പിണറായി സർക്കാരിന്റെ കാലത്തെ അഴിമതികൾക്കെതിരെ യു.ഡി.എഫ് ശക്തമായി സമരം ചെയ്തെങ്കിലും ഭരണത്തുടർച്ചയ്ക്കായി ജനങ്ങൾക്ക് കിറ്റും വാഗ്ദാനങ്ങളുടെ പെരുമഴയും നൽകി എൽ.ഡി.എഫ് ജനങ്ങളെ സ്വാധീനിക്കുകയായിരുന്നു. എന്നാൽ പിന്നീട് കറണ്ട് ചാർജ്, വെള്ളക്കരം, ഭൂനികുതി എന്നിവയിലെ ഭീമമായ വർദ്ധനവ് ജനങ്ങളെ പൊറുതിമുട്ടിച്ചപ്പോൾ യു.ഡി.എഫ് നടത്തിയ വീടുകയറിയുള്ള ജനസമ്പർക്ക പരിപാടികൾ വലിയ ജനപിന്തുണ നേടാൻ സഹായിച്ചു.

2026 തെരഞ്ഞെടുപ്പിൽ യു.ഡി.എഫ് വൻ വിജയം നേടുമെന്നും കോട്ടയം, പത്തനംതിട്ട, ഇടുക്കി, എറണാകുളം ജില്ലകളിൽ ജോസഫ് വിഭാഗം വലിയ മുന്നേറ്റം നടത്തുമെന്നും അപു ഉറച്ചു വിശ്വസിച്ചിരുന്നു. വാക്കുകളിലെ സൗമ്യതയും നിലപാടുകളിലെ വ്യക്തതയും ആരെയും വ്യക്തിപരമായി അധിക്ഷേപിക്കാത്ത രാഷ്ട്രീയ പക്വതയും അപു ജോൺ ജോസഫിനെ പാർട്ടി പ്രവർത്തകർക്കും ജനങ്ങൾക്കും പ്രിയങ്കരനാക്കി മാറ്റി. തൊടുപുഴയുടെ വികസന നായകനായ പി.ജെ. ജോസഫിന്റെ അർഹനായ പിൻഗാമിയായി അപു എത്തിയപ്പോൾ വലിയ പ്രതീക്ഷയോടെയാണ് മണ്ഡലവും കേരള രാഷ്ട്രീയവും ആ മാറ്റത്തെ വരവേറ്റത്.




2025 നവംബർ മാസത്തിൽ ചിക്കാഗോ പൗരാവലി അപു ജോൺ ജോസഫിന് സ്വീകരണം നൽകിയപ്പോൾ



വാരാന്ത്യം

# ആഭ്യന്തരത്തിൽ ഇനി ചെന്നിത്തല യുഗം

ലേഖനം



ജോസ് കണിയാലി

**കേ**രള രാഷ്ട്രീയ ചരിത്രത്തിൽ അഞ്ച് പതിറ്റാണ്ടു കാലമായി കോൺഗ്രസ് പ്രസ്ഥാനത്തിന്റെ നെടുംതൂണായി നിലകൊള്ളുന്ന നേതാവാണ് രമേശ് ചെന്നിത്തല. കെ.എസ്.യു കാലഘട്ടം മുതൽ സാധാരണക്കാരായ മനുഷ്യർക്കിടയിൽ ജീവിച്ച്, അവരുടെ പ്രശ്നങ്ങളിൽ സജീവമായി ഇടപെട്ടാണ് അദ്ദേഹം തന്റെ രാഷ്ട്രീയ വ്യക്തിത്വം രൂപപ്പെടുത്തിയത്. കെ.പി.സി.സി പ്രസിഡന്റ്, മികച്ച പാർലമെന്റേറിയൻ, ജനപ്രിയനായ ആഭ്യന്തര മന്ത്രി, സർക്കാരിന്റെ വീഴ്ചകൾ ജനങ്ങൾക്ക് മുന്നിൽ തുറന്നുകാട്ടിയ പ്രതിപക്ഷ നേതാവ് തുടങ്ങി നിരവധി സുപ്രധാന പദവികൾ അദ്ദേഹം തികഞ്ഞ മാതൃകയോടെ അലങ്കരിച്ചിട്ടുണ്ട്. കറപുരളാത്ത രാഷ്ട്രീയ ജീവിതവും കഠിനാധ്വാനവും കൈമുതലായുള്ള അദ്ദേഹത്തിന്റെ വ്യക്തിത്വം കേരളത്തിലെ ജനാധിപത്യ വിശ്വാസികൾക്ക് എക്കാലവും വലിയൊരു ആവേശമാണ്.

കേരളത്തിന്റെ മുൻ ആഭ്യന്തരമന്ത്രി എന്ന നിലയിൽ ക്രമസമാധാന പാലനത്തിലും ഭരണനിർവഹണത്തിലും സമാനതകളില്ലാത്ത കൈയൊപ്പ് ചാർത്താൻ രമേശ് ചെന്നിത്തലയ്ക്ക് സാധിച്ചിട്ടുണ്ട്. പോലീസിന്റെ ആധുനികവൽക്കരണത്തിലും ജനസൗഹൃദ പോലീസ് സംവിധാനം നടപ്പിലാക്കുന്നതിലും അദ്ദേഹം കാണിച്ച ദീർഘവീക്ഷണം ഏറെ പ്രശംസ പിടിച്ചുപറ്റിയിരുന്നു. ഭരണാധികാരി എന്ന നിലയിലുള്ള അദ്ദേഹത്തിന്റെ പക്വതയും, ഏത് പ്രതിസന്ധി ഘട്ടത്തിലും കൃത്യമായ തീരുമാനങ്ങൾ എടുക്കാനുള്ള പ്രാപ്തിയും ജനങ്ങൾക്കിടയിൽ അദ്ദേഹത്തിന് വലിയ സ്വീകാര്യതയാണ് നേടിക്കൊടുത്തത്. ദീർഘകാലത്തെ ഈ ഭരണ – സംഘടനാ അനുഭവപരിചയം വരുംകാലങ്ങളിലും പ്രസ്ഥാനത്തിനും നാടിനും വലിയ രീതിയിൽ തുണയാകുമെന്നതിൽ തർക്കമില്ല.

കേരളത്തിന് പുറത്തുള്ള ലക്ഷക്കണക്കിന് വരുന്ന മലയാളി സമൂഹവുമായി, പ്രത്യേകിച്ച് ലോകമെമ്പാടുമുള്ള പ്രവാസികളുമായി എന്നും ഊഷ്മളവും സവിശേഷവുമായ ഒരു ബന്ധം കാത്തുസൂക്ഷിക്കുന്ന നേതാവാണ് അദ്ദേഹം. മറുനാടൻ മലയാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും അവരുടെ ക്ഷേമത്തിനും വേണ്ടി നിരന്തരം ശബ്ദമുയർത്താൻ അദ്ദേഹം എപ്പോഴും മുന്നിലുണ്ടായിരുന്നു. പ്രവാസ ലോകത്തെ സംഘടനകളുമായും വ്യക്തികളുമായും അടുത്ത സൗഹൃദം പുലർത്തുന്ന അദ്ദേഹം, പ്രവാസികളുടെ പ്രയാസങ്ങളിലും വിമാനയാത്രാ നിരക്ക് വർദ്ധനവ് പോലുള്ള പ്രതിസന്ധികളിലും ശക്തമായ നിലപാടുകളുമായി ഒപ്പം നിന്നിട്ടുണ്ട്. ജന്മനാട്ടിലേക്ക് തിരികെ എത്തുന്ന പ്രവാസികളുടെ പുനരധിവാസ കാര്യങ്ങളിലും അദ്ദേഹം എന്നും അതീവ താല്പര്യം കാണിക്കുന്നു.



കേരളാ എക്സ്പ്രസ് ചീഫ് എഡിറ്റർ കെ.എം. ഈപ്പൻ, എക്സിക്യൂട്ടീവ് എഡിറ്റർ ജോസ് കണിയാലി എന്നിവർ രമേശ് ചെന്നിത്തലയോടൊപ്പം




2025 മെയ് മാസത്തിൽ ചിക്കാഗോയിലെ കേരളാ എക്സ്പ്രസ്സ് ഓഫീസ് സന്ദർശിച്ച രമേശ് ചെന്നിത്തലയെ ചീഫ് എഡിറ്റർ കെ.എം. ഈപ്പൻ ബൊക്കെ നൽകി സ്വീകരിക്കുന്നു. എക്സിക്യൂട്ടീവ് എഡിറ്റർ ജോസ് കണിയാലി, മാനേജിംഗ് എഡിറ്റർമാരായ ഡോ. ടൈറ്റസ് ഈപ്പൻ, അനീഷ് ഈപ്പൻ, എഡിറ്റർ കുര്യൻ ഫിലിപ്പ്, ഫെലിക്സ് മുണ്ടപ്ലാക്കിൽ എന്നിവർ സമീപം

വർത്തമാനകാല രാഷ്ട്രീയ സാഹചര്യങ്ങളിൽ അനുഭവസമ്പന്നരായ നേതാക്കളുടെ സാന്നിധ്യം എത്രത്തോളം അനിവാര്യമാണെന്ന് അദ്ദേഹത്തിന്റെ ഓരോ ഇടപെടലുകളും തെളിയിക്കുന്നു. ജനങ്ങളുടെ നാഡിമിടിപ്പ് അറിഞ്ഞ് പ്രവർത്തിക്കാനും പാർട്ടി പ്രവർത്തകർക്ക് കൃത്യമായ ദിശാബോധം നൽകാനും അദ്ദേഹത്തിന് സാധിക്കുന്നുണ്ട്. തന്റെ രാഷ്ട്രീയ ജീവിതത്തിൽ ഉയർച്ചതാഴ്ചകളെ പക്വതയോടെ നേരിട്ട അദ്ദേഹം, വരുംനാളുകളിൽ കൂടുതൽ ജനസേവന രംഗങ്ങളിലേക്ക് കടന്നുവരുമ്പോൾ ഈ അനുഭവസമ്പത്ത് തന്നെയാണ് അദ്ദേഹത്തിന്റെ ഏറ്റവും വലിയ കരുത്ത്. കേരളത്തിലെ സാധാരണക്കാരുടെയും പ്രവാസികളുടെയും പ്രശ്നങ്ങളിൽ ഇനിയും സജീവമായി ഇടപെടാൻ അദ്ദേഹത്തിന് സാധിക്കുമെന്ന് നാട് പ്രത്യാശിക്കുന്നു.

തുടർന്നുള്ള രാഷ്ട്രീയ പ്രയാണത്തിലും ജനകീയ ഇടപെടലുകളിലും കൂടുതൽ തിളങ്ങാൻ അദ്ദേഹത്തിന് സാധിക്കട്ടെ എന്ന് ഹൃദയപൂർവ്വം ആശംസിക്കുന്നു. ഉയർന്ന പദവികളിലേക്കും കൂടുതൽ വലിയ ഉത്തരവാദിത്തങ്ങളിലേക്കും കടന്നുവരാൻ അദ്ദേഹത്തിന്റെ നേതൃപാടവം വഴിയൊരുക്കട്ടെ. തനതായ പ്രവർത്തനശൈലി കൊണ്ടും ജനസമ്മതി കൊണ്ടും മുന്നേറുന്ന പ്രിയ നേതാവ് രമേശ് ചെന്നിത്തലയ്ക്ക് വരും നാളുകളിൽ ജനങ്ങൾക്കായി കൂടുതൽ മികച്ച കാര്യങ്ങൾ ചെയ്യാൻ സാധിക്കട്ടെ എന്ന് ആശംസിച്ചുകൊണ്ട് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

# മോഹിനിയാട്ടത്തിൽ ഗിന്നസ് ബുക്കിലേക്ക്; ചരിത്രം നമുക്കായി വഴിമാറട്ടെ!

ശ്രീകുമാർ ഉണ്ണിത്താൻ

ന്യൂയോർക്ക്: അമേരിക്കൻ മലയാളികളുടെ ഇടയിലും ഒരു ഗിന്നസ് വേൾഡ് റെക്കോർഡ് എന്നത് നമ്മുടെ സ്വപ്നമാണ്. അതും നമ്മുടെ തനത് കലയായ മോഹിനിയാട്ടത്തിൽ തന്നെയായാലോ..? അതെ, ആ സ്വപ്ന സാക്ഷാത്കാരത്തിന് മോഹിനിയാട്ടത്തിൽ വേൾഡ് ഗിന്നസ് ചരിത്രത്തിന്റെ ഭാഗമാകാൻ ഫൊക്കാന ഒരുക്കുന്ന അപൂർവ്വ അവസരം ഫൊക്കാന കൺവൻഷനിൽ. ഏറെ നാളത്തെ പ്രവാസി മലയാളികളുടെ മോഹസാക്ഷാത്കാരം കൈയെത്തും ദൂരത്തിൽ...

കേരളത്തിന്റെ തനത് ലാസ്യനൃത്ത കലാരൂപമാണ് മോഹിനിയാട്ടം. ആ നാട്യശാസ്ത്രത്തിൽ അമേരിക്കയിൽ ഒരു ഗിന്നസ് വേൾഡ് റെക്കോർഡ് നേടുവാൻ ഫൊക്കാന ഇന്ത്യൻ അമേരിക്കൻ ഡാൻസേഴ്സിന് അവസരമൊരുക്കുന്നു. നോർത്ത് അമേരിക്കയിൽ മോഹിനിയാട്ടം കളിക്കുകയും പഠിക്കുകയും ചെയ്യുന്ന ഡാൻസേഴ്സിനു കിട്ടുന്ന അസുലഭ സന്ദർഭമാണ് ഫൊക്കാന ഒരുക്കുന്നത്. ഒരു ഗിന്നസ് റെക്കോർഡിന്റെ ഭാഗമാകുക എന്നത് ചെറിയൊരു കാര്യമല്ല. ജീവിതത്തിൽ അത് നേടുവാനും അതിന്റെ ഭാഗമാകുവാനും ചുരുക്കം ചിലർക്ക് മാത്രമേ ഭാഗ്യം കിട്ടൂ. അങ്ങനെ ഒരു റെക്കോർഡിന്റെ ഭാഗമാകാനാണ് ഫൊക്കാന നിങ്ങളെ സദയം ക്ഷണിക്കുന്നത്. ഓരോ ചെറിയ പരിശ്രമവും വിജയത്തിലേക്ക് നയിക്കുമ്പോൾ അത് നമ്മുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നു. അതിനായി നടത്തുന്ന യാത്രയും അനുഭവങ്ങളും ജീവിതത്തിൽ വലിയ മാറ്റങ്ങൾ ഉണ്ടാക്കും. നിങ്ങൾ ചെയ്യാൻ ഉദ്ദേശിക്കുന്ന കാര്യങ്ങളിൽ പൂർണ്ണ മനസ്സോടെയും ആത്മവിശ്വാസത്തോടെയും പരിശ്രമിച്ചാൽ വിജയം നമ്മുടെ കൂടെത്തന്നെ ആയിരിക്കും.

ലോകമെമ്പാടുമുള്ള മനുഷ്യനേട്ടങ്ങളുടെയും പ്രകൃതിയിലെ അത്ഭുതങ്ങളുടെയും ആധികാരിക ശേഖരമാണ് ഗിന്നസ് വേൾഡ് റെക്കോർഡുകൾ. അങ്ങനെയൊരു റെക്കോർഡ് മോഹിനിയാട്ടത്തിൽ ഈ കൺവൻഷനിലൂടെ നേടുന്നതിനാണ് ഫൊക്കാന സുവർണ്ണാവസരമൊരുക്കുന്നത്. ഗിന്നസ് വേൾഡ് റെക്കോർഡിൽ പങ്കാളികളാകുക എന്നത് വലിയൊരു ബഹുമതിയും പ്രിവിലേജുമാണ്. അസാദ്ധ്യവും അപൂർവ്വവും അതുല്യവുമായ കാര്യങ്ങൾക്കാണ് ഗിന്നസ് റെക്കോർഡ് ലഭിക്കുക. ഈ ബഹുമതി നേടുവാൻ വേണ്ടിയാണ് ഫൊക്കാന നിങ്ങളെ ക്ഷണിക്കുന്നത്.

ഓഗസ്റ്റ് 8-ന് വൈകുന്നേരം 3 മണിക്ക് നടക്കുന്ന ഈ ഗിന്നസ് റെക്കോർഡ് ശ്രമത്തിൽ പങ്കെടുക്കുന്നവർക്ക് ഔദ്യോഗിക സർട്ടിഫിക്കറ്റും 60 മണിക്കൂർ വെരിഫൈഡ് വോളന്റിയർ അവേഴ്സും ലഭിക്കുന്നതാണ്. കൂടാതെ മികച്ച മൂന്ന് ഡാൻസ് സ്കൂളുകൾക്ക് വിവിഐപി പുരസ്കാരങ്ങളും നല്കും. (based on their Participation level) പങ്കെടുക്കുന്ന മോഹിനിയാട്ടം ഡാൻസേഴ്സിന് ഓഗസ്റ്റ് 8-ന് ഡേ രജിസ്ട്രേഷൻ ഫ്രീ ആണ് (Worth $ 400.00). അതുപോലെ തന്നെ മോഹിനിയാട്ടം കോസ്റ്റ്യൂമും ഫ്രീയായി നല്കുന്നതുമാണ്. ഇന്ത്യയുടെ ഉപരാഷ്ട്രപതി, കേരള ഗവർണർ, കേരള മുഖ്യമന്ത്രി, ന്യൂജേഴ്സി ഗവർണർ, പത്മവിഭൂഷൺ അടൂർ ഗോപാലകൃഷ്ണൻ, പത്മശ്രീ എം.എ. യൂസഫലി, പത്മശ്രീ മട്ടന്നൂർ ശങ്കരൻകുട്ടി, പ്രമുഖ സിനിമാ താരങ്ങളായ നവ്യ നായർ, അന്നാ ബെൻ, പ്രഫ. ഗോപിനാഥ് മുതുകാട് തുടങ്ങിയ പ്രമുഖർ സാക്ഷ്യം വഹിക്കുന്ന ചരിത്രപരമായ ഈ മുന്നേറ്റത്തിൽ പ്രമുഖ ഡാൻസ് ടീച്ചറായ ഗുരു ബീനാ മേനോനും ടീമിനുമൊപ്പം അണിചേരാനും ഇപ്പോൾ തന്നെ രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസട്രേഷൻ ഫ്രീയാണ്.

അമേരിക്കയിലെ പ്രധാന ഡാൻസ് ടീച്ചേഴ്സും ഗുരുക്കന്മാരുമായ ബിന്ധ്യ ശബരി, നിമ്മി ദാസ്, ദേവിക നായർ, ലിസ ജോസഫ്, ലതിക നായർ, അശ്വതി അരുൺ, ബേസിൽ കാളഹർട്സ്, ബേബി തടവനാൽ, ആശ അഗസ്റ്റിൻ, മാലിനി നായർ, നീന ഫിലിപ്പ്, സൗമ്യാ, ചന്ദ്രിക കുറുപ്പ്, ലക്ഷ്മി കുറുപ്പ്, അഞ്ജന പ്രദീപ്, പ്രിയ ലൂയിസ്, ജോജി കൊട്ടാരക്കര, സുഷമ പ്രവീൺ, മേരിയാൻ മൈക്കിൾ, സുജിത് തോന്നാറിൽ, റുബീന സുദർശൻ, അപരുമ ചാറ്റർജി തുടങ്ങി നിരവധി ഡാൻസ് സ്കൂളുകളും ടീച്ചേഴ്സും ഇതിന്റെ ഭാഗമായി മുന്നോട്ടു പോകുമ്പോൾ നിങ്ങൾ ഓരോരുത്തരെയും ഇതിന്റെ ഭാഗമാകാൻ ക്ഷണിക്കുകയാണ്. മോഹിനിയാട്ടത്തിൽ ഗിന്നസ് ബുക്കിലേക്ക് രജിസ്റ്റർ ചെയ്യുവാൻ മെയ് 31-നു മുമ്പായി താഴെക്കാണുന്ന ലിങ്ക് ഉപയോഗിക്കാവുന്നതാണ്. https://fokana.ticketspice.com/guinness-world-mohiniyattam

ഫൊക്കാന ഇന്റർനാഷണൽ കൺവൻഷൻ ഓഗസ്റ്റ് 6 മുതൽ 9 വരെ പെൻസിൽവേനിയയിലെ മനോഹരമായ പോക്കനോസ് മൗണ്ടൻസിലെ കൽഹാരി റിസോർട്ടിൽ നടക്കുമ്പോൾ അത് ഫൊക്കാനയുടെയും മറ്റ് പ്രവാസി സംഘടനകളുടെയും ചരിത്രത്തിൽ ഇന്നുവരെ കണ്ടിട്ടില്ലാത്ത ഒരു കൺവൻഷന് സാക്ഷിയാകുന്ന ചരിത്രനിമിഷങ്ങളിലേക്ക് നിങ്ങളെയും ക്ഷണിക്കുകയാണ്.

ഈ സമൂഹത്തിലെ ഓരോ ജീവിതത്തിനും ഒരു സ്ഥാനം ഉണ്ട്. ഒരു കലാകാരിയുടെ പ്രകടനം മാത്രമല്ല മോഹിനിയാട്ടം. അത് ദൈവത്തിന്റെ കൈയൊപ്പ് പതിഞ്ഞ കലയാണ്. ലക്ഷ്യം ശരിയെങ്കിൽ അതിലേക്കുള്ള വഴിയും ധർമ്മമാകും. അങ്ങനെ ഗിന്നസ് ബുക്കിലേക്ക് നമുക്ക് നടന്നുകയറാം. ചരിത്രം നമുക്കുവേണ്ടി വഴിമാറട്ടെ... ഇതിൽ പങ്കെടുത്ത് ഈ സംരംഭം വമ്പിച്ച വിജയമാക്കാൻ നിങ്ങൾ ഓരോരുത്തരെയും ഇതിലേക്ക് സ്വാഗതം ചെയ്യുന്നതായി പ്രസിഡണ്ട് സജിമോൻ ആന്റണി അറിയിച്ചു.




# ഹാജർനിലയിൽ ഉന്നതനിലവാരം പുലർത്തിയ കുട്ടികളെ അനുമോദിച്ചു

ചിക്കാഗോ: മോർട്ടൺഗ്രോവ് സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ദേവാലയത്തിലെ മതബോധന സ്കൂളിലെ ഈ അദ്ധ്യയന വർഷത്തെ ക്ലാസുകൾ സമാപിച്ചു. സമാപന ദിനത്തിൽ ഹാജർനിലയിൽ ഉന്നതനിലവാരം പുലർത്തിയ കുട്ടികളെ അനുമോദിക്കുകയും സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു. മെയ് 17-ന് പത്തു മണിക്കുള്ള വിശുദ്ധ കുർബാനയ്ക്കുശേഷം നടന്ന ചടങ്ങിൽ വികാരി ഫാ. സിജു മുടക്കോടിൽ, അസി. വികാരി ഫാ. അനീഷ് മാവേലിപുത്തൻപുരയിൽ എന്നിവർ കുട്ടികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. സൺഡേസ്കൂൾ പ്രിൻസിപ്പൽ സജി പൂത്തൃക്കയിൽ സമ്മാനാർഹരായ കുട്ടികളെ പരിചയപ്പെടുത്തി.

450-ൽപ്പരം കുട്ടികൾ പഠിക്കുന്ന ഈ മതബോധന സ്കൂളിലെ ഏകദേശം 150-ൽപരം കുട്ടികൾ ഹാജർനിലയിൽ ഉന്നതനിലവാരം പുലർത്തി സമ്മാനത്തിന് അർഹരായി എന്നത് കുട്ടികളും അവരുടെ മാതാപിതാക്കളും മതബോധന വിദ്യാഭ്യാസത്തിന് നല്കുന്ന പ്രാധാന്യത്തിന്റെ ഉദാഹരണമാണെന്നും ഈ നേട്ടത്തിന് അവരെ സഹായിച്ച മാതാപിതാക്കൾക്ക് പ്രത്യേകം അഭിനന്ദനം അറിയിക്കുന്നു എന്നും ഫാ. സിജു മുടക്കോടിൽ പ്രസ്താവിച്ചു.







തുടർന്ന് സൺഡേസ്കൂൾ കുട്ടികൾക്കായി ഔട്ട്ഡോർ പിക്നിക്കും ടീച്ചേഴ്സിനായി അപ്രീസിയേഷൻ ലഞ്ചും നടത്തി. പരിപാടികൾക്ക് സൺഡേസ്കൂൾ പ്രിൻസിപ്പൽ സജി പൂത്തൃക്കയിൽ, അസി. പ്രിൻസിപ്പൽ മനീഷ് കൈമൂലയിൽ എന്നിവരോടൊപ്പം മറ്റ് മതാദ്ധ്യാപകരും ഇടവകയുടെ കൈക്കാരന്മാരായ സേവ്യർ നടുപ്പറമ്പിൽ, സണ്ണി കണ്ണാല, ജോബി പോളക്കൽ, മജോ കുന്നശ്ശേരി, ഫെലിക്സ് പാലകൻ എന്നിവരും നേതൃത്വം നല്കി.



# THANNIKKARY VACATION HOME

**S.H.MOUNT P.O., KOTTAYAM 686006, KERALA**

**FEATURES:**
Free Wi-Fi, Plenty of parking, Beautician near by, Mosquito proof house, Currency exchange near by, Cook available to cook with your choice, Kottayam Railway Station & Town near by, Excellent ayurvedic massage place near by,
All Bedrooms are AC with attached bathrooms



For booking:
ABRAHAM THANNIKARI
USA - 346-632-6716
India - +91 815 692-0366 and +91 965 616-8399
athannikari@hotmail.com



# GREEN NESTLE
## VACATION HERITAGE HOME

Kannachahamparambil, Kuruppanthara,
Manjoor P.O., Pin: 686603, Kottayam (Dist), Kerala State, India

- For Vacation and Holiday rentals.
- Licensed Home stay, Safe and Secured.
- 3 A/C rooms, Unique Packages for 2-8 people very economical.
- Individual Room rental for families.
- Fruits and vegetable Garden.
- Feels like farm house with Pets, Animals, Fish and birds.
- Free wifi - with High Speed internet CCTV Camera, OTT Platform Available, Police Surveillance.
- Gold classification of HOME STAY by Tourism Department of Kerala, Rated as one among the best HOME STAY by Tourism Department of Kerala.
- Cook available, Serving Ethnic Foods produced Organically from the integrated Farm Surrounding the Home Stay.
- Full fledged kitchen with all facilities to cook yourself, Grill and Barbecue Facilities.
- Adhering Food Safety Regulations.
- Caretaker to help you in as your needs, Travel Desk and Tour Package Facilities



CONTACT
+91 8590571037
+91 9947598241
US WhatsApp No. +1 6308197745
UK WhatsApp No. +44 7747748046
www. greennestlehomes.com
greennestle01@gmail.com



B&M
AUTO COLLISION CTR

Fast & Efficient
Quality Repair
We work with all Insurance Companies





Call Anish Eapen
773-263-9863

4440 West Addison, Chicago, IL 60641
773.685.3200 | 773.685.7388 | www.bmautocollision.com

# THE MALAYALEE AMERICAN AGENDA FOR KERALA'S NEW CHIEF MINISTER

Abin Kuriakose, Chicago
(abin412@gmail.com)

Kerala has long been a global state. For generations, Malayalees have crossed oceans in search of opportunity — first to the Gulf, then to Europe, North America, Australia, and beyond. Today, the Malayalee diaspora is one of Kerala's greatest strategic assets. Yet despite the success of Malayalees abroad,



Kerala's engagement with its global community remains largely cultural and emotional, rather than institutional and economic.

With Kerala's new Chief Minister as a UDF government, the time has come for a more ambitious vision: positioning Kerala not merely as a consumer of remittances, but as a globally connected economic powerhouse for South India. The question is no longer whether the diaspora can help Kerala. The question is whether Kerala is prepared to build the structures necessary to harness this extraordinary network.

Here are my five recommendations for The Honorable Shri V. D. Satheesanto to create a truly global Kerala strategy with North America as its best partners:

**1. Build Higher Education Partnerships Between Kerala and the United States**

Kerala's biggest long-term challenge is competitiveness, not literacy. Our students are talented, but many higher education institutions are disconnected from the global innovation economy. Kerala should establish partnerships with leading American universities for joint research, faculty exchanges, and dual degrees. While Kerala excels in healthcare, nursing, life sciences, IT, and sustainability, the aim isn't just sending students abroad, but integrating global standards and innovation into Kerala.

**2. Make North America the Official Landing Pad for Kerala Companies Expanding Globally**

Kerala has produced many



entrepreneurs in fields like technology, healthcare, food processing, tourism, and manufacturing, with more companies aiming to go global. The government should launch a 'Kerala Global Expansion Initiative" focused on North America to help firms access markets, navigate regulations, connect with investors, find partners, and test operations abroad. North America should be seen as a strategic business platform, not just a remittance hub, with the Malayalee diaspora providing mentorship, market access, and networks.

**3. Establish an Annual Chief Minister-Led Delegation to the United States**

Kerala's global engagement must become systematic and leadership-driven, led by the Chief Minister through an annual North American economic and innovation delegation, including



visits to Malayalee hubs such as Chicago. This delegation should involve business, academia, startups, tourism, healthcare, and cultural leaders, aiming for measurable outcomes like investments, university partnerships, startup collaborations, tourism, and economic deals. Many successful regions cultivate ongoing overseas networks; Kerala should too. An annual mission would also signal to second-generation Malayalees that Kerala views them as future stakeholders, not just visitors.

**4. Create New Economic Development MOUs Between Kerala and U.S. Cities and States**

Subnational diplomacy is becoming increasingly important in the modern economy. American states and cities are often more agile and business-focused than national governments when it comes to economic collaboration. Kerala should pursue formal economic development agreements with strategically important U.S. states and cities. These agreements could focus on: technology exchange, healthcare cooperation, clean energy, smart city initiatives, and workforce training. Kerala has always been outward-looking culturally. It must now become outward-looking economically.

**5. Establish a Permanent Government of Kerala Economic Development Mission in the United States**

Kerala needs a permanent North American office focused on economic development and partnerships, possibly in Chicago. This new Kerala Economic Development Office for North America would facilitate business, promote investment, organize trade missions, and build educa-



Abin Kuriakose

tional and institutional ties. It would signal Kerala's commitment to compete globally, as its future depends on connecting its people and businesses to the world.

**The Chief Minister's best global partners: here in the United States**

The bridge between Kerala and North America has already been built by generations of Malayalees who carried their values, work ethic, and dreams across continents. Now, with a new Chief Minister and renewed purpose, we have an opportunity to strengthen that bridge. A truly global Kerala is within our reach. But achieving it will require more than ambition alone — it will require the courage to embrace new ideas, the discipline to build lasting partnerships, and the confidence to see Kerala not as a small state on the southern coast of India, but as a global center of talent, innovation, and opportunity.

***About Abin Kuriakose***

*Abin Kuriakose (abin412@gmail.com) is an award-winning economic development and public policy executive with a track record of driving innovation and impact across the public and nonprofit sectors. He currently serves as Chief Strategy and Innovation Officer at World Business Chicago, the official economic development organization for one of the largest cities in the United States. He's an Emerging Leader of the Chicago Council on Global Affairs (class of 2022) and a Civic Leadership Academy Fellow at the University of Chicago's Harris School of Public Policy (class of 2018). In 2026, he was recognized as one of Chicago's Top 100 CEOs and C-Suite Executives by the national Titan 100 organization and received the Outstanding Service in Leadership Award from the Illinois State Treasurer.*

# ചാണ്ടിയേ... ചാണ്ടിയേ...

**രാജു മൈലപ്ര**



ലേഖകൻ

അങ്ങനെ ഒരു നീണ്ട കാത്തിരിപ്പിനു ശേഷം ബഹുമാനപ്പെട്ട വി.ഡി. സതീശൻ കേരള മുഖ്യമന്ത്രിയായി ചുമതലയേറ്റു. മുഖ്യമന്ത്രി തെരഞ്ഞെടുപ്പിനു മുൻപുണ്ടായ ചില ചരടുവലികളും കസേരയ്ക്കു വേണ്ടിയുള്ള പിടിവലിയും നമ്മൾക്ക് തൽക്കാലം മറക്കാം.

സത്യപ്രതിജ്ഞാ ചടങ്ങ് ഒരുവിധം ഭംഗിയായി നടത്തുന്നതിൽ സംഘാടകർ വിജയിച്ചു. അനുമോദനങ്ങൾ! ഇതിനു പിന്നിൽ ചുക്കാൻ പിടിച്ച ഒരു വ്യക്തിയുണ്ട്. ഞാനൊരു ദോഷൈകദൃക്കോ, സൗന്ദര്യ ആരാധകനോ ആയതുകൊണ്ടാവും സ്റ്റേജിൽ അണിനിരന്ന ഗവർണ്ണറേക്കാളോ മുഖ്യമന്ത്രിയേക്കാളോ പ്രിയങ്കാഗാന്ധിയേക്കാളോ എന്റെ ശ്രദ്ധ ആകർഷിച്ചത് ഗവർണ്ണറുടെ സെക്രട്ടറിയായ ശ്രീമതി കെ. വാസുകിയാണ്. ഡോക്ടർ ഡിഗ്രി എടുത്തശേഷം ഐഎഎസ് പദവിയിലെത്തിയവരാണിവർ. എത്ര ഒതുക്കത്തോടും ഭംഗിയോടും ഉത്തരവാദിത്വത്തോടു കൂടിയുമാണ് അവർ അവരുടെ ഡ്യൂട്ടി നിർവഹിച്ചത്. മാഡത്തിന് ഒരു ബിഗ് സല്യൂട്ട്!

(ഇതിനു പകരം നമ്മുടെ പ്രിയങ്കരിയായി ഡോ. ദിവ്യ അയ്യരാണ് ആ കടമ നിർവഹിച്ചിരുന്നെങ്കിലെ അവസ്ഥ വെറുതേ ഒന്നാലോചിച്ചു നോക്കൂ.)

മന്ത്രിമാരെല്ലാം തന്നെ നല്ല വിദ്യാഭ്യാസമുള്ളവരാണ്. വിദ്യാഭ്യാസമുള്ളതുകൊണ്ടു മാത്രം വിവരവും വിവേകവുമുണ്ടാകണമെന്നില്ല.

സ്ഥാനാർത്ഥികളെ ജയിപ്പിച്ചതിന്റെ അവകാശവാദവുമായി സമുദായ നേതാക്കന്മാർ രംഗത്തിറങ്ങിയിട്ടുണ്ട്. 'സമുദായ നേതാക്കന്മാരുടെ തിണ്ണ നിരങ്ങില്ല' എന്നു പറഞ്ഞ സതീശൻജി ആ നിലപാടിൽ തുടക്കത്തിലെ ഒരു അയവ് വരുത്തിയിട്ടുണ്ടെന്നു തോന്നുന്നു. സമുദായ പ്രമാണികളെ അവരർഹിക്കുന്ന 'ബഹുമാനത്തോടെ' അകറ്റിനിർത്തുക.

മറ്റുള്ളവരുടെ പതനത്തിൽ സന്തോഷിക്കുന്നത് പാപമാണെന്നറിയാമെങ്കിലും ചിലരുടെ തോൽവി ഞാൻ ആഗ്രഹിച്ചിരുന്നു. കഴിഞ്ഞ മന്ത്രിസഭയിലെ ഒരു വനിതാമന്ത്രി പോലും ജയിക്കരുതെന്നായിരുന്നു എന്റെ മനസ്സിലിരിപ്പ്. അഹങ്കാരത്തിന് കൈയും കാലും വെച്ചവരായിരുന്നു എല്ലാം. പ്രത്യേകിച്ച് നമ്മുടെ ആരോഗ്യമന്ത്രി. പാർട്ടിയെ പരാജയത്തിന്റെ പടുകുഴിയിലേക്കു തള്ളിവിടുന്നതിൽ അവരുടെ 'പിടലി നാടകത്തിന്' വലിയൊരു റോളുണ്ട്. നല്ല നടിക്കുള്ള ഒരു 'സ്പെഷൽ ജൂറി അവാർഡ്' അവർക്ക് നല്കുവാൻ പുതിയ സാംസ്കാരിക മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

പത്രക്കാർ എന്തു ചോദിച്ചാലും പരിഹാസത്തോടെയും പുച്ഛത്തോടെയും ഒരു വളിച്ച ഇളിച്ച ചിരിയോടെ മറുപടി പറയുന്ന മാഷിന്റെ ഭാര്യ ശ്യാമളച്ചേച്ചിയെ തോൽപ്പിച്ചത് ആന്തൂർ



സാജന്റെ ആത്മാവിന്റെ ശാപമാണ്. നവീൻ ബാബുവിന്റെ കുടുംബത്തിന്റെ ശാപവും പലരുടെയും പിന്നാലെ കൂടിയിട്ടുണ്ട്. പി.പി. ദിവ്യ ഒന്നും പുണ്യവതി ചമഞ്ഞു നടക്കാതിരിക്കുന്നതാണ് നല്ലത്.

ശ്രീ മാത്യു കുഴൽനാടൻ ഒരു മന്ത്രിയാകണമെന്ന് ആഗ്രഹിച്ചവർ അനേകരുണ്ട്. എന്നാൽ, അനവസരത്തിൽ ഒരു കാര്യവുമില്ലാതെ അദ്ദേഹം മുസ്ലിം ലീഗിനെ ചൊറിയാൻ പോയതാണ് വിനയായത്. മുസ്ലിം സമുദായത്തിൽപ്പെട്ടവർ നാടു ഭരിച്ചാൽ നാടു മുടിയുമെന്നാണ് വെള്ളാപ്പള്ളിയും പി.സി. ജോർജും പാടിനടക്കുന്നത്. ഒരു സംശയം. പിന്നെയെന്തിനാണ് മുസ്ലിം രാജ്യങ്ങളായ ദുബായിലേക്കും കുവൈറ്റിലേക്കും മറ്റും ക്രിസ്ത്യാനിയും ഈഴവനുമെല്ലാം ജോലി തേടി പ്പോകുന്നത്?

**അവൻ ചാണ്ടിയുടെ മകൻ:** ഉമ്മൻ ചാണ്ടിയുടെ മകൻ ചാണ്ടി ഉമ്മൻ ഒരു മന്ത്രിയാകണമെന്ന് പലരും ആഗ്രഹിച്ചു. അനുകരണീയമായ ഒരു തെരഞ്ഞെടുപ്പ് പ്രചാരണ രീതിയാണ് അദ്ദേഹം കാഴ്ചവെച്ചത്. ഫ്ളെക്സില്ല, ബാനറില്ല, കൊട്ടിക്കലാശമില്ല. എന്നിട്ടും അൻപതിനായിരം വോട്ടിന്റെ ഭൂരിപക്ഷം.

ഉമ്മൻ ചാണ്ടിയെ ഏഴയലത്ത് അടുപ്പിക്കാതിരുന്ന സഭക്കാർ, ഇപ്പോൾ ചാണ്ടി ഉമ്മനുവേണ്ടി മുതലക്കണ്ണീരുമായി രംഗത്തിറങ്ങിയിട്ടുണ്ട്. കഷ്ടം!

ചാണ്ടി ഉമ്മൻ ഒരു മന്ത്രിയാകുമെന്നു ഞാനും പ്രതീക്ഷിച്ചിരുന്നു. ഇതിലും വലിയൊരു പദവി അദ്ദേഹത്തിന് കാലം കരുതിവെച്ചിട്ടുണ്ട്. മന്ത്രിസ്ഥാനം കിട്ടിയില്ലെങ്കിലും ജനമനസ്സിൽ നല്ലൊരു സ്ഥാനം കിട്ടിയിട്ടുണ്ട്. ജനഹൃദയങ്ങളിൽ ഇടം ഇല്ലെങ്കിൽ മന്ത്രിസ്ഥാനം വെറുമൊരു അലങ്കാരം മാത്രം. ഇരുപത്തിയഞ്ചു വർഷം കാത്തിരുന്നതിനു ശേഷമല്ലേ വി.ഡി. സതീശൻ മുഖ്യമന്ത്രിയായത്. ചാണ്ടി ഉമ്മനും ഒരു സമയം വരും. കാത്തിരിക്കാം.

ഏതായാലും വി.ഡി. സതീശൻ ഒന്നു കരുതിയിരിക്കുന്നതു നല്ലതാണ്. ശക്തമായ ഒരു പ്രതിപക്ഷമാണ് അദ്ദേഹത്തെ കാത്തിരിക്കുന്നത്. സഖാവ് പിണറായി വിജയൻ തെരഞ്ഞെടുക്കപ്പെട്ട പ്രതിപക്ഷ നേതാവ്! വേണുഗോപാലും രമേശ് ചെന്നിത്തലയും അപ്രഖ്യാപിത പ്രതിപക്ഷ നേതാക്കൾ!

**അവൾ വീണ്ടും വരുന്നു:** നടിയെന്നു സ്വയം പ്രഖ്യാപിച്ച്, ഒരു ഉളുപ്പുമില്ലാതെ, സതീശനെ തന്റെ തന്തയുടെ സ്ഥാനത്താണ് പ്രതിഷ്ഠിച്ചിരിക്കുന്നത് എന്ന പ്രഖ്യാപനവുമായി ആ 'ഇളിച്ചിവായ്' അല്പവസ്ത്രധാരിണിയായി വീണ്ടും പ്രദർശനം ആരംഭിച്ചിട്ടുണ്ട്. ഇതുപോലെയുള്ള അലവലാതികളെ എന്തിന്റെ പേരിലായാലും ക്ലിഫ് ഹൗസിന്റെ ഏഴ് അയലത്ത് അടുപ്പിക്കരുത്. നിരപരാധിയായ ഉമ്മൻ ചാണ്ടി സാർ, സരിതാ തരംഗത്തിൽ തകർന്നുപോയ അനുഭവം ഒരു പാഠമായിരിക്കട്ടെ!

**ഒരു അപേക്ഷ:** ലോക കേരളസഭ നിർത്തരുത്. ഇവിടെ നിന്നുമുള്ള കുറേ പുംഗവന്മാർ എല്ലാ വർഷവും പത്രത്തിൽ പടവും വാർത്തയും കൊടുത്ത് സർക്കാർ ചെലവിൽ കേരളത്തിൽ വന്ന് ഒന്നു കറങ്ങിയിട്ടു പോരുന്ന ഒരു പതിവുണ്ടായിരുന്നു. അവരുടെ കാരുണ്യംകൊണ്ടാണ് ഞങ്ങൾ അമേരിക്കൻ മലയാളികൾ ഒന്നു പിടിച്ചുനിൽക്കുന്നത്.

ഫൊക്കാന, ഫോമാ കൺവൻഷനുകൾ ഉടൻ നടക്കുന്നുണ്ട്. ദയവായി അവരുടെ ക്ഷണം സ്വീകരിച്ച് ഉടനെയെങ്ങും അമേരിക്കയിലേക്ക് എഴുന്നള്ളരുത്. പെട്ടി പിടുത്തക്കാരുടെ ബഹളമായിരിക്കും എയർപോർട്ടിൽ. പാവം പിണറായിയുടെ പെട്ടി ചുമ്മുവാൻ ഇനി ആരും എയർപോർട്ടിലേക്ക് ഓടില്ല.

ബഹുമാനപ്പെട്ട വി.ഡി. സതീശൻ മുഖ്യമന്ത്രിയായി ഒരു നല്ല ഭരണം കാഴ്ചവെക്കുവാൻ ഭാവുകങ്ങൾ നേരുന്നു.

## ബിസിഎം കോളജ് മുൻ പ്രിൻസിപ്പൽ സിസ്റ്റർ അൽഫോൻസ അന്തരിച്ചു



കോട്ടയം: വിസിറ്റേഷൻ സന്യാസിനി സമൂഹാംഗമായ സിസ്റ്റർ അൽഫോൻസ എസ്‌വിഎം (87) അന്തരിച്ചു. ചേർപ്പുങ്കൽ ഇടവക പതിപ്ലാക്കിൽ പരേതരായ മാത്യു ഉലഹന്നാൻ -അന്നമ്മ ദമ്പതികളുടെ മകളാണ്. ലീലാമ്മ, ക്ലാരമ്മ, വത്സമ്മ, സെലിൻ, പരേതരായ മാത്തുക്കുട്ടി, ജോൺ, മേരി, സിസ്റ്റർ ഔറേലിയ എസ്‌വിഎം എന്നിവർ സഹോദരങ്ങളാണ്.

ബിസിഎം കോളജ് പ്രിൻസിപ്പൽ, കോൺഗ്രിഗേഷന്റെ ജനറൽ പ്രൊക്കുറേറ്റർ എന്നീ നിലകളിൽ ശ്രദ്ധേയമായ സേവനം ചെയ്ത സിസ്റ്റർ ബിസിഎം ഹോസ്റ്റൽ, കോട്ടയം സെന്റ് ആൻസ്, പീരുമേട്, വിസിറ്റേഷൻ ജനറലേറ്റ്, ബൈസൺവാലി, ഗാന്ധിനഗർ ഹോസ്റ്റൽ, മ്രാല, കുമരകം എന്നിവിടങ്ങളിലും ശുശ്രൂഷ ചെയ്തിട്ടുണ്ട്.



KERALA EXPRESS

പ്രവാസി താളുകൾ

# ഫൊക്കാന ടീം ഇന്റഗ്രിറ്റി അംഗങ്ങൾക്ക് വാഷിങ്ടണിൽ സ്വീകരണം

വാഷിങ്ടൺ ഡിസി: ഫൊക്കാനയ്ക്ക് പുതിയ കാഴ്ചപ്പാടും മലയാളി സമൂഹത്തിൽ മാറ്റങ്ങൾക്ക് കാരണമാകുന്ന മികച്ച പ്രവർത്തനങ്ങളും കൂടുതൽ ചാരിറ്റി സേവനങ്ങളും ലക്ഷ്യമിട്ട് രംഗത്തുള്ള ടീം ഇന്റഗ്രിറ്റിക്ക് വാഷിങ്ടൺ ഡിസി മേഖലയിലെ സംഘടനാ നേതാക്കളും പ്രവർത്തകരും ഹൃദ്യമായ സ്വീകരണം നല്കി. പരസ്പരം ആശയങ്ങൾ പങ്കുവെച്ചും സൗഹൃദം പുതുക്കിയും സംഘടനയുടെ ദീർഘകാല നന്മ ലക്ഷ്യമിട്ടും സംഘടിപ്പിച്ച ഒത്തുകൂടൽ മുൻ പ്രസിഡണ്ട് ഡോ. ബാബു സ്റ്റീഫൻ അടക്കമുള്ള നേതാക്കളുടെ സജീവ സാന്നിദ്ധ്യംകൊണ്ട് ശ്രദ്ധേയമായി.

ടീം ഇന്റഗ്രിറ്റിയുടെ പ്രസിഡണ്ട് സ്ഥാനാർത്ഥി ഫിലിപ്പോസ് ഫിലിപ്പ്, സന്തോഷ് നായർ (സെക്രട്ടറി), ആന്റോ വർക്കി (ട്രഷറർ), ഡോ. ഷൈനി രാജു (വിമൻസ് ഫോറം ചെയർ), അപ്പുക്കുട്ടൻ പിള്ള (അസോ. ട്രഷറർ), ഡോ. അജു ഉമ്മൻ (അഡീഷണൽ അസോ. സെക്രട്ടറി), ഫോബി പോൾ (ആർവിപി, ന്യൂ ഇംഗ്ലണ്ട് റീജിയൻ), അജു ഏബ്രഹാം, ഷൈമി ജേക്കബ്, ആദർശ് രവീന്ദ്രൻ (നാഷണൽ കമ്മിറ്റി സ്ഥാനാർത്ഥികൾ) തുടങ്ങിയവരായിരുന്നു സംഘത്തിൽ. മുൻ ഭാരവാഹി ഷീല ജോസഫ്, ഏലിയാസ് എന്നിവരും സംഘത്തോടൊപ്പം ഉണ്ടായിരുന്നു. വിർജീനിയയിലെ വിയന്നയിൽ ബോംബെ തണ്ടൂരിൽ നടന്ന ഒത്തുചേരലിൽ പാനലിന്റെ ലക്ഷ്യങ്ങൾ ഫിലിപ്പോസ് ഫിലിപ്പ് വിവരിച്ചു. സംഘടനയെ ശക്തിപ്പെടുത്തുകയും ജനങ്ങളുടെ പ്രശ്നങ്ങളിൽ സജീവമാകുകയും ചാരിറ്റി രംഗം ശക്തിപ്പെടുത്തുകയും ചെയ്യുകയാണ് തങ്ങളുടെ പ്രധാന ലക്ഷ്യങ്ങൾ. തെരഞ്ഞെടുപ്പ് കഴിഞ്ഞാൽ എല്ലാവരുമായും ഒത്തുചേർന്ന് പ്രവർത്തിക്കും. ഡിസി മേഖലയിൽ നിന്ന് ലഭിക്കുന്ന ഈ പിന്തുണ ഏറെ സന്തോഷം പകരുന്നുവെന്ന് ഫിലിപ്പോസ് ഫിലിപ്പ് പറഞ്ഞു. പാനലിന്റെ പൂർണ്ണമായ മാനിഫെസ്റ്റോ വൈകാതെ പുറത്തിറക്കുമെന്നും അറിയിച്ചു.






ഫിലിപ്പോസ് ഫിലിപ്പിന്റെ മൂന്നു പതിറ്റാണ്ടിലേറെയായുള്ള സംഘടനാ പ്രവർത്തനം സെക്രട്ടറി സ്ഥാനാർത്ഥി സന്തോഷ് നായർ ചൂണ്ടിക്കാട്ടി. കേസുകളിലും മറ്റും സംഘടനയെ ചിലർ വലിച്ചിഴയ്ക്കുമ്പോൾ അവയിൽ നന്നുള്ള രക്ഷയ്ക്ക് എന്നും ഫിലിപ്പോസ് ഫിലിപ്പാണ് മുന്നിൽ നിന്നത്. തന്റെ സംഘടനാ പ്രവർത്തനങ്ങളും സന്തോഷ് നായർ ചൂണ്ടിക്കാട്ടി. വിവിധ സംഘടനകളിലും ഫൊക്കാനയിലും വർഷങ്ങളായി തുടർന്നുവന്ന നല്ല പ്രവർത്തനങ്ങൾ താൻ ഇനിയും തുടരും. ആന്റോ വർക്കി, അപ്പുക്കുട്ടൻ പിള്ള, ഡോ. ഷൈനി രാജു തുടങ്ങിയവരും സംസാരിച്ചു.




മുൻ പ്രസിഡണ്ട് ഡോ. ബാബു സ്റ്റീഫന്റെ പ്രസംഗത്തിൽ സംഘടനകൾ ചാരിറ്റി പ്രവർത്തനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതിന്റെ ആവശ്യകത ചൂണ്ടിക്കാട്ടി. കേരളത്തിൽ നേഴ്സിങ് വിദ്യാർത്ഥികൾക്ക് രണ്ട് കോടി രൂപ നല്കുന്ന പദ്ധതിയും അദ്ദേഹം വിവരിച്ചു. ഫിലിപ്പോസ് ഫിലിപ്പിനും പാനലിനും അദ്ദേഹം പിന്തുണയും വിജയാശംസകളും നേർന്നു.

കേരള അസോസിയേഷൻ ഓഫ് ഗ്രെയ്റ്റർ വാഷിങ്ടൺ പ്രസിഡണ്ട് നാരായണൻ വളപ്പിൽ, കൈരളി ഓഫ് ബാൾട്ടിമോർ പ്രസിഡണ്ട് ലെൻജി ജേക്കബ്, കേരള കൾച്ചറൽ സൊസൈറ്റി ഓഫ് മെട്രോപ്പൊളിറ്റൻ വാഷിങ്ടൺ പ്രസിഡണ്ട് ഷെല്ലി പ്രഭാകരൻ തുടങ്ങിയവർ വിജയാശംസകൾ നേർന്നു.

നാഷണൽ കമ്മിറ്റിയിലേക്ക് മത്സരിക്കുന്ന സുഷമ പ്രവീൺ, ബിജോ വിതയത്തിൽ എന്നിവർ എംസിമാരായി പ്രവർത്തിച്ചു. മീറ്റിങ് സംഘടിപ്പിക്കുന്നതിനു മുൻകൈ എടുത്തത് ഫൊക്കാന വൈസ് പ്രസിഡണ്ട് വിപിൻ രാജ്, ആർവിപി ബെൻ പോൾ, ആർവിപി സ്ഥാനാർത്ഥി സ്റ്റാൻലി എത്തുണിക്കൽ, ഇപ്പോഴത്തെ നാഷണൽ കമ്മിറ്റി അംഗങ്ങളായ മനോജ് മാത്യു, ഷിബു സാമുവൽ തുടങ്ങിയവരായിരുന്നു.

## ചാൻസലറുടെ ഉത്തരവുകളെ ചോദ്യംചെയ്യാൻ സിൻഡിക്കറ്റിന് അധികാരമില്ലെന്ന് ഹൈക്കോടതി

കൊച്ചി: ചാൻസലറുടെ ഉത്തരവുകളെ ചോദ്യംചെയ്യാൻ സർവകലാശാലാ സിൻഡിക്കറ്റിന് അധികാരമില്ലെന്ന് ഹൈക്കോടതി. ചാൻസലർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ നടപ്പിലാക്കാൻ സിൻഡിക്കറ്റിന് ബാധ്യതയുണ്ടെന്നും ജസ്റ്റിസ് എ.എ. സിയാദ് റഹ്മാൻ വ്യക്തമാക്കി. കാലിക്കട്ട് സർവകലാശാലയിലെ ഇൻസ്ട്രുമെന്റേഷൻ എഞ്ചിനിയർക്കെതിരായ അച്ചടക്കനടപടി റദ്ദാക്കിയ ചാൻസലറുടെ ഉത്തരവിനെതിരെ സിൻഡിക്കറ്റംഗങ്ങൾ നൽകിയ ഹർജികൾ തള്ളിക്കൊണ്ടാണു കോടതിവിധി. അച്ചടക്കനടപടികളിൽ അപ്പീൽ അധികാരിയാണു ചാൻസലറെന്നും സ്ഥാപനത്തിലെ അധികാരശ്രേണിയും അച്ചടക്കവും പാലിക്കാൻ സിൻഡിക്കറ്റ് ബാദ്ധ്യസ്ഥരാണെന്നും കോടതി വ്യക്തമാക്കി. സർവകലാശാല എന്ന കോർപറേറ്റ് ബോഡിയുടെ ഭാഗമാണു ചാൻസലറും സിൻഡിക്കറ്റും. അതിനാൽ ഉയർന്ന അതോറിറ്റിയുടെ തീരുമാനങ്ങളെ നിയമപരമായി ചോദ്യംചെയ്യുന്നത് നിയമത്തിൽ വിഭാവനം ചെയ്തിട്ടില്ല. എന്നാൽ, ചാൻസലറുടെ ഉത്തരവ് തികച്ചും നിയമവിരുദ്ധമോ പക്ഷപാതപരമോ ആണെങ്കിൽ അപൂർവ സാഹചര്യങ്ങളിൽ കോടതിയെ സമീപിക്കാമെന്നും ഹൈക്കോടതി വ്യക്തമാക്കി. സർവകലാശാലാ ഓഫീസുകളിൽ ലോക്കൽ ഏരിയ നെറ്റ്‌വർക്ക് (ലാൻ) സ്ഥാപിക്കുന്നതിനുള്ള ടെൻഡർ നടപടികളിൽ ക്രമക്കേട് നടത്തി 27.5 ലക്ഷം രൂപയുടെ നഷ്ടമുണ്ടാക്കിയെന്നായിരുന്നു എഞ്ചിനീയർക്കെതിരായ ആരോപണം. ഇദ്ദേഹത്തെ അഞ്ചു വർഷത്തേക്ക് ജൂണിയർ എഞ്ചിനീയറായി തരംതാഴ്ത്താനും തുക ഈടാക്കാനും സിൻഡിക്കറ്റ് തീരുമാനിച്ചിരുന്നു. എന്നാൽ, അപ്പീലിൽ ചാൻസലർ ഈ നടപടി റദ്ദാക്കി ഇദ്ദേഹത്തെ തിരിച്ചെടുക്കാൻ ഉത്തരവിട്ടു. ഇതിനെതിരേയാണു സിൻഡിക്കറ്റ് ഹൈക്കോടതിയെ സമീപിച്ചത്.

## ടൊറന്റോ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയിൽ പുതിയ പാരിഷ് കൗൺസിൽ




ടൊറന്റോ: ടൊറന്റോയിലെ പ്രഥമ ക്നാനായ കത്തോലിക്കാ ഇടവകയായ സെന്റ് മേരീസ് ഇടവകയിൽ 2026–28 വർഷത്തിലേക്കുള്ള കൈക്കാരന്മാരും പുതിയ പാരിഷ് കൗൺസിൽ അംഗങ്ങളും വികാരി റവ.ഫാ. മാത്യു മേലേടത്ത് മുമ്പാകെ പ്രതിജ്ഞ ഏറ്റു ചൊല്ലി ചാർജെടുത്തു. ജോൺ കുരുവിള അരയത്ത്, അനീഷ് ബേബി തെക്കേടത്ത് എന്നിവരാണ് പുതിയ കൈക്കാരന്മാർ. കഴിഞ്ഞ രണ്ടു വർഷക്കാലം കൈക്കാരന്മാരായി സ്തുത്യർഹമായ സേവനം അനുഷ്ഠിച്ച ബിജു ചാക്കോ തടത്തിൽ സിജു മാത്യു മുടക്കച്ചാലിൽ എന്നിവരെ മൊമന്റോ നല്കി ആദരിച്ചു.

# മറിയാമ്മ പിള്ള മെമ്മോറിയൽ സോക്കർ ടൂർണമെന്റ് മെയ് 30-ന്

**കുര്യൻ ഫിലിപ്പ്**


ഇല്ലിനോയി: ഇല്ലിനോയി മലയാളി അസോസിയേഷൻ നടത്തുന്ന മറിയാമ്മ പിള്ള മെമ്മോറിയൽ സോക്കർ ടൂർണമെന്റിന്റെ ഒരുക്കങ്ങൾ പൂർത്തിയായതായി പ്രസിഡണ്ട് ജോയി പീറ്റർ ഇണ്ടിക്കുഴി അറിയിച്ചു.



പീറ്റർ ഇണ്ടിക്കുഴി



ജോയി ഇണ്ടിക്കുഴി



ജോർജ് പണിക്കർ

മെയ് 30-ന് ശനിയാഴ്ച രാവിലെ 9 മണിക്ക് ആദ്യത്തെ ഗെയിമിന്റെ കിക്കോഫ് ആരംഭിക്കും. അമേരിക്കയിലും കാനഡയിലുമുള്ള 12-ഓളം ടീമുകൾ പങ്കെടുക്കും. രണ്ട് ഗ്രൂപ്പുകളിലായി നടക്കുന്ന ഈ ടൂർണമെന്റിന്റെ ഉദ്ഘാടനം ഉച്ചയ്ക്ക് 12-ന് നടക്കും. ചിക്കാഗോയിലെയും ഇല്ലിനോയിയിലെയും വിവിധ രാഷ്ട്രീയ, സാമൂഹിക നേതാക്കൾ പങ്കെടുക്കും.

ചിക്കാഗോയിലെ യുവജനങ്ങൾ പങ്കെടുക്കുന്ന ആവേശകരമായ മത്സരങ്ങൾ ഈ ടൂർണമെന്റിന്റെ പ്രത്യേകതയാണ്. ഒന്നാമതായെത്തുന്ന ടീമിന് മറിയാമ്മ പിള്ള മെമ്മോറിയൽ ട്രോഫിയും 1000 ഡോളർ സമ്മാനവും ലഭിക്കും. രണ്ടാമത്തെ ടീമിന് പീറ്റർ ഇണ്ടിക്കുഴി മെമ്മോറിയൽ ട്രോഫിയും 500 ഡോളർ സമ്മാനവും ലഭിക്കും.

ഡെസ്പ്ലെയിൻസിലുള്ള Terrace School Groun (735 South West Gate) -ൽ വെച്ചാണ് ടൂർണമെന്റ് നടക്കുക. ചിക്കാഗോയിൽ 35 വർഷം മുമ്പ് ആദ്യമായി അമേരിക്കയിൽ യുവജനോത്സവം സംഘടിപ്പിച്ച ഐഎംഎ പിന്നീട് ഇന്റർനാഷണൽ ഡാൻസ് ഫെസ്റ്റിവൽ, സോക്കർ ടൂർണമെന്റ് മുതലായ പരിപാടികളിലൂടെ ചിക്കാഗോയിലെ മലയാളികളുടെ മനസ്സിൽ സ്ഥിരപ്രതിഷ്ഠ നേടിയ സംഘടനയാണ്.

ചിക്കാഗോയിലെ ഏതു പരിപാടിക്കും ആവേശം പകരുന്ന റണ്ണിംഗ് കമന്ററികൾ നല്കി കാണികളെ ഉദ്വേഗഭരിതരാക്കി മുൾമുനയിൽ നിർത്തുന്ന സജി പുത്തൃക്കയിലും റോണാൾഡ് പൂക്കുമ്പേലുമാണ് ഐ.എം.എയുടെ ഇത്തവണത്തെ കമന്റേറ്റർമാരായി എത്തുന്നത്. ടൂർണമെന്റ് കമ്മിറ്റി ചെയർമാൻ സിറിയക് കൂവക്കാട്ടിൽ, കൺവീനർ-ജെയ്ബു മാത്യു, ഫ്രാൻസിസ് കിഴക്കേക്കുറ്റ്, കോ-ഓർഡിനേറ്റേഴ്സായി ജോർജ് പണിക്കർ, സിബു മാത്യു, പ്രവീൺ തോമസ്, ഡയറക്ർ-പ്രിജിൽ അലക്സാണ്ടർ, ലിൻസ് ജോസഫ്, സ്റ്റീഫൻ ചൊള്ളമ്പേൽ, രാജൻ തലവടി, ഷാനി ഏബ്രഹാം, ജോർജ് മാത്യു, ജോസി കുരിശിങ്കൽ തുടങ്ങി ഒരു വൻനിര വിവിധ കമ്മിറ്റികളിൽ പ്രവർത്തിക്കും. ഈ ടൂർണമെന്റിന്റെ വിജയത്തിനായി ചിക്കാഗോ നിവാസികളുടെ നിർലോഭമായ സഹകരണം പ്രതീക്ഷിക്കുന്നു.



മറിയാമ്മ പിള്ള

# കെ.എച്ച്.എൻ.എ (2026-27) വനിതാഫോറം രൂപീകരിച്ചു

**കെ.എച്ച്.എൻ.എ ന്യൂസ് മീഡിയ**

ചിക്കാഗോ: വടക്കെ അമേരിക്കയിലെ മലയാളി ഹിന്ദു സമൂഹത്തിലെ വനിതകളെ കൂടുതൽ സജീവമായി സംഘടനാ പ്രവർത്തനത്തിലേക്ക് കൈപിടിച്ചുയർത്തുന്നതിനും സാമൂഹിക-സാംസ്കാരിക-ആത്മീയ മേഖലകളിൽ വനിതാ നേതൃത്വത്തെ ശക്തിപ്പെടുത്തുന്നതിനുമായി കേരള ഹിന്ദൂസ് ഓഫ് നോർത്ത് അമേരിക്ക (കെഎച്ച്എൻഎ) 2026-27 വർഷത്തേക്കുള്ള വനിതാഫോറം രൂപീകരിച്ചു.

ഡിട്രോയിറ്റിലെ പ്രമുഖ സാമൂഹിക പ്രവർത്തകയും മുൻ എകെഎംജി പ്രസിഡണ്ടുമായ ഡോ. ഗീതാ നായർ ചെയറായി നിയമിതയായി. ഹൂസ്റ്റണിൽ നിന്നുള്ള അഞ്ജന മുരളീധരൻ കോ-ചെയറായും സാൻ ഫ്രാൻസിസ്കോയിൽ നിന്നുള്ള ഇന്ദു നായർ സെക്രട്ടറിയായും ചുമതലയേറ്റു. നോർത്ത് കരോലിനയിൽ നിന്നുള്ള അംബിക ശ്യാമള ബോർഡ് ഇൻ-ചാർജായും പ്രവർത്തിക്കും.

അമേരിക്കയിലെയും കാനഡയിലെയും വിവിധ മേഖലകളിൽ നിന്നുള്ള വനിതാ പ്രതിനിധികളെ ഉൾപ്പെടുത്തി രൂപീകരിച്ച ഈ ഫോറത്തിന് കെഎച്ച്എൻഎയുടെ എല്ലാ റീജിയനുകളിലെയും ശക്തമായ പ്രാതിനിധ്യമുണ്ടെന്നത് ശ്രദ്ധേയമാണ്. വിവിധ സംസ്ഥാനങ്ങളിൽ സാമൂഹിക, സാംസ്കാരിക, വിദ്യാഭ്യാസ, ആത്മീയ മേഖലകളിൽ സജീവമായി പ്രവർത്തിക്കുന്ന വനിതകളാണ് ഫോറത്തിന്റെ ഭാഗമായിരിക്കുന്നത്.

വനിതാ ശാക്തീകരണം, കുടുംബ മൂല്യ സംരക്ഷണം, യുവതലമുറയ്ക്ക് സാംസ്കാരിക ബോധവത്കരണം, മാനസികാരോഗ്യ-കുടുംബ കൗൺസിലിംഗ് അവബോധം, കലാ-സാംസ്കാരിക പരിപാടികൾ, ജീവകാരുണ്യ പ്രവർത്തനങ്ങൾ, നേതൃത്വ പരിശീലനം തുടങ്ങിയ മേഖലകളിൽ വ്യാപകമായ പദ്ധതികളാണ് വനിതാഫോറം ലക്ഷ്യമിടുന്നത്. പ്രവാസി മലയാളി ഹിന്ദു കുടുംബങ്ങളെ കൂടുതൽ അടുത്ത് കൂട്ടിച്ചേർക്കുന്ന പ്രവർത്തനങ്ങൾക്കും ഫോറം മുൻഗണന നല്കും.

വനിതാ ഫോറത്തിന്റെ രൂപീകരണത്തെക്കുറിച്ച് കെഎച്ച്എൻഎ പ്രസിഡണ്ട് ടി. ഉണ്ണികൃഷ്ണൻ പറഞ്ഞു: 'ഒരു




സംഘടന എത്ര ഉയരത്തിൽ എത്തുമെന്നത് നിർണയിക്കുന്നത് അതിലെ വനിതാ നേതൃത്വത്തിന്റെ ശക്തിയാണ്, പ്രത്യേകിച്ച് വടക്കെ അമേരിക്കയിൽ. സമൂഹം കെട്ടിപ്പടുക്കുന്നതും കുടുംബങ്ങളെ ശക്തിപ്പെടുത്തുന്നതും വനിതകളാണെന്ന സത്യം നമുക്കു വ്യക്തമാണ്. പ്രഫഷണൽ, സാമൂഹിക, സാംസ്കാരിക തുടങ്ങി വിവിധ മേഖലകളിൽ മികവ് പുലർത്തുന്ന വനിതകളെ ഒരേ വേദിയിൽ കൊണ്ടുവരാൻ സാധിച്ചത് കെഎച്ച്എൻഎയുടെ അഭിമാനമാണ്. ഈ ഫോറം വെറുമൊരു കമ്മിറ്റിയല്ല,

(ശേഷം 34-ാം പേജിൽ)

# പ്രവാസി കഥ-കവിത പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു

**ബാജി ഓടംവേലി**

ഡാളസ്: കേരള ലിറ്റററി സൊസൈറ്റി ഡാളസിന്റെ 2026-ലെ പ്രവാസി കഥ-കവിത പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. പ്രശസ്ത നോവലിസ്റ്റ് വി. ജെ. ജെയിംസ് (കഥ), പ്രശസ്ത കവി ഡോ. സി. രാവുണ്ണി എന്നിവരായിരുന്നു വിധികർത്താക്കൾ.



എസ്. അനിലാൽ



റഹിമാബി മൊയ്തീൻ



ദിവ്യ മേനോൻ

ഏബ്രഹാം തെക്കേമുറി കഥാ പുരസ്കാരം ലഭിച്ചിരിക്കുന്നത് എസ്. അനിലാലിന്റെ (ചിക്കാഗോ) 'അരക്കാലുകളുടെ ലോകത്തെ ശബ്ദങ്ങൾ' എന്ന കഥയ്ക്കും കവി ജേക്കബ് മനയിൽ കവിതാ പുരസ്കാരം ലഭിച്ചിരിക്കുന്നത് റഹിമാബി മൊയ്തീന്റെ (മെറിലാന്റ്) 'പെണ്ണടയാളങ്ങൾ' എന്ന കവിതയ്ക്കുമാണ്. രണ്ട് വിഭാഗത്തിലും 25,000 രൂപയും പ്രശസ്തിപത്രവുമാണ് സമ്മാനമായി നല്കപ്പെടുന്നത്.

ദിവ്യ മേനോന്റെ (ഡാളസ്) 'അഭിമുഖം' എന്ന കഥയ്ക്ക് സ്പെഷൽ ജൂറി പുരസ്കാരവും ലഭിച്ചു.

ഇന്ത്യക്ക് പുറത്ത് വിവിധ രാജ്യങ്ങളിൽ നിന്നുമായി 20 കഥകളും 18 കവിതകളുമാണ് അവാർഡിനായി പരിഗണിച്ചത്. സാമുവേൽ യോഹന്നാൻ, മീനു എലിസബത്ത്, ഡോ. ദർശന മനയത്ത് എന്നിവരാണ് കഥയുടെ ചുരുക്കപ്പട്ടിക തയ്യാറാക്കിയത്. സി.വി. ജോർജ്, ഷാജു ജോൺ, അനശ്വരം മാമ്പിള്ളി എന്നിവരാണ് കവിതയുടെ ചുരുക്കപ്പട്ടിക തയ്യാറാക്കിയത്.

ഏകാകിതയുടെ പാരമ്യതയിൽ ഒരുവൻ സ്വന്തം ഉള്ളിലെ വിസ്മരിക്കപ്പെട്ടുപോയ മനുഷ്യനെ കണ്ടെത്തുന്ന കഥാസന്ദർഭങ്ങൾ കൈയടക്കത്തോടെ അവതരിപ്പിക്കുന്ന മികച്ച കഥയാണ് പുരസ്കാരം ലഭിച്ച അരക്കാലുകളുടെ ലോകത്തെ ശബ്ദങ്ങൾ എന്നും പ്രത്യേകം ജൂറി പുരസ്കാരം ലഭിച്ച അഭിമുഖം അതുപോലെതന്നെ വേറിട്ടു നിൽക്കുന്ന മനോഹരമായൊരു കഥയാണെന്നും ജീവിതാവസ്ഥകളെ വാക്കുകളുടെ ത്രാസിലിട്ട് തൂക്കുന്ന മികച്ച സന്ദർഭങ്ങളുണ്ട് ഈ കഥയിലെന്നും വിധികർത്താവ് വിജെ. ജെയിംസ് വിലയിരുത്തി. കവിതകളും മികച്ച നിലവാരം പുലർത്തിയതായി കവിതകളുടെ വിധികർത്താവ് ഡോ. സി. രാവുണ്ണി അഭിപ്രായപ്പെട്ടു.

2026 സെപ്റ്റംബറിൽ നടത്തുന്ന പ്രത്യേക മീറ്റിംഗിൽ വെച്ച് പുരസ്കാര സമർപ്പണം നടത്തുമെന്ന് കേരള ലിറ്റററി സൊസൈറ്റി സെക്രട്ടറി ബാജി ഓടംവേലി അറിയിച്ചു. കേരള ലിറ്റററി സൊസൈറ്റിയുടെ പ്രവർത്തനങ്ങളുമായി സഹകരിക്കുവാൻ 915 613 6566 എന്ന നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

# കെസിസിഎൻസി മാതൃദിനാഘോഷം പ്രൗഢഗംഭീരമായി



ചിക്കാഗോ: മെയ് 10-ന് ഞായറാഴ്ച വിശുദ്ധ കുർബാനയ്ക്കുശേഷം പാരിഷ് ഹാളിൽ വെച്ചാണ് കെസിസിഎൻസിയുടെ നേതൃത്വത്തിൽ മാതൃദിനം ആഘോഷിച്ചത്. കുർബാനയ്ക്കുശേഷം അച്ചനും കെസിവൈഎൽ-സിസിഡി വിഭാഗങ്ങളിലെ കുട്ടികളും ചേർന്ന് എല്ലാ അമ്മമാരെയും റോസാപ്പൂക്കൾ നല്കി സ്വീകരിക്കുകയും ആദരിക്കുകയും ചെയ്തു. തുടർന്ന് പാരിഷ് ഹാളിൽ ഒത്തുചേർന്ന അമ്മമാർ സ്നേഹത്തിന്റെയും ആദരവിന്റെയും പ്രതീകമായി കേക്കുമുറിച്ച് ആദരം പങ്കുവെച്ചു.

അമ്മമാരുടെ സ്നേഹവും കരുതലും വാത്സല്യവും ആദരിക്കുന്നതിനോടൊപ്പം മുഴുവൻ സമൂഹത്തെയും ഒരുമിപ്പിക്കുന്ന മനോഹരമായ ഒരു ആഘോഷമായി ഈ പരിപാടി മാറി. മാതൃദിനത്തോടനുബന്ധിച്ചുള്ള ഭക്ഷണക്രമീകരണങ്ങൾക്ക് കൊച്ചുമോൻ കൊക്കരവാലയിൽ നേതൃത്വം നല്കി.

**ജോബിൻ കുന്നശ്ശേരിൽ**

നമ്മുടെ പ്രിയപ്പെട്ട അമ്മമാർക്ക് സ്നേഹത്തിന്റെയും ആദരവിന്റെയും അടയാളമായി രുചികരമായ വിഭവങ്ങൾ ഒരുക്കാൻ അക്ഷീണം പരിശ്രമിച്ച എല്ലാ കെസിസിഎൻസി സഹോദരങ്ങൾക്കും കമ്മിറ്റി ഹൃദയംനിറഞ്ഞ നന്ദി അറിയിച്ചു. എല്ലാവരുടെയും സമർപ്പണവും പിന്തുണയും കൂട്ടായ പ്രവർത്തനവുമാണ് ഈ ആഘോഷത്തെ അർത്ഥപൂർണ്ണവും സന്തോഷപൂർണ്ണവുമാക്കിയത്.

കെസിസിഎൻസി എക്സിക്യൂട്ടീവ് അംഗങ്ങളായ പ്രസിഡണ്ട് സിജോ പറപ്പള്ളിൽ, സെക്രട്ടറി ജോബിൻ കുന്നശ്ശേരിൽ, വൈസ് പ്രസിഡണ്ട് വിൻസ് പുളിക്കൽ, ട്രഷറർ ജോ പുളിക്കൽ, ജോയിന്റ് സെക്രട്ടറി ചിന്നു ഇലഞ്ഞിക്കൽ എന്നിവർ ആഘോഷങ്ങൾക്ക് മുഖ്യനേതൃത്വം നല്കി. വിഭവസമൃദ്ധമായ സ്നേഹവിരുന്നോടെയാണ് പരിപാടികൾ സമാപിച്ചത്.

# കേരളത്തിന്റെ മുഖ്യമന്ത്രിക്ക് ആശംസകൾ

**എൽസി ബേബി**

കേരളത്തിൽ എന്നു മാത്രമല്ല ഏതു രാജ്യത്തിന്റെയും ഭരണാധികാരികൾ വരുന്നു, പോകുന്നു എന്നത് രാജ്യഭരണഘടനയുടെ ഭാഗമാകുന്നു. ജനങ്ങൾക്കു വേണ്ടി ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെടുന്ന ഭരണാധികാരികൾ ജനങ്ങളുടെ ക്ഷേമത്തിനും നിലനില്പിനും വേണ്ടി നിയമിക്കപ്പെട്ടവരാകയാൽ അവരുടെ നിലനില്പിനും നന്മയ്ക്കും വേണ്ടി പ്രജകൾ പ്രവർത്തിക്കുകയും അവർക്കു വേണ്ട പ്രോത്സാഹനവും പിന്തുണയും നല്കി സഹായിക്കേണ്ടതുമാകുന്നു. ജനങ്ങളാണ് പ്രത്യക്ഷത്തിൽ അവരെ തെരഞ്ഞെടുക്കുന്നതെങ്കിലും കാലങ്ങളേയും സമയങ്ങളേയും മാറ്റി നിയന്ത്രിക്കുന്ന വലിയവനായ ദൈവമാകുന്നു രാജാക്കന്മാരെ വാഴിക്കുന്നതും നീക്കുന്നതും എന്ന സത്യം വിസ്മരിച്ചുകൂടാ.

മുഖ്യമന്ത്രിയായി തെരഞ്ഞെടുക്കപ്പെട്ട വി.ഡി. സതീശന്റെ സത്യപ്രതിജ്ഞാ വാചകങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടാകുമല്ലോ. എന്റെ കർത്തവ്യങ്ങൾ, മനസ്സാക്ഷിയെ മുൻനിർത്തി വിശ്വസ്തതയോടും നിർവ്യാജ്യമായ കൂറും പുലർത്തുമെന്ന് ദൈവത്തിന്റെ മുമ്പാകെ പ്രതിജ്ഞ ചെയ്യുന്നു എന്നാണല്ലോ അദ്ദേഹം തന്റെ പ്രതിജ്ഞാ വാചനങ്ങൾ പ്രഖ്യാപിച്ചത്. ലക്ഷോപലക്ഷം ജനങ്ങളെയും സർവ്വേശ്വരനായ ദൈവത്തേയും സാക്ഷിയാക്കി എടുത്ത സത്യപ്രതിജ്ഞ അങ്ങേയറ്റം വിശ്വസ്തതയോടും വിഘ്നം കൂടാതെയും പാലിക്കുവാൻ അദ്ദേഹത്തെ സഹായിക്കേണ്ട ചുമതല ജനങ്ങൾക്കും അതോടൊപ്പം തന്നോടു കൂടെ തെരഞ്ഞെടുക്കപ്പെട്ട ഭരണാധികാരികൾക്കുമുണ്ട് എന്ന വസ്തുത വിസ്മരിച്ചുകൂടാ. അദ്ദേഹം ഒരു സാധാരണ മനുഷ്യനാകുന്നു. തെറ്റുകുറ്റങ്ങളൊക്കെ വന്നെന്നുവരാം. പക്ഷേ, അദ്ദേഹത്തിന്റെ തെറ്റുകുറ്റങ്ങൾ കണ്ടെത്തി വിമർശിച്ചു പറഞ്ഞുപരത്തുന്നതിനേക്കാൾ അദ്ദേഹത്തിന്റെ നല്ല വശങ്ങൾ കണ്ടെത്തി പ്രശംസിച്ചു പ്രോത്സാഹിപ്പിക്കുന്നതായിരിക്കും ഉത്തമം.

തന്റെ സത്യപ്രതിജ്ഞയ്ക്കുശേഷം അദ്ദേഹം മുൻമുഖ്യമന്ത്രി പിണറായി വിജയനെ അദ്ദേഹത്തിന്റെ വസതിയിലെത്തി കണ്ട് ഭരണഘടനയേപ്പറ്റി ചോദിച്ചറിഞ്ഞു എന്നത് എത്രയോ മാതൃകാപരമായ ഒരു പ്രവൃത്തിയായിരുന്നു. ഒരു രാഷ്ട്രീയസന്ദേശം നല്കുവാനോ വിമർശിക്കുവാനോ ഞാൻ ഒരുമ്പെടുന്നില്ല. രാഷ്ട്രീയം എന്നത് എന്റെ വിഷയവുമല്ല. പക്ഷേ, നമ്മെ ഭരിക്കുന്ന ഭരണാധികാരികളെ ആദരിക്കുകയും അവർ അർഹിക്കുന്ന ബഹുമാനം നല്കി, പിന്തുണ നല്കി പ്രോത്സാഹിപ്പിക്കേണ്ട ചുമതല പ്രജകളായ നമുക്കുണ്ട് എന്നത് വിസ്മരിച്ചുകൂടാ. ഓരോ നേതാക്കന്മാരും തെരഞ്ഞെടുപ്പു കാലങ്ങളിൽ പല വാഗ്ദാനങ്ങൾ പ്രഖ്യാപിച്ച്, ഒരുമിക്കാം ഒറ്റക്കെട്ടായി മുമ്പോട്ടു പോകാം, ഇന്നയിന്ന പരിഷ്കാരങ്ങളൊക്കെ ചെയ്യാം ഇന്നയിന്ന സഹായങ്ങളൊക്കെ ചെയ്യാം എന്നൊക്കെ പറഞ്ഞ് ജനങ്ങളെ പ്രലോഭിപ്പിച്ച് വിജയികളായി കസേര കൈവശമാക്കുക എന്നത് രാഷ്ട്രീയ ശൈലിയാണ്. എന്നാൽ, അവർ ഇരിക്കുന്ന കസേര നല്കുന്ന വേദനയും പ്രശ്നങ്ങളും ഉറക്കമില്ലായ്മയും വിമർശനങ്ങളും എതിർപ്പുകളും മറ്റും അനുഭവിക്കേണ്ടി വരുമ്പോഴുള്ള അസ്വസ്ഥതയും തലവേദനയും മറ്റും ചില്ലറയല്ലെന്ന് ഓർക്കുക. അവർക്കു വേണ്ടത് അവരോടൊപ്പം ഭരണകൂടത്തിലുള്ളവരുടെ സഹകരണവും സഹായവും ജനങ്ങളുടെ സ്നേഹവും ബഹുമാനവും പ്രാർത്ഥനയുമാകുന്നു. മുൻപ് ഭരിച്ചിരുന്ന ഭരണാധികാരികളുടെ തെറ്റുകുറ്റങ്ങളും കഴിവില്ലായ്മകളും മറ്റും തിരുത്തുവാനോ അവരേക്കാൾ കേമമായി ഭരിക്കാമോ എന്നു നോക്കാതെ തങ്ങൾ ദൈവമുമ്പാകെ സത്യപ്രതിജ്ഞ ചെയ്ത നിമിഷങ്ങൾ അങ്ങേയറ്റം വിശ്വസ്തതയോടും നിർമ്മല മനസ്സാക്ഷിയോടും കൂടെ പാലിക്ക എന്നതായിരിക്കട്ടെ പുതിയ ഭരണാധികാരികളുടെ ലക്ഷ്യം. ജനങ്ങളുടെ ക്ഷേമം ആസ്പദമാക്കിയുള്ള ഒരു ഭരണം. രാജ്യമാകെയുള്ള സകല പ്രശ്നങ്ങളും പരിഹരിക്ക എന്നതു സാദ്ധ്യമല്ലല്ലോ. ആരോ പ്രസ്താവിച്ചതുപോലെ ജനകീയ പ്രശ്നങ്ങളെ ആസ്പദമാക്കിയുള്ള ഒരു രാഷ്ട്രീയ ഭരണമാണ് ഇന്നത്തെ നമ്മുടെ നല്ല കേരളത്തിനാവശ്യമായതും പ്രതീക്ഷയും. അതിന് ഏറ്റവും പ്രധാനമായി വേണ്ടത് ജനങ്ങളുടെ സഹായസഹകരണവും പിന്തുണയുമാകുന്നു. പ്രജകളുടെ ഐക്യത്തോടെയുള്ള പിന്തുണയില്ലാതെ വിജയകരമായ ഒരു ഭരണം സാദ്ധ്യമല്ല എന്ന ബോദ്ധ്യം ഇന്നത്തെ നമ്മുടെ ഭരണഘടനയുടെ പ്രധാന ആവശ്യം എന്നത് വിസ്മരിച്ചുകൂടാ. ഭരണാധികാരികൾ സത്യസന്ധതയോടും വിശ്വാസ്യതയോടും വിശ്വസ്തതയോടും കൂടെയുള്ള ത്യാഗസമ്പൂർണ്ണമായ ഒരു ഭരണം നടത്തുവാൻ അവരെ സഹായിക്കുക. അതുപോലെതന്നെ ഭരണാധികാരികൾ ജനങ്ങളുടെ ഇടയിലേക്ക് ഇറങ്ങിച്ചെന്ന് അവരുടെ പ്രശ്നങ്ങളെ നേരിൽകണ്ട് അവരുമായി സ്നേഹം പങ്കുവെച്ച് ജനപ്രീതി നേടുവാൻ ശ്രമിക്കുക. ഒരു നല്ല ഭരണമാണല്ലോ നാം എല്ലാവരും ആഗ്രഹിക്കുന്നത്. നല്ലവർക്കല്ലാതെ നല്ല ഭരണം നടത്തുവാൻ സാദ്ധ്യമല്ല. ഈശ്വരവിശ്വാസം, ഈശ്വരപ്രാർത്ഥന, ഈശ്വരനിലുള്ള ആശ്രയം ഇവയുള്ള ഒരു മുഖ്യമന്ത്രിയാണ് വി.ഡി. സതീശൻ എന്നത് കേരള ജനതയ്ക്ക് അഭിമാനവും പ്രതീക്ഷയും നല്കുന്നതാകുന്നു. അദ്ദേഹം ഉന്നത വിദ്യാഭ്യാസ യോഗ്യതയുള്ളവനാകുന്നു എന്നതിനേക്കാൾ എല്ലാ ജാതിമതങ്ങളോടും വിശ്വാസങ്ങളോടും എല്ലാ ആചാരാനുഷ്ഠാനങ്ങളെക്കുറിച്ചും നന്നായി പഠിച്ചു മനസ്സിലാക്കിയവനും അവയിൽ നല്ലതേതെന്നു മനസ്സിലാക്കി അത് വിശ്വസിക്കുകയും പാലിക്കുകയും ചെയ്യുന്നു എന്നത് പ്രശംസനീയംതന്നെ. അദ്ദേഹത്തിന് സകല ഭാവുകങ്ങളും ആശംസിക്കുകയും കേരളത്തെ വിശ്വസ്തതയോടും ആത്മാർത്ഥതയോടും നല്ല മനസ്സാക്ഷിയോടും കൂടെ ഭരിക്കുവാൻ സർവ്വ ശക്തനായ ദൈവം സഹായിക്കട്ടെയെന്നു പ്രാർത്ഥിക്കുന്നു.



ലേഖിക

# കേരള പെന്തെക്കോസ്തൽ റൈറ്റേഴ്സ് ഫോറം മാധ്യമ സെമിനാർ ജൂലൈ 3-ന് ചിക്കാഗോയിൽ

**നിബു വെള്ളവന്താനം**


ചിക്കാഗോ: കേരള പെന്തെക്കോസ്തൽ റൈറ്റേഴ്സ് ഫോറം ഓഫ് നോർത്ത് അമേരിക്കയുടെ നേതൃത്വത്തിൽ ജൂലൈ 3-ന് വെള്ളിയാഴ്ച 1.30 മുതൽ 3 വരെ ചിക്കാഗോ പി.സി.എൻ.എ.കെ സമ്മേളനത്തോടനുബന്ധിച്ച് മാധ്യമ സെമിനാർ നടത്തപ്പെടും.

മുതിർന്ന മാധ്യമപ്രവർത്തകനും കൺവൻഷൻ പ്രഭാഷകനുമായ റവ. ജോർജ് മാത്യു പുതുപ്പള്ളി മുഖ്യപ്രഭാഷണം നടത്തും.

സെമിനാറിനോടനുബന്ധിച്ച് രചനാ മത്സരത്തിൽ വിജയികളായ ജേതാക്കൾക്ക് അവാർഡ് നല്കി ആദരിക്കും. പ്രസിഡണ്ട് രാജൻ ആര്യപ്പള്ളിൽ അദ്ധ്യക്ഷത വഹിക്കും. മാധ്യമ പ്രവർത്തനങ്ങളെപ്പറ്റി പഠിക്കുവാൻ ആഗ്രഹിക്കുന്ന ഏർക്കും സെമിനാർ പ്രയോജനകരമാകുമെന്ന് സെക്രട്ടറി നിബു വെള്ളവന്താനം അറിയിച്ചു.

വടക്കെ അമേരിക്കയിൽ കുടിയേറിപ്പാർത്ത മലയാളി പെന്തെക്കോസ്ത് വിശ്വാസികളായ എഴുത്തുകാരുടെ ഐക്യ സംഘടനയാണ് നോർത്തമേരിക്കൻ കേരള പെന്തെക്കോസ്തൽ റൈറ്റേഴ്സ് ഫോറം.

രാജൻ ആര്യപ്പള്ളിൽ പ്രസിഡണ്ട്, സാം മാത്യു വൈസ് പ്രസിഡണ്ട്, നിബു വെള്ളവന്താനം ജനറൽ സെക്രട്ടറി, പാസ്റ്റർ എബിൻ അലക്സ് ജോ. സെക്രട്ടറി, ഡോ. ജോളി ജോസഫ് ട്രഷറർ, ഡോ. ഷൈനി സാം ലേഡീസ് കോ-ഓർഡിനേറ്റർ, വെസ്ലി മാത്യു മീഡിയ കോ-ഓർഡിനേറ്റർ എന്നിവരാണ് കെ.പി.ഡബ്ല്യു.എഫ് ദേശീയ ഭാരവാഹികൾ.



# ഇന്ത്യൻ ഓവർസീസ് കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ ചിക്കാഗോയിൽ യുഡിഎഫിന്റെ വിജയം ആഘോഷിച്ചു

ചിക്കാഗോ: പത്തുവർഷത്തെ ഇടവേളയ്ക്കു ശേഷം കേരളത്തിൽ ഭരണം തിരിച്ചുപിടിച്ച് ചരിത്രവിജയം നേടിയ യുഡിഎഫിനും അതിനു നേതൃത്വം കൊടുത്ത മുഖ്യമന്ത്രി വി.ഡി. സതീശനും മന്ത്രിസഭാംഗങ്ങൾക്കും ചിക്കാഗോ യുഡിഎഫിന്റെ ആഭിമുഖ്യത്തിൽ നടന്ന വമ്പിച്ച പൊതുസമ്മേളനം അനുമോദനങ്ങൾ അർപ്പിച്ചു.

**കുര്യൻ ഫിലിപ്പ്**

ഇന്ത്യൻ ഓവർസീസ് കോൺഗ്രസിന്റെ ചിക്കാഗോ ഘടകം പ്രസിഡണ്ട് ജോർജ് പണിക്കർ അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി അച്ചൻകുഞ്ഞ് മാത്യു മാസ്റ്റർ ഓഫ് സെറിമണിയായിരുന്നു.


ഐഒസി നാഷണൽ പ്രസിഡണ്ട് സതീശൻ നായർ, മുൻ ചെയർമാൻ തോമസ് മാത്യു, യുഡിഎഫ് ചെയർമാൻ സണ്ണി വള്ളിക്കളം, വൈസ് പ്രസിഡണ്ടുമാരായ ജോർജ് ജോസഫ് കൊട്ടുകാപ്പള്ളി, ജോൺസൺ കണ്ണൂക്കാടൻ, ട്രഷറർ ആന്റോ കവലയ്ക്കൽ, ജോയിന്റ് സെക്രട്ടറി ഏബ്രഹാം ജോർജ് എന്നിവർ പ്രസംഗിച്ചു.


മാധ്യമപ്രവർത്തകൻ കുര്യൻ ഫിലിപ്പ്, സിറിയക് കൂവക്കാട്ടിൽ, ചിക്കാഗോ മലയാളി അസോസിയേഷൻ പ്രസിഡണ്ട് ജോസ് മണക്കാട്, പോൾ വടക്കുംചേരി, ജോർജ് വർഗീസ് വെങ്ങാഴിയിൽ, ജിക്കുമോൻ ജേക്കബ്, ജോസ് കോലഞ്ചേരി, ഡോ. ജെയിംസ് തോമസ്, ഡോ. ഏബ്രഹാം ജോസഫ്, സാം തെക്കനാൽ, സജി കുര്യൻ, ജെസ്സി റിൻസി, രാജൻ തലവടി, സക്കറിയ ജോസഫ്, ബിജു തോമസ്, ജോസ് ഞാറവേലിൽ, ജോസ് കല്ലിടുക്കിൽ, മാത്യു തട്ടാമറ്റം, ജോസ് വള്ളമറ്റം എന്നിവർ ആശംസകൾ അർപ്പിച്ചു.

മെയ് 17-ന് ഞായറാഴ്ച വൈകിട്ട് ആറു മണിക്ക് ചിക്കാഗോ മലയാളി അസോസിയേഷൻ ഹാളിൽ നടന്ന സമ്മേളനത്തിൽ വലിയ ജനക്കൂട്ടം പങ്കെടുത്തു.

മുഖ്യമന്ത്രിയായി വി.ഡി. സതീശനെ തെരഞ്ഞെടുത്ത എഐസിസി തീരുമാനം കേരളത്തിലെ ജനാധിപത്യ വിശ്വാസികളുടെ വിജയമാണെന്ന് യോഗം വിലയിരുത്തി.

ആഘോഷങ്ങളുടെ ഭാഗമായി മധുരപലഹാരങ്ങളും വിതരണം ചെയ്തു.





## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 95.19 |
| യൂറോ | 110.94 |
| സ്റ്റെർലിംഗ്പൗണ്ട് | 128.54 |
| സ്വിസ് ഫ്രാങ്ക് | 121.94 |
| സിംഗപ്പൂർ ഡോളർ | 74.58 |
| കനേഡിയൻ ഡോളർ | 68.97 |
| ഒമാൻ റിയാൽ | 247.54 |
| ബഹ്റൈൻ ദിനാർ | 252.27 |
| സൗദി റിയാൽ | 25.35 |
| യു.എ.ഇ. ദിർഹം | 25.95 |
| കുവൈത്ത് ദിനാർ | 307.63 |



# വൈദ്യുതി നിരക്ക്: എല്ലാവർക്കും പകൽ ഇളവ്

തിരുവനന്തപുരം: പകൽ വൈദ്യുതി ഉപയോഗം കൂട്ടാനും രാത്രി കുറയ്ക്കാനും ഉപയോക്താക്കൾക്കു കെഎസ്ഇബി പ്രോത്സാഹനം നൽകണമെന്ന് റഗുലേറ്ററി കമ്മീഷൻ. നിലവിൽ ചെറുകിടവ്യവസായങ്ങൾക്കും (ലോ ടെൻഷൻ) പ്രതിമാസം 250 യൂണിറ്റിൽ കൂടുതൽ വൈദ്യുതി ഉപയോഗിക്കുന്ന ഗാർഹിക ഉപയോക്താക്കൾക്കും പകൽ ഉപയോഗിക്കുന്ന വൈദ്യുതിക്ക് 10 ശതമാനം നിരക്ക് ഇളവുണ്ട്. ഇത്തരം ഇളവുകൾ എല്ലാ വിഭാഗം ഉപയോക്താക്കൾക്കും ലഭ്യമാക്കണമെന്നും ഇളവ് 10 ശതമാനം എനർജി ചാർജിൽ ഒതുക്കരുതെന്നും കമ്മീഷൻ നിർദേശിച്ചു.

നിലവിലെ വിപണി നിരക്ക്, രാത്രി വൈദ്യുതി ഉപയോഗം കുറയ്ക്കുന്നതിലൂടെ ഉണ്ടാകുന്ന നേട്ടം, നിലവിലെ താരിഫ് എന്നിവയെല്ലാം അടിസ്ഥാനമാക്കി വിശദമായ സാമ്പത്തികാഘാത പഠനം നടത്തി പ്രാഥമിക റിപ്പോർട്ട് രണ്ട് മാസത്തിനുള്ളിൽ സമർപ്പിക്കാൻ കെഎസ്ഇബിക്കു കമ്മീഷൻ നിർദേശം നൽകി. കെഎസ്ഇബിക്കും ഉപയോക്താക്കൾക്കും ഒരുപോലെ സാമ്പത്തിക നേട്ടമുണ്ടാകുന്നവിധമുള്ള പദ്ധതി നിർദേശമാണ് പ്രാഥമിക പഠന റിപ്പോർട്ടിൽ സമർപ്പിക്കേണ്ടത്.

**മറ്റു നിർദേശങ്ങൾ**

പകൽ കുറഞ്ഞ വിലയ്ക്കു ലഭിക്കുന്ന വൈദ്യുതി സംഭരിക്കാൻ കെഎസ്ഇബി എത്രയും വേഗം സംവിധാനമുണ്ടാക്കണം. വൈദ്യുതി ഉപയോഗം ഏറ്റവും കൂടുതലുള്ള പീക് സമയത്തും (വൈകിട്ട് ആറ് മുതൽ 10 വരെ) രാത്രിയിലെ ഓഫ് പീക് സമയത്തും (രാത്രി 10 മുതൽ രാവിലെ ആറ് വരെ) ഗ്രിഡിൽനിന്ന് എടുക്കുന്ന വൈദ്യുതിക്ക് ചെലവ് കുറഞ്ഞ രീതിയിൽ വില നിർണയം നടത്താൻ നിലവിലെ ടിഒഡി (ടൈം ഓഫ് ഡേ) താരിഫ് ഘടന പരിഷ്കരിക്കണം. ദിവസത്തെ പീക്ക്, ഓഫ് പീക്ക്, പകൽ എന്നിങ്ങനെ മൂന്ന് സമയ മേഖലകളായി നിരക്ക് കണക്കാക്കുന്നതാണ് ടിഒഡി. പുരപ്പുറ സോളറിൽനിന്നു ഗ്രിഡിലേക്കും തിരികെയും എടുക്കുന്ന വൈദ്യുതി പ്രതിദിനം നിരീക്ഷിക്കാനുള്ള സംവിധാനം തയാറാക്കണം. ഗ്രിഡിലേക്ക് നൽകിയ വൈദ്യുതിക്ക് ആനുപാതികമായി എനർജി ചാർജ് അടയ്ക്കുന്നതിൽനിന്ന് ഇളവ് നൽകണം.

## ഇടക്കാല വ്യാപാര കരാർ

# യുഎസ് പ്രതിനിധിസംഘം ഡൽഹിയിലേക്ക്

ന്യൂഡൽഹി: ഇന്ത്യ-യുഎസ് ഇടക്കാല വ്യാപാര കരാർ വൈകാതെ യാഥാർത്ഥ്യമാക്കാൻ ഇരുരാജ്യങ്ങളും തമ്മിൽ ധാരണയായി. കരാർ ചർച്ചകൾ മുന്നോട്ടു കൊണ്ടുപോകുന്നതിനും ഇരുപക്ഷത്തിന്റെയും ദേശീയ താത്പര്യങ്ങൾ സംരക്ഷിക്കുന്ന രീതിയിലുള്ള അന്തിമ തീരുമാനത്തിലെത്തുന്നതിനുമായി യുഎസ് പ്രതിനിധി സംഘം ഉടൻതന്നെ ഡൽഹി സന്ദർശിക്കുമെന്ന് വിദേശകാര്യ മന്ത്രി എസ്. ജയശങ്കറും യുഎസ് വിദേശകാര്യ സെക്രട്ടറി മാർക്കോ റൂബിയോയും സംയുക്തമായി അറിയിച്ചു.

ഫെബ്രുവരി രണ്ടിനു പ്രധാനമന്ത്രി നരേന്ദ്ര മോദിയും യുഎസ് പ്രസിഡണ്ട് ഡോണൾഡ് ട്രംപും തമ്മിൽ നടത്തിയ കൂടിക്കാഴ്ചയിൽ വ്യാപാര കരാറിന് ഇരുരാജ്യങ്ങളും സന്നദ്ധത പ്രകടിപ്പിച്ചിരുന്നു. ഇന്ത്യൻ കയറ്റുമതിക്ക് അമേരിക്ക ചുമത്തിയിരുന്ന ഉയർന്ന നികുതികൾ കുറയ്ക്കുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങളിൽ ഇരുപക്ഷവും ഏകദേശ ധാരണയിലെത്തിയെങ്കിലും പിന്നീട് പശ്ചിമേഷ്യൻ പ്രതിസന്ധി ഉൾപ്പെടെയുള്ള അന്താരാഷ്ട്ര വിഷയങ്ങളിൽ ട്രംപ് ഭരണകൂടം ശ്രദ്ധ കേന്ദ്രീകരിച്ചതോടെ തുടർനടപടികൾ വൈകുകയായിരുന്നു. എന്നാൽ ഈ പ്രതിസന്ധികൾക്കിടയിലും കരാറിനായുള്ള ഉഭയകക്ഷി ചർച്ചകൾ ഇരുരാജ്യങ്ങളും സജീവമായി മുന്നോട്ടുകൊണ്ടുപോയിരുന്നു.

പ്രതിനിധി സംഘങ്ങളുടെ സന്ദർശനത്തിലൂടെ ഇടക്കാല കരാറിന്റെ അന്തിമ രൂപരേഖ ഉടൻ തയാറാക്കാൻ സാധിക്കുമെന്ന് സംയുക്ത വാർത്താ സമ്മേളനത്തിൽ എസ്. ജയശങ്കർ പ്രത്യാശ പ്രകടിപ്പിച്ചു. കഴിഞ്ഞ വർഷം ഫെബ്രുവരിയിൽ പ്രധാനമന്ത്രി വാഷിംഗ്ടൺ സന്ദർശിച്ചപ്പോൾ ഇരുരാജ്യങ്ങളും വിഭാവനം ചെയ്ത സമഗ്ര ഉഭയകക്ഷി വ്യാപാര കരാറിലേക്കുള്ള സുപ്രധാന ചുവടുവെപ്പായിരിക്കും ഈ ഇടക്കാല കരാർ. ഇതിന്റെ ഭാഗമായി അടുത്തിടെ ഇന്ത്യൻ പ്രതിനിധി സംഘം വാഷിംഗ്ടൺ സന്ദർശിച്ചിരുന്നു. തുടർനടപടികൾക്കായാണ് ഇപ്പോൾ അമേരിക്കൻ സംഘം ഇന്ത്യയിലെത്തുന്നത്.



# പാക്കിസ്ഥാനിൽ ചാവേറാക്രമണം; 24 മരണം

ഇസ്‌ലാമാബാദ്: പാക്കിസ്ഥാന്റെ ബലൂചിസ്ഥാൻ പ്രവിശ്യയിൽ സൈനികരും കുടുംബാംഗങ്ങളും സഞ്ചരിച്ച ട്രെയിനിലുണ്ടായ ചാവേർ സ്ഫോടനത്തിൽ ചുരുങ്ങിയത് 24 പേർ കൊല്ലപ്പെട്ടു. നൂറോളം പേർക്ക് ഗുരുതരമായി പരുക്കേറ്റു. ബലൂചിസ്ഥാന്റെ തലസ്ഥാനമായ ക്വറ്റയിലെ കന്റോൺമെന്റ് മേഖലയിൽ നിന്ന് ട്രെയിൻ പുറപ്പെട്ട് അല്പം കഴിഞ്ഞപ്പോൾ സ്ഫോടക വസ്തുക്കൾ നിറച്ച വാഹനം ട്രെയിനിൽ വന്നിടിക്കുകയായിരുന്നു.

സ്ഫോടനത്തിൽ എൻജിനും മൂന്ന് ബോഗികളും പാളം തെറ്റുകയും രണ്ട് ബോഗികൾ തലകീഴായി മറിഞ്ഞു തീപിടിക്കുകയും ചെയ്തു. സമീപത്തെ നിരവധി വീടുകളും വാഹനങ്ങളും സ്ഫോടനത്തിൽ തകർന്നു.

ഈദ് അവധി ആഘോഷിക്കാൻ പെഷവാറിലേക്ക് പോകുകയായിരുന്ന സൈനികരും കുടുംബാംഗങ്ങളുമാണ് ദുരന്തത്തിന് ഇരയായത്. മുന്നൂറോളം പേരാണ് ട്രെയിനിൽ ഉണ്ടായിരുന്നത്. ബലൂച് ലിബറേഷൻ ആർമി സ്ഫോടനത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുത്തു. ഭീകരാക്രമണത്തെ അപലപിച്ച പാക് പ്രധാനമന്ത്രി ഷെഹബാസ് ഷെരീഫ് തീവ്രവാദികൾക്കെതിരായ പോരാട്ടത്തിൽ നിന്ന് പിന്തിരിയില്ലെന്ന് പ്രഖ്യാപിച്ചു.

ഇറാനും അഫ്ഗാനിസ്ഥാനുമായി അതിർത്തി പങ്കിടുന്ന ബലൂച് പ്രവിശ്യയുടെ സ്വാതന്ത്ര്യം ആവശ്യപ്പെടുന്ന ബലൂച് ലിബറേഷൻ ആർമിക്കെതിരെ അടുത്തിടെ പാക്കിസ്ഥാൻ നടപടികൾ ശക്തമാക്കിയിരുന്നു. ഈ വർഷം മാത്രം 145 തീവ്രവാദികളെയാണ് സൈന്യം വധിച്ചത്. പാക് സുരക്ഷാസേനയെ ലക്ഷ്യമിട്ടാണ് ബലൂച്‌ലിബറേഷൻ ആർമി ആക്രമണം നടത്തുന്നത്.

ബലൂച് തീവ്രവാദികൾ 2025 മാർച്ചിൽ 400 യാത്രക്കാരുണ്ടായിരുന്ന ജാഫർ എക്സ്പ്രസ് തട്ടിയെടുത്തിരുന്നു. ട്രെയിൻ മോചിപ്പിക്കുന്നതിനിടെ 23 സൈനികരും 3 ട്രെയിൻ ജീവനക്കാരും 5 സാധാരണക്കാരും ഉൾപ്പെടെ 31 പേർ കൊല്ലപ്പെട്ടിരുന്നു.

# തമിഴ്നാട്ടിൽ പത്തുവയസുകാരിയെ ക്രൂരമായി കൊലപ്പെടുത്തി

കോയമ്പത്തൂർ: തമിഴ്നാട്ടിൽ പത്തുവയസ്സുകാരിയെ തട്ടിക്കൊണ്ടുപോയി ക്രൂരമായി കൊലപ്പെടുത്തിയ സംഭവത്തിൽ പ്രതിഷേധം ശക്തമാകുന്നു. കോയമ്പത്തൂരിലെ സുലൂരിൽനിന്നുള്ള പത്തുവയസുകാരിയാണ് ക്രൂര കൊലപാതകത്തിന് ഇരയായത്.

സംഭവം അങ്ങേയറ്റം ഭയാനകമാണെന്ന് വിശേഷിപ്പിച്ച തമിഴ്നാട് മുഖ്യമന്ത്രി ജോസഫ് വിജയ്, കൊലപാതകവുമായി ബന്ധപ്പെട്ട് രണ്ടു പേരെ അറസ്റ്റ്ചെയ്തിട്ടുണ്ടെന്നും അതിവേഗത്തിൽ അന്വേഷണം നടത്തി കുറ്റപത്രം സമർപ്പിക്കാൻ പോലീസിന് നിർദേശം നൽകിയിട്ടുണ്ടെന്നും അറിയിച്ചു. മനുഷ്യത്വരഹിതവും ക്ഷമിക്കാനാവാത്തതുമായ ഇത്തരം ക്രിമിനൽ കുറ്റങ്ങൾ സമൂഹത്തിൽ ഒരിക്കലും വെച്ചുപൊറുപ്പിക്കാനാകില്ല. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ ഇത്തരം ക്രൂരകൃത്യങ്ങൾ ചെയ്യുന്നവർക്കെതിരെ നിയമപ്രകാരം കഠിനശിക്ഷ ഉറപ്പാക്കാൻ സർക്കാർ ശക്തമായി ഇടപെടുമെന്നും സാമൂഹികമാധ്യമമായ എക്സിൽ വിജയ് കുറിച്ചു.

സംഭവത്തെ ശക്തമായി അപലപിച്ച് പ്രതിപക്ഷ പാർട്ടികളും രംഗത്തെത്തി. രാജ്യത്തുടനീളം ഞെട്ടലുളവാക്കിയ സംഭവമാണു കോയമ്പത്തൂരിൽ ഉണ്ടായതെന്ന് പ്രതിപക്ഷനേതാവ് ഉദയ്നിധി സ്റ്റാലിൻ പറഞ്ഞു. പുതിയ സർക്കാർ അധികാരമേറ്റ് വെറും 12 ദിവസത്തിനുള്ളിൽ ലൈംഗിക അതിക്രമങ്ങളും കഞ്ചാവുകടത്തും ഉൾപ്പെടെ മുപ്പതിലധികം കുറ്റകൃത്യങ്ങൾ ഉണ്ടായെന്നും അദ്ദേഹം കുറ്റപ്പെടുത്തി. കോയമ്പത്തൂരിലെ ക്രൂരകൊലപാതകം സംസ്ഥാനത്തെ ക്രമസമാധാന നിലയെക്കുറിച്ച് ഗുരുതരമായ സംശയങ്ങൾ ഉയർത്തുന്നതാണെന്നും ക്രമസമാധാനത്തിന് മുഖ്യമന്ത്രി മുൻഗണന നൽകണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ ഉറപ്പാക്കാൻ ബാദ്ധ്യസ്ഥരായ സർക്കാരിന് ഇത്തരം ക്രൂരസംഭവങ്ങൾ തടയാൻ കഴിയാത്തത് ഹൃദയഭേദകമാണെന്ന് എഐഎഡിഎംകെ നേതാവ് എടപ്പാടി കെ. പഴനിസാമി പറഞ്ഞു.

അതിനിടെ പെൺകുട്ടിയെ തട്ടിക്കൊണ്ടുപോയി കൊലപ്പെടുത്തിയ സംഭവത്തിൽ ദേശീയ വനിതാ കമ്മീഷൻ സ്വമേധയാ കേസെടുത്തു. തമിഴ്നാട് ഡിജിപിയോട് ഏഴു ദിവസത്തിനകം റിപ്പോർട്ട് സമർപ്പിക്കാൻ കമ്മീഷൻ ആവശ്യപ്പെട്ടു.

# നീറ്റ് ചോദ്യപേപ്പർ ചോർച്ചയിൽ സുപ്രീംകോടതി നോട്ടീസയച്ചു

ന്യൂഡൽഹി: നീറ്റ് പരീക്ഷനടത്തുന്നതിൽ നിന്നും നാഷണൽ ടെസ്റ്റിങ് ഏജൻസിയെ മാറ്റി പകരം സ്വയംഭരണാധികാരമുള്ള മറ്റൊരു സംവിധാനം ഏർപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുള്ള ഹർജികളിൽ സുപ്രീംകോടതി കേന്ദ്ര സർക്കാരിന്റെയും സിബിഐയുടെയും എൻടിഎയുടെയും മറുപടി തേടി. ജസ്റ്റീസുമാരായ പി.എസ്. നരസിംഹ, അലോക് അരാധെ എന്നിവരടങ്ങിയ ബെഞ്ചാണ് ഹർജികൾ പരിഗണിച്ചത്. മുൻകാലങ്ങളിൽ നീറ്റ് പേപ്പർ ചോർച്ചാ സംഭവങ്ങളിൽ നിന്ന് അധികൃതർ യാതൊരുവിധ പാഠവും പഠിച്ചിട്ടില്ലെന്നത് സങ്കടകരമാണ് എന്ന് സുപ്രീംകോടതി നിരീക്ഷിച്ചു. മുൻ ഉത്തരവുകൾ പ്രകാരം രൂപീകരിച്ച നിരീക്ഷണ സമിതിക്ക് എന്ത് സംഭവിച്ചു എന്നതിനെക്കുറിച്ച് മറുപടി നല്കാൻ നാഷണൽ ടെസ്റ്റിങ് ഏജൻസിയോട് കോടതി ആവശ്യപ്പെടുകയും ചെയ്തു. പരീക്ഷയെക്കുറിച്ചല്ല ഞങ്ങൾ കൂടുതൽ ആലോചിക്കുന്നത്. നിങ്ങൾ പാഠം പഠിച്ചില്ലെന്നതാണ്. ഞങ്ങൾ ഒരു ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഒരു സമിതിയും രൂപീകരിച്ചു. അത് ചില ശിപാർശകൾ സമർപ്പിച്ചു. അത് അംഗീകരിക്കപ്പെടുകയും ചെയ്തു. ഒരു നിരീക്ഷണ സമിതിയും അവിടെയുണ്ടായിരുന്നു-കോടതി പറഞ്ഞു. 2024-ലെ നീറ്റ് ചോദ്യപേപ്പർ ചോർച്ചാ വിവാദത്തെത്തുടർന്ന് കോടതി നിയോഗിച്ച നിരീക്ഷണ സമിതിയുടെ ശിപാർശകൾ പാലിച്ചതിനെക്കുറിച്ചുള്ള വിശദമായ മറുപടിസത്യവാങ്മൂലം സമർപ്പിക്കാൻ എൻടിഎയോട് സുപ്രീംകോടതി നിർദേശിച്ചു. കോടതി നിർദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ നിരീക്ഷണ സമിതി അദ്ധ്യക്ഷനോടും ആവശ്യപ്പെട്ടിട്ടുണ്ട്. കേസ് കൂടുതൽ വാദം കേൾക്കുന്നതിനായി മെയ് 29-ലേക്ക് മാറ്റി.

# 500 രൂപ പെൻഷനായി ദുരിതയാത്ര

ഛത്തീസ്ഗഢ്: സാങ്കേതിക കാരണങ്ങളുടെ പേരിൽ നാല് മാസമായി നിഷേധിക്കപ്പെട്ട വാർദ്ധക്യകാല പെൻഷൻ കിട്ടാൻ 90 വയസ്സുള്ള ഭർത്തൃമാതാവിനെ തോളിലേറ്റി ബാങ്കിലേക്ക് മരുമകൾ നടന്നത് അഞ്ചു കിലോമീറ്റർ. 500 രൂപ പ്രതിമാസ പെൻഷനു വേണ്ടി ഗോത്രവർഗക്കാരിയായ സുഖ്മാനിയ (50) ആണ് ഭർത്തൃമാതാവുമായി മൈൻപാഠിലെ സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യയിലെത്തിയത്. ജനുവരി വരെ ബാങ്ക് പ്രതിനിധി വീട്ടിൽ പെൻഷൻ എത്തിച്ചിരുന്നു. വ്യക്തി വിവരങ്ങൾ (കെവൈസി) പൂർണമല്ലെന്നതിന്റെ പേരിൽ പിന്നീട് പെൻഷൻ മുടങ്ങി. പെൻഷൻ ലഭിക്കാൻ ബാങ്കിന്റെ ഭാഗത്തുനിന്ന് പിന്നീട് നടപടികളുണ്ടായില്ല. ഇതോടെയാണ് കുനിയയിലെ ഗോത്രമേഖലയിൽ നിന്ന് സുഖ്മാനിയ കാൽനടയായി ബാങ്കിലേക്ക് എത്തിയത്.

സംഭവത്തിന്റെ വീഡിയോ പ്രചരിക്കുകയും വിവാദമാവുകയും ചെയ്തതോടെ 4 മാസത്തെ പെൻഷൻ ബാങ്ക് നല്കി. പെൻഷൻ വീട്ടിൽ എത്തിക്കുന്നത് തുടരുമെന്നും അറിയിച്ചു.

മരിച്ച സഹോദരിയുടെ പേരിൽ അക്കൗണ്ടിലുണ്ടായിരുന്ന പണം പിൻവലിക്കാൻ ബാങ്ക് തടസ്സം പറഞ്ഞതിനെത്തുടർന്ന് സഹോദരിയുടെ അസ്ഥികൂടവുമായി ഗോത്രവർഗക്കാരൻ ഒഡീഷയിലെ ബാങ്കിലെത്തിയതും അടുത്തിടെയായിരുന്നു.

# SEEKING BRIDEGROOM

*Roman Catholic parents looking for groom for 24 year old, tall, beautiful and God-fearing daughter. She completed her masters in social science and works for the U.S. government hospital. Inviting suitable groom with good education. Please email with photo to **seanjoey2020@gmail.com**

*Pentecostal parents invite proposals for their daughter D.O.B. August 86, 5'6" working as Accounts Manager for a Financial Institution in the U.S. She did schooling and undergrad from Canada and Masters in Accounting and M.B.A. from U.S.Those who are interested may please respond with details and recent pictures to **scjoseph22@gmail.com** or call (whatsapp) **1 416 903 5007**.

*Parents seek proposal for daughter, age 26, baptized Christian, raised in USA, 5'.1", active in a Bible-based community church with Pentecostal beliefs, employed after B.S. in Engineering. Looking for one with similar faith, values, and professional background. Please email with photo & details to **Lordhears@outlook.com**

*A Pentecostal missionary family in Kerala is seeking proposals for their youngest daughter (31 years old, 163cm), who holds an M.Sc. in Audiology and Speech-Language Pathology. She is currently working in Seattle, WA. Pentecostal parents of boys with a missionary spirit and good educational background may send a recent photo and profile to **email4ksa@gmail.com** or contact **+91 94474 01025, 94961 07772**.

*Knanaya Catholic parents invite proposal for daughter (January 1997) Height 5'3" Born and raised in US, Working as RN in University hospital Chicago. Speaks Malayalam. Looking for family oriented, God- fearing alliance from Knanaya Catholic boys brought up in USA or Canada Call or message with details to **6304406128.**

*Our Family settled in USA with origins in Kerala invites proposals for our daughter unmarried, age 32 , 5 feet tall, U.S. Citizen, a practicing attorney (bar license in New York & Maryland) now working as a legal counsel for a global cyber security corporation in the US. We belong to the Mar Thoma denomination and are seeking alliance from employed doctors, engineers, lawyers, IAS grade professions from the US. Contact us directly or on WhatsApp + **1 (412) 327-5600** or email to **sam@varkey.org**

*We are Pentecostal (Knanaya background) parents seeking proposals for our daughter who is doing internship at Pushpagiri Dental College Thiruvalla. Her date of birth September 21st, 2000 and she is 5.6 inches in height. She holds a US passport (she is a US Citizen) and was born and brought up in India. We are attending an independent church in Kerala. Looking for Medical doctors or Equivalent for our daughter.
Interested parties please Email: **joyofthelord567@gmail.com** or for more information in USA call **405-850-0011**

*Syrian Christian parents settled in USA invites proposal for their daughter 41-year, 5 feet 3-inch, dental professor working in a State University in the USA. Spirit filled and Pentecostal church members (legally divorced). Seeking suitable alliance from parents of educated and spiritual candidates. Only from USA. Contact on WhatsApp **+ 1 609 410 3076.**

*Pentecostal parents seeking proposals for their daughter (D.O.B = 29-08-1999) (B.Sc Nursing), born again, baptized & Spirit filled, now working as Staff Nurse in MOH, Saudi Arabia. Looking for proposals from parents of Pentecostal spirit filled and qualified boy.
If interested, please contact or WhatsApp @ **+91 9447440441.**

*Kerala CSI parents invite proposals for their daughter, (29 years, M.Com, CA Inter), presently working as an auditor with a company in Philadelphia. Please contact WhatsApp **+91 9349553125**

*Seeking proposals for Pentecostal girl (35/5'5") born again, baptized, living in the US, Software Engineer, PhD student (Machine Learning). Grew up in middle-east and India before moving to the US. Looking for born again, baptized, God fearing, professionally qualified boys. If interested, please contact **+91 95443 89214** (WhatsApp or call) or **+1 224 537 8569**

*Christian Parents settled in USA inviting marriage proposals for their daughter US Citizen, aged 47 years (date of birth 09/13/1977) never married. Passed her M.S. in Orthopedics from CMC VELLORE. Now Working as Pediatric Ortho surgeon at Children, s hospital, Nebraska. She is 5.04 feet tall, and good looking. God fearing, smart and family oriented. We are looking for qualified professionals preferably born again. Interested parties please contact with full details with a current photo.
Email: **marijohn2002@yahoo.co.in**

*Pentecostal parents seeking proposal for their daughter, 30 years, Dec. 1994. 5'6.5" born again, baptized, born and brought up in US. She is a DNAP. (Doctor of Nurse Anesthesia Practice). Prefer proposal from born again, baptized, good moral values and God fearing person. **423-316-0196 Vsimon@bellsouth.net**

*Pentecostal parents settled in the USA invite proposals for their daughter who was born and brought up in the US. Age 24, height 5'3". She holds a Masters degree in Health Administration and is currently working in Ohio. Seeking alliances from qualified young professionals living in the US or Canada. If interested, please contact with full information via email: **bejoy2342@gmail.com**

*USA settled Christian family seeking proposal for their 39 year old daughter who is a US Citizen. She is 5'3", born again and baptized and in fellowship with a Pentecostal Church. She has degrees in Bio Medical Science and Law and currently working with State of Florida government since several years. We are looking for a born again, educated young man from US or Canada. Those who are interested, please text, Whatsapp at **863-709-6031** or email **mathewg1956@gmail.com**

*Pentecostal parents settled in USA prayerfully seek proposals for their born again, baptized, Sprit filled daughter brought up in USA, MD, age 30, height 5'6", currently working as Attending Professor in a reputed hospital in USA, from Pentecostal boys with professional qualifications. Please contact with full information Email: **gben8690@gmail.com**

Visit Our Website:
www.keralaexpress.com
for Matrimonial Advt.

# SEEKING BRIDE

* Christian parents settled in USA since 1997 invite proposals for their son, 36 years old, 5'7", born again and baptized and in fellowship with a Pentecostal Church in Florida. He is a Computer Engineer with Masters degree and works as a Senior software Engineer with Lockheed Martin since few years. He had a kidney transplant in 2010 and been doing very well physically all these years. Parents of born again girls from US or Canada may respond to me for further details and photos. My phone number: **863-709-6031** and
email: **mathewg1956@gmail.com**

*Pentecostal parents settled in USA invite proposals for their born again, baptized son (25, 5'8"ft) who is in management work at a reputed Fortune100 company. We are looking for a born-again, God fearing girl with spiritual values and a heart for missions. Parents of interested girls please contact us at
**rblap@yahoo.com** or **972 832 8784**

*Pentecostal parents prayerfully seeking proposals for our son, born and brought up in Texas, US (Dec 1995 5'9") Graduated DNP and working as a nurse practitioner in an outpatient clinic in Texas. He is living and attending church with us. Inviting proposals from the parents of girls attending Pentecostal church, preferably non ornamental & from US. Please contact with a full-size picture. Phone # **214-732-9726.**

*Seeking a bride for 69-year young male, US Citizen, handsome, Medical professional, no liabilities, divorced, annulled, Knanaya Catholic preferred, but other denominations also considered. Please contact WhatsApp at **+1 914-471-7454** (USA) or email to
**alexkalarickal@gmail.com** with recent photos & details.

*Malayalee pentacostal family settled in USA seeking a bride for their son born, raised and graduated from North India, 38 years, 5'10" tall, residing in USA for last 9 years and completed BBA from a university in Georgia, currently managing family business. He is born again, spirit filled, God fearing and visionary about gospel church going. Seeking suitable alliance from the parents. Please contact **6783657445**. Pictures and further details upon request.

*73-year-old seeking bride (age between 65-69) born again Christian. Settled in Dallas. Intrested parties may contact E mail: **gkvarghese@gmail.com.** Ph: 914 318 3444.

*Malayalee Pentecostal parents seeking a bride for their son, born and raised in USA. Age:32. Height 5'7". Graduated with Master of Science (MS) in Biology. Currently has a hybrid job as an Advocacy Support Associate at Delaware Riverkeepers Network. Settled in Pennsylvania, Philadelphia suburbs. He is a talented singer and musician and led the English worship team. Wearing Jewelry is fine, not having the gifts of the Spirit for personal edification is fine. Interested party may please contact with a picture along with similar details to: **jvarghese645@yahoo.com** or text to **267-991-2825**

*Parents looking for match for Their Son 30 yrs U.S citizen, Working for N.J. Transit South Indian Catholic Cast no bar Pefe Medical Pro. In N.Y. Or N.J. Please contact **917 880 9045.**

*Pentecostal parents settled in USA invite proposals for their born again, baptized son (24, 5'8"ft) who is in management work at a reputed Fortune100 company. We are looking for a born-again, God fearing girl with spiritual values and a heart for missions. Parents of interested girls please contact us at
**rblap@yahoo.com**

*Sister residing in USA inviting a proposal for brother dob Jan. 3, 1993, Height 5'8 Pentecostal boy. He graduated with BBA and MSW, currently working as a direct support worker in Ireland. He is very talented and involved in church ministry. Proposal inviting from Pentecostal parents, preferably USA. Cell number **224-436-9609**.email **keziajoseph86@gmail.com**

## SEEKING BRIDEGROOM CONTD.....

Visit Our Website:
www.keralaexpress.com
for Matrimonial Advt.

## കെ.ജെ. സ്കറിയ

**കുഴിമറ്റം:** എണ്ണശ്ശേരിൽ കരോട്ടുപുത്തൻപുരയ്ക്കൽ ശാസ്താംകോട്ട ഡോ. സി.ടി. ഈപ്പൻ മെമ്മോറിയൽ ഹയർ സെക്കൻഡറി സ്കൂൾ റിട്ട. അദ്ധ്യാപകൻ കെ.ജെ. സ്കറിയ (83) അന്തരിച്ചു. ഭാര്യ പാമ്പാടി മാടപ്പാട്ട് അന്നമ്മ സ്കറിയ. മക്കൾ: റെജി സ്കറിയ (ഹൂസ്റ്റൺ), വിജി സ്കറിയ (ബെംഗ്ളൂരു), സജി സ്കറിയ (എറണാകുളം). മരുമക്കൾ: ജെസ്സി റെജി (യുഎസ്), ജെയ്നി ജോസഫ് (ബെംഗ്ളൂരു), ആൻസി കെ. ജോൺ (എറണാകുളം).

**നെടുങ്ങാടപ്പള്ളി:** പന്നിക്കുഴി കരോട്ട് അന്നമ്മ കുര്യൻ (പെണ്ണമ്മ–81) അന്തരിച്ചു.

**വൈക്കം:** പൊൻകുന്നം വർക്കിയുടെ മകളും പരേതനായ കൊതവറ പാണേഴത്ത് ആന്റണിയുടെ ഭാര്യയുമായ അമ്മു ആന്റണി (87) അന്തരിച്ചു.

**മൂഴൂർ:** പറമ്പകത്ത് ആന്റണി ജോസഫ് (അന്തോണി–86) അന്തരിച്ചു.

**ഉാക്കാട്ടൂർ:** തേമ്പള്ളിയിലായ മാത്തച്ചേരിൽ കുരുവിള വർഗീസ് (കുഞ്ഞൂഞ്ഞ്–84) അന്തരിച്ചു.

**സൗത്ത് പാമ്പാടി:** കാരിമുട്ടം വീട്ടിൽ മേരി ജോൺ (തങ്കമ്മ–82) അന്തരിച്ചു.

**കൂനൂർ:** കൂനൂർ ഇമ്മാനുവൽ കണ്ണാശുപത്രിയിലെ ഡോ. വുഡ്കോട്ട് ആശീർവാദിൽ ഡോ. മേരി സാമുവൽ (56) അന്തരിച്ചു.

## ആർ. സുരേന്ദ്രൻ

**തിരുവനന്തപുരം:** ക്ഷത്രിയ ക്ഷേമസഭ മുൻ സംസ്ഥാന പ്രസിഡണ്ടും ബാങ്ക് ഓഫ് ഇന്ത്യ റിട്ട. മാനേജരുമായ ആർ. സുരേന്ദ്രൻ (79) അന്തരിച്ചു. തിരുവല്ല പാലിയൂർക്കര കുടുംബാംഗമാണ്. ഭാര്യ ഇന്ദിരാദേവി. മക്കൾ: വേണുഗോപാൽ, മഞ്ജുള. മരുമക്കൾ: സംഗീത, പ്രമോദ് (എല്ലാവരും യുഎസ്).

**ചിറക്കടവ് സെന്റർ:** റിട്ട. പ്രഫസർ മുളവേലിൽ എൻ. ചന്ദ്രശേഖരപിള്ള (82) അന്തരിച്ചു.

**തൃശൂർ:** സിഎംഐ കോൺഗ്രിഗേഷൻ കോയമ്പത്തൂർ പ്രേഷിത പ്രൊവിൻസ് ശരവണംപതി ലിസ്യൂക്സ് ഭവൻ പ്രേഷിത കോളജ് അംഗം ഫാ. റാഫേൽ കാഞ്ഞിരത്തിങ്കൽ (75) അന്തരിച്ചു.

**കണ്ണൂർ:** ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് കോൺഗ്രിഗേഷൻ തലശേരി സെ. ജോസഫ്സ് പ്രോവിൻസിലെ എമ്പേറ്റ് ഭവനാഗം സിസ്റ്റർ ആനി ജസ്റ്റിൻ (89) അന്തരിച്ചു.

**കൈതക്കുഴി:** നെടുംചിറയിൽ പരേതനായ രാജൻ നൈനാന്റെയും എത്സി രാജന്റെയും മകൻ ക്രിസ്റ്റി നൈനാൻ (58) അന്തരിച്ചു.

**അങ്കമാലി:** സെ. മേരീസ് സ്കൂൾ റിട്ട. അദ്ധ്യാപിക നോർത്ത് ചമ്പന്നൂർ ചേന്നയ്ക്കാടൻ തങ്കം കോരത് (94) അന്തരിച്ചു.

## ഡോ. കെ. കൃഷ്ണൻ വല്യത്താൻ

**ചങ്ങനാശേരി:** ചെങ്ങന്നൂർ ഗവ. ആശുപത്രി റിട്ട. മെഡിക്കൽ സൂപ്രണ്ട് പെരുന്ന എൻആർഎ 32 വൈജയന്തിയിൽ ഡോ. കെ. കൃഷ്ണൻ വല്യത്താൻ (78) അന്തരിച്ചു.ഭാര്യ ഡോ. ഗിരിജ വല്യത്താൻ (ഉദയഗിരി ആശുപത്രി ചങ്ങനാശേരി). മക്കൾ: ഡോ. ലക്ഷ്മി വല്യത്താൻ (യുഎസ്), ഡോ. ദാമോദർ കൃഷ്ണൻ (ഗ്യാസ്ട്രോ എന്ററോളജിസ്റ്റ്). മരുമക്കൾ: ഡോ. പ്രസാദ്പിള്ള (ഓങ്കോളജിസ്റ്റ്, യുഎസ്), ഡോ. നീരജ എസ്. കർത്ത (കൺസൾട്ടന്റ് ഡെർമറ്റോളജി).

## തങ്കമ്മ മാത്യു



**കോട്ടയം:** അരീപ്പറമ്പ് എബെനെസിർ വീട്ടിൽ പരേതനായ വെള്ളൂർ വി.കെ. കുര്യന്റെ മകളും പരേതനായ ടി.എം. മാത്യുവിന്റെ സഹധർമ്മിണിയുമായ തങ്കമ്മ മാത്യു (തങ്കച്ചി–87) അന്തരിച്ചു. മക്കൾ: പരേതനായ ജോൺ മാത്യു, പരേതനായ ജേക്കബ് മാത്യു, മേരി മാത്യു (കോട്ടയം), പോൾ മാത്യു (സണ്ണിവയ്ൽ, ഡാളസ്).

**തുരുത്തിക്കാട്:** ബിഎഎം കോളജ് മുൻ പ്രിൻസിപ്പൽ കുഴിപുരയിടത്ത് പ്രഫ.കെ.പി. സഖറിയ (93) അന്തരിച്ചു.

**കാഞ്ഞിരമറ്റം:** ആരാധന മഠം സന്യാസിനി പാലാ ക്രിസ്തുരാജ് പ്രോവിൻസ് സിസ്റ്റർ തെരേസ് മണിയങ്ങാട്ട് (അച്ചാമ്മ–83) അന്തരിച്ചു.

**കണ്ണൂർ:** ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് കോൺഗ്രിഗേഷൻ തലശ്ശേരി സെ. ജോസഫ് പ്രോവിൻസിലെ എമ്പേറ്റ് ഭവനാംഗം സിസ്റ്റർ ജോയ്സ് മേരി (88) അന്തരിച്ചു.

**വൈക്കം:** ആരോഗ്യവകുപ്പ് റിട്ട. ജീവനക്കാരൻ കിഴക്കേനട മാളിയേക്കൽ വിജയകുമാർ (71) അന്തരിച്ചു.

**മണ്ണയ്ക്കനാട്:** ടെക്നിക്കൽ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റ് റിട്ട. ഡെപ്യൂട്ടി ഡയറക്ടർ ചെമ്പകശ്ശേരി കോയിക്കൽ സെലിൻ ഫിലിപ്പ് (80) അന്തരിച്ചു.

**അമ്പാറനിരപ്പേൽ:** ഫാത്തിമ സിസ്റ്റേഴ്സ് സമൂഹാംഗം സിസ്റ്റർ എലിസബത്ത് ജോസഫ് കുന്നത്ത് (86) അന്തരിച്ചു.

**അങ്കമാലി:** അങ്കമാലി മോണിങ് സ്റ്റാർ ഹോംസയൻസ് കോളജ് റിട്ട. പ്രിൻസിപ്പൽ സിസ്റ്റർ ലേത്തൂസ് സിഎസ്എൻ (77) അന്തരിച്ചു.

## തങ്കമ്മ മാത്യു

**അരീപ്പറമ്പ്:** കൂവപ്പള്ളി സിഎംഎസ് ഹൈസ്കൂൾ റിട്ട. പ്രധാനാദ്ധ്യാപിക എബനേസറിൽ തങ്കമ്മ മാത്യു (87) അന്തരിച്ചു. നീറിക്കാട് പങ്കിമറ്റത്തിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ ടി.എം. മാത്യു. മക്കൾ: പാസ്റ്റർ പോൾ മാത്യു (യുഎസ്), ജെസി മാത്യു, പരേതരായ ജോൺ മാത്യു, പാസ്റ്റർ ജേക്കബ് മാത്യു. മരുമക്കൾ: അനിത പോൾ മാത്യു (യുഎസ്), ഷൈനി ജേക്കബ്, പരേതയായ സിനി ജോൺ.

**കോട്ടയം:** മര്യാത്തുരുത്ത് ഉണ്ണിക്കാട്ടിൽ രാജമ്മ അലക്സ് (91) അന്തരിച്ചു.

**കാഞ്ഞിരപ്പള്ളി:** എസ്എബിഎസ് സെ. ജോൺസ് പ്രോവിൻസ് കപ്പാട് ആരാധനാമഠാംഗം സിസ്റ്റർ ജോസഫൈൻ പിറ്റത്താങ്കൽ (മേരി–82) അന്തരിച്ചു.

**കാളിയാർ:** മുള്ളൻങ്കുത്തി കാട്ടുവള്ളിപറമ്പിൽ ചാക്കോ മത്തായി (104) അന്തരിച്ചു.

**കോതമംഗലം:** കോട്ടപ്പടി തോളേലി ഓടയ്ക്കൽ ജോഫ്സി അജു (38) അന്തരിച്ചു.

## മോളി ഈപ്പൻ

**കാഞ്ഞിരപ്പള്ളി:** ആനക്കല്ല് കിഴക്കേത്തലയ്ക്കൽ അയലൂപറമ്പിൽ മോളി ഈപ്പൻ (81) അന്തരിച്ചു. ചെമ്മലമറ്റം തറപ്പേൽ കുടുംബാംഗമാണ്. ഭർത്താവ് ഈപ്പൻ. മക്കൾ: ബിജി, ബിനോ (ഇരുവരും സ്വിറ്റ്സർലൻഡ്), ഫാ. ഡൊമിനിക് അയലൂപറമ്പിൽ (കോർപ്പറേറ്റ് മാനേജർ കാഞ്ഞിരപ്പള്ളി), ബിജോ (യുകെ), ബിന്ദു (എറണാകുളം), ജേക്കബ് (യുഎസ്). മരുമക്കൾ: റെജി വെളുത്തേടത്ത് ചങ്ങനാശേരി, ഡയാന വരയത്തുകരോട്ട് (പൂഞ്ഞാർ), സോയി മരിയ കാഞ്ഞിരക്കാട്ട് (കുമ്മണ്ണൂർ), ചാക്കോച്ചൻ പാലയ്ക്കൽ (മുണ്ടക്കയം), ടീന പൈകട

**അമയന്നൂർ:** നൂറോമ്മാക്കൽ കുഞ്ഞുഞ്ഞ് (പാപ്പച്ചൻ–82) അന്തരിച്ചു.

**വാഴൂർ:** പതിനഞ്ചാംമൈൽ കാഞ്ഞിരത്തറയിൽ കെ.ജെ. തോമസ് (കുഞ്ഞുമോൻ–81) അന്തരിച്ചു.

**കൊഴുവനാൽ:** കാനഡയിലെ ആദ്യകാല മലയാളി അദ്ധ്യാപകൻ കൊഴുവനാൽ നെടുംതകിടിയിൽ എൻ.എം. ഏബ്രഹാം (90) കാനഡയിൽ അന്തരിച്ചു.

**തോടനാൽ:** ചെറുതാഴത്ത് സി.എസ്. ശങ്കരനാരായണൻ നായർ (88) അന്തരിച്ചു.

**പാലാ:** പായിക്കാട്ട് വെള്ളൂർ ടെക്നിക്കൽ ഹൈസ്കൂൾ റിട്ട. അദ്ധ്യാപകൻ വി.കെ. ഗോപാലൻ (84) അന്തരിച്ചു.

**ഫോർട്ട്കൊച്ചി:** പ്രമുഖ നാടകരചയിതാവും സംവിധായകനും നോവലിസ്റ്റും ഗാനരചയിതാവുമായ നെൽസൺ ഫെർണാണ്ടസ് (91) അന്തരിച്ചു.

**ചാവറഗിരി:** കാവുകാട്ട് കത്രീന (87) അന്തരിച്ചു.

## ഡോ. ജോളി ഏബ്രഹാം

**മീനടം:** റാന്നി കുടത്തിനാലിൽ പരേതനായ കെ.സി. ഏബ്രഹാമിന്റെ ഭാര്യ ചെന്നൈ സെ. ജോസഫ്സ് കോളജ് ഓഫ് എൻജിനീയറിങ് മുൻ പ്രിൻസിപ്പൽ ഡോ. ജോളി ഏബ്രഹാം (79) അന്തരിച്ചു. പുത്തൻപുരയ്ക്കൽ കുടുംബാംഗമാണ്. മക്കൾ: ക്രിസ് (യുഎസ്), എഡി (സിംഗപ്പൂർ). മരുമക്കൾ: മായ (യുഎസ്), സാക്ഷി (സിംഗപ്പൂർ).

**ചാമംപതാൽ:** ഓർത്തഡോക്സ് സഭാ സുവിശേഷ പ്രസംഗകനായിരുന്ന കോട്ടയം ദേവലോകം ബസിലീയായിൽ പോൾ സിനിരാജ് മുഹമ്മദ് (72) അന്തരിച്ചു.

**കവിയൂർ:** മുംബൈ സെൻട്രൽ റെയിൽവേ റിട്ട. ഉദ്യോഗസ്ഥ ചാത്തമല അമ്പാട്ട് ജെസി ജോർജ് (66) അന്തരിച്ചു.

ഉദയനാപുരം: തലയോലപ്പറമ്പ് ഫാർമേഴ്സ് ബാങ്ക് റിട്ട. ചീഫ് അക്കൗണ്ടന്റ് തെക്കേവല്യാറ ടി.വി. തോമസ് (67) അന്തരിച്ചു.

**പള്ളം:** റിട്ട. സെക്ഷൻ ഫോറസ്റ്റ് ഓഫീസർ നടക്കാവിൽ എൻ.കെ. രാജു (85) അന്തരിച്ചു.

**കോട്ടയം:** വിസിറ്റേഷൻ സന്യാസിനി സമൂഹാംഗമായ സിസ്റ്റർ സ്റ്റാനി (78) അന്തരിച്ചു.

## അനിലാമോൾ

**കുമരകം:** മല്ലൻപറമ്പിൽ മരിയഭവൻ ഇംഗ്ലീഷ് മീഡിയം സ്കൂൾ ജീവനക്കാരി അനിലാമോൾ (56) അന്തരിച്ചു. ഭർത്താവ് എം.എ. ഏബ്രഹാം. മക്കൾ: ഡോ. മെയ്മോൾ (പുഷ്പഗിരി ആശുപത്രി), മേബിൻ. മരുമകൻ: ജെബിൻ ജോസഫ് (ഫിനാൻസ് കൺട്രോളർ (യുഎസ്).

**കൊയിലാണ്ടി:** അരനൂറ്റാണ്ടോളം ഓട്ടൻതുള്ളലിനെ ജീവശ്വാസമാക്കിയ ജനകീയ കലാകാരൻ മൂചുകുന്ന് പത്മനാഭൻ (65) അന്തരിച്ചു.

**ചങ്ങനാശേരി:** കാത്തലിക് സിറിയൻ ബാങ്ക് റിട്ട. ഉദ്യോഗസ്ഥൻ കോട്ടമുറി തുരുത്തിപ്പറമ്പിൽ ടി.സി. ചാക്കോ (80) അന്തരിച്ചു.

**പാലാ:** പറപ്പള്ളി പത്തിൽചിറയിൽ (തേജസ്) ജോബി ജെ. മാത്യു (56) അന്തരിച്ചു.

**കോഴിക്കോട്:** കിഡ്സൺസ് ഗ്രൂപ്പ് സ്ഥാപകനും കെൽട്രോൺ ഉല്പന്നങ്ങളുടെ മുഖ്യ വിതരണക്കാരനുമായിരുന്ന ചെറൂട്ടി നഗർ കോളനി കോരപറമ്പിൽ എൻജിനീയർ കെ. സോമസുന്ദർ (85) അന്തരിച്ചു.

**ആനക്കല്ല്:** മടുക്കക്കുഴി കൊച്ചുപുരയ്ക്കൽ കെ.സി. മാത്യു (മത്തായിച്ചൻ വൈദ്യൻ –90) അന്തരിച്ചു.

**കാഞ്ഞിരപ്പള്ളി:** കോൺഗ്രസ് ബ്ലോക്ക് വൈസ് പ്രസിഡണ്ട് കോവിൽക്കടവ് ലെയ്നിൽ ഓരായത്തിൽ ഒ.എം. ഷാജി (81) അന്തരിച്ചു.

## ചാച്ചി തോമസ്

**ഓണംതുരുത്ത്:** കൊച്ചുപറമ്പിൽ ചാച്ചി തോമസ് (90) അന്തരിച്ചു. ഭർത്താവ് പരേതനായ കെ.സി. തോമസ്. മക്കൾ: ജോയി, ജോസഫ്, തോമസ് (യുഎസ്), ജോബി (യുകെ), ജോസി. മരുമക്കൾ: ലിസി പതിക്കൽ കരിമ്പാനി, ജിജി പാലപ്പറമ്പിൽ കോതനല്ലൂർ, റീന ഏലംതാനം കരിങ്കുന്നം (യുഎസ്), ഷെൽബി കുപ്ലുഴയിൽ മറ്റക്കര (യുകെ), ജോബി അങ്ങേമഠത്തിൽ കടുത്തുരുത്തി.

**വാകത്താനം:** ഇടത്തറ കൊച്ചുകുന്നമ്മാമ്മൂട്ടിൽ ആലീസ് അന്ത്രയോസ് (70) അന്തരിച്ചു.

## ജോർജ് ഫിലിപ്പ്



**ഡാളസ്:** പെരുമ്പാവൂർ അഞ്ചേരിൽ കുടുംബാംഗവും ഡാളസിലെ ആദ്യകാല പ്രവാസി മലയാളിയുമായ ജോർജ് ഫിലിപ്പ് (94) ഡാളസിൽ അന്തരിച്ചു. ചെങ്ങന്നൂർ അങ്ങാടിക്കൽ തോട്ടുംകര കുടുംബാംഗം ഏലിയാമ്മ ജോർജാണ് ഭാര്യ. മക്കൾ: സുധ വിൽസൺ, സുബി ജോർജ്, സുജ ജോർജ്, സുകു ജോർജ് (എല്ലാവരും ഡാളസിൽ). മരുമക്കൾ: വിൽസൺ വർഗീസ്, ലാറി ജോർജ്, മൈക്കിൾ ജ്യൂവർട്ട്, റീന ജോർജ്. മാർത്തോമ്മാ സഭയുടെ നോർത്ത് അമേരിക്ക ഭദ്രാസന മുൻ കൗൺസിൽ അംഗം ജോർജ് വിൽസൺ(അപ്പു) കൊച്ചുമകനാണ്.

**കായംകുളം:** മലങ്കര ഓർത്തഡോക്സ് സഭയുടെ മാവേലിക്കര ഭദ്രാസനത്തിലെ സീനിയർ വൈദികൻ മൂന്നാംകുറ്റി പുള്ളികണക്ക് കാർമലിൽ ഫാ. സി. കോശി (72) അന്തരിച്ചു.

**പന്തളം:** കവിയും വാഗ്മിയും ഗ്രന്ഥകാരനുമായ തോന്നല്ലൂർ അശ്വതിയിൽ പ്രഫ. ചെറുകുന്നം പുരുഷോത്തമൻ (89) അന്തരിച്ചു.

**ചുമക്കര തെക്ക്:** ചുനക്കര ഗവ. യുപിഎസ് റിട്ട. അദ്ധ്യാപിക ഇലങ്കത്തിൽ സാറാമ്മ ജോർജ് (101) അന്തരിച്ചു.

**മല്ലപ്പള്ളി:** ദേവങ്കര ചവണിക്കാമണ്ണിൽ ഗ്രേസി വർഗീസ് (69) അന്തരിച്ചു.

**അരീപ്പറമ്പ്:** റിട്ട. ഹവിൽദാർ ആലയ്ക്കപ്പറമ്പിൽ കൃഷ്ണവിലാസത്തിൽ എ.കെ. രാധാകൃഷ്ണൻ നായർ (87) അന്തരിച്ചു.

**ഒളശ്ശ:** അരവിന്ദശ്ശേരിൽ കുര്യൻ കുര്യൻ (ഷാജൻ–67) അന്തരിച്ചു.

## കുട്ടിയമ്മ മൈക്കിൾ

**മുട്ടം:** മുട്ടം പഞ്ചായത്ത് അംഗം പൂവത്തിങ്കൽ കുട്ടിയമ്മ മൈക്കിൾ (73) അന്തരിച്ചു. മേലുകാവ് തെക്കേൽ കുടുംബാംഗമാണ്. ഭർത്താവ് പി.എ. മൈക്കിൾ. മക്കൾ: ഡോ. ബിന്ദു ബെനറ്റ്, ബിബിൻ മൈക്കിൾ (ഇരുവരും യുഎസ്), റാണി മൈക്കിൾ (ചെന്നൈ). മരുമക്കൾ: ഡോ. അമൃത് ബെനറ്റ്, നെയ്യശേരി കരിന്തോളിൽ ലിഡിയ എലിസബത്ത് (ഇരുവരും യുഎസ്), വെങ്കിടേശ് (ചെന്നൈ).

**മരങ്ങാട്ടുപിള്ളി:** ചേരാടിക്കൽ സി.ജെ. മാത്യു (71) അന്തരിച്ചു.

**പാറമ്പുഴ:** പാലനിൽക്കുംകാലായിൽ (ചുരക്കാട്ട്) റോസമ്മ (89) അന്തരിച്ചു.

**തിരുവനന്തപുരം:** മേരിമക്കൾ സന്യാസിനി സമൂഹത്തിലെ സെ. ജോസഫ്സ് പ്രോവിൻസ് അംഗമായ സിസ്റ്റർ എമിരിറ്റ് (87) അന്തരിച്ചു.

**കൊല്ലം:** റിട്ട. സർവ്വേയറും സുവിശേഷ പ്രസംഗകനുമായിരുന്ന പുയപ്പള്ളി കിഴക്കത്തുവീട്ടിൽ (കാവുവിളയിൽ) കെ.എം. ബേബി (84) അന്തരിച്ചു.

## കെ.വി. ഏലിയാമ്മ

കാടമുറി: വാഴക്കാലചിറയിൽ കെ.വി. ഏലിയാമ്മ (83) അന്തരിച്ചു. പുതുപ്പള്ളി പാലൂർ പുത്തൻവീട്ടിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ സി.പി. തോമസ്. മക്കൾ: ഫിലിപ്പ് തോമസ്, ജോർജ് തോമസ് (യുഎസ്). മരുമക്കൾ: സോമോൾ ഫിലിപ്പ്, ഷൈജ (യുഎസ്).

**വാഴത്തോപ്പ്:** ആന്റോപുരം പാറേക്കുടിയിൽ മരിയ ജോർജ് (28) അന്തരിച്ചു.

**ആലുവ:** മുൻ ദേശീയ ഫുട്ബോൾ താരവും തുത്തുക്കുടി പോർട്ട് ട്രസ്റ്റ് റിട്ട. അസി. ട്രാഫിക് മാനേജരുമായിരുന്ന കരുവേലിൽ കെ.പി. പോൾസൺ (66) അന്തരിച്ചു.

**കാവാലം:** എൽഎഫ്എച്ച്എസ് റിട്ട. അദ്ധ്യാപിക കുന്നുമ്മ കിഴക്ക് മൂലേച്ചേരിൽ ലീലാമ്മ മാത്യു (88) അന്തരിച്ചു.

**എടക്കാട്ടുവയൽ:** റിട്ട. അദ്ധ്യാപകൻ ബിജോയ് ഭവനിൽ പി.പി. തോമസ് (98) അന്തരിച്ചു.

**മുട്ടം:** തോട്ടുങ്കര കല്ലുപറമ്പിൽ മനോജ് (44) അന്തരിച്ചു.

**റാന്നി:** ബിഎസ്എൻഎൽ റിട്ട. ഉദ്യോഗസ്ഥ പുലിപ്രത്ത് ടി.എസ്. മറിയാമ്മ (വത്സമ്മ–64) അന്തരിച്ചു.

**പൂഞ്ഞാർ:** റിട്ട. യു.ഡി. ക്ലാർക്ക് മങ്കുഴിയിൽ തങ്കമണി രാജപ്പൻ (89) അന്തരിച്ചു.

തേവലക്കര: കല്ലുവിള കിഴക്കേതിൽ കുട്ടിയമ്മ വർഗീസ് (82) അന്തരിച്ചു.

**കൂത്താട്ടുകുളം:** പുന്നത്താനത്ത് മേരി സ്കറിയ (84) അന്തരിച്ചു.

**പാമ്പാടി:** പള്ളിക്കുന്നേൽ മറിയാമ്മ പൗലോസ് (92) അന്തരിച്ചു.

KERALA EXPRESS Classified

# MALAYALEE CARETAKER/ BABYSITTER NEEDED – MINNESOTA (6 MONTHS)

A young malayalee family in Minnesota is seeking a reliable and caring live-in caretaker/babysitter to assist with the care of two small children.

**Position Details:**

Duration: 6-12 months (Summer & Fall Season only)
Live-in arrangement/ Accommodation provided
Primary focus on childcare
Light household duties (e.g., tidying, basic help)
Travel expenses covered

We are looking for someone who is nurturing, patient, and enjoys working with young children. Salary and overall compensation can be discussed further over a phone call.

**CONTACT:**

**Mithun @ 651-895-3887**

**for further details.**

# BABYSITTER NEEDED IN NILES, ILLINOIS

Seeking a reliable and caring babysitter for a 3-year-old toddler in Niles, IL. Position begins May 2026 and requires availability 3–4 days per week.

**For more information, please call or text**

**708-250-4845**

# BABYSITTER WANTED IN ST LOUIS

Doctor and family near St Louis, MO seeking a kind, reliable live-in babysitter. Responsibilities include infant care and daily housework as needed. Private room included.

**Please call or email if interested**

**Leyah at 201-207-8299**

**leyahelizabeth@gmail.com**

## *Favors Received*



*Inserted by: Firm Believer, Chicago*

## *Favors Received*



*Inserted by: Firm Believer, Chicago*

# PRIME KERALA INVESTMENT OPPORTUNITY FOR NRIs

## 1 Acre Property with House for Sale in Ettumanoor, Kerala

This is the right time to invest in Kerala real estate while property prices are still attractive. Experts expect strong appreciation in the coming years, making this an excellent long-term investment opportunity for NRIs.

**Property Highlights**

- 1 Acre land witha house
- Prime location in Ettumanoor
- Panchayat tarred road access on both sides
- Plenty of natural water within the property
- Ideal for farming, fruit trees, farmhouse, or peaceful retirement living
- Schools, churches, hospitals, and town facilities nearby
- Excellent appreciation potential over the next 5–6 years

Invest today — enjoy nature, peace, and future financial growth.

**Serious Buyers / Investors Only**

**Investment Starting from Rs. 1.2 Crore**

**USA: +1 630 903 7680**

**USA: +1 630 728 7956**

**INDIA: +91 94961 15802**

**Direct Owner Sale**

***Part transaction can be arranged in foreign currency.***

# CAREGIVER NEEDED – OKLAHOMA CITY

## (Malayalee Christian Preferred)

An 80-year-old Ammachi in Oklahoma City is seeking a compassionate and reliable Malayalee Christian caregiver. This role can be either live-in or part-time (a few times per week) depending on availability.

**Responsibilities include:**

• Light cooking (Indian/Malayalee meals preferred) • Household chores • Grocery shopping and errands • General companionship and support

**Preferred qualifications:**

• Malayalee Christian background
• Ability to drive (strongly preferred)
• Kind, patient, and trustworthy nature

Ammachi is currently independent and able to drive short distances but would benefit from additional support.

**Contact:**

**Annie Shepherd**

**321-287-0187**

Visit Our Website: www.keralaexpress.com for Classified Advt.




# എഐ സിനിമ 'വാഗ്ദത്ത ഭൂമി' തിയറ്ററുകളിലേക്ക്

മലയാളത്തിലെ ആദ്യത്തെ എഐ സിനിമ വാഗ്ദത്ത ഭൂമി തിയറ്റർ റിലീസിന് ഒരുങ്ങുന്നു. ചിത്രത്തിന്റെ ട്രെയിലർ ലോഞ്ചും പ്രസ് മീറ്റും കൊച്ചിയിൽ നടന്നു. വാലപ്പൻ ക്രിയേഷൻസിന്റെ ബാനറിൽ ഷാജു വാലപ്പൻ നിർമിച്ച് സിദ്ധിക്ക് പറവൂർ രചന, ആനിമേഷൻ, സംവിധാനം എന്നിവ നിർവഹിച്ച സിനിമ, ആദ്യമായി എഐ സാങ്കേതികവിദ്യ പൂർണമായി ഉപയോഗിച്ച മലയാളം ചിത്രം കൂടിയാണ്. വാലപ്പൻ ക്രിയേഷൻസിന്റെ ബാനറിൽ ഇറങ്ങുന്ന നാലാമത്തെ ചിത്രമാണിത്. കേരളത്തിലെ ഒരു മലയോര ഗ്രാമത്തിന്റെ മണ്ണും മഴയും പുഴകളും ചേർന്ന് രൂപപ്പെടുത്തിയ ജീവിതമാണ് സോളമന്റേത്. തലമുറകളായി കൈമാറി വന്ന കൃഷിഭൂമിയും ഓർമകൾ നിറഞ്ഞ തറവാടുവീടും അദ്ദേഹത്തിന് വെറും ഒരു സ്ഥലമല്ല. അത് പിതാക്കന്മാരുടെ അധ്വാനവും ആത്മാവുമാണ്.




ഭാര്യ ക്ലാരയോടൊപ്പം സന്തോഷത്തോടെ കഴിഞ്ഞുകൂടുന്ന സോളമന്റെ ജീവിതത്തിലേക്ക് അപ്രതീക്ഷിതമായി ഒരു കൊടുങ്കാറ്റായി മകൻ സാം കടന്നുവരുന്നു. തൊഴിൽ തേടി കാനഡയിലേക്കു കുടിയേറിയ സാം അവിടെ പുതിയ ജീവിതം കെട്ടിപ്പടുക്കാനായി സോളമന്റെ പേരിലുള്ള വീടും കൃഷിസ്ഥലവും വിൽക്കാൻ അയാളുടെ അനുവാദം ചോദിക്കാതെ കരാറിൽ ഏർപ്പെടുന്നു.

കാനഡയിൽ സ്വന്തമായി ഒരു വീട് വാങ്ങുന്നതിനാണ് സാം ഇപ്രകാരം ചെയ്യുന്നത്. ഇതോടെ നാട് വിട്ടു പോകാൻ ഇഷ്ടപ്പെടാത്ത സോളമനും മകനും തമ്മിലുള്ള ആത്മസംഘർഷം ശക്തമാകുന്നു. മണ്ണിനോടുള്ള ആത്മബന്ധവും കുടിയേറ്റത്തിന്റെ യാഥാർത്ഥ്യങ്ങളും തമ്മിലുള്ള ഈ മാനസിക പോരാട്ടം ഇന്നത്തെ മലയോര മേഖലകൾ നേരിടുന്ന വലിയ സാമൂഹിക പ്രതിസന്ധിയെ മുന്നോട്ട് വെക്കുന്നു. യുവതലമുറ നാടുവിട്ടു പോകുമ്പോൾ ഗ്രാമങ്ങൾ പതുക്കെ വയസൻമാരുടെ താഴ്വരകളായി മാറുന്നു. കുടുംബബന്ധങ്ങളുടെ നിശബ്ദ വേദനയും തലമുറകളുടെ സ്വപ്നങ്ങളും പ്രകൃതിയോടു ചേർന്ന മനുഷ്യന്റെ അടുപ്പവും ആഴത്തിൽ സ്പർശിക്കുന്ന സിനിമയാണ് വാഗ്ദത്ത ഭൂമി. പൂർണമായും നിർമിത ബുദ്ധി ഉപയോഗിച്ച് നിർമിച്ച മലയാളത്തിലെ ആദ്യ സിനിമയാണിത്.

ഇന്ത്യൻ സിനിമയിലെ ആദ്യ എഐ ആർട്ട് ഹൗസ് സിനിമ എന്ന പ്രത്യേകതയും വാഗ്ദത്ത ഭൂമിക്ക് അവകാശപ്പെട്ടതാണ്. ഷാജു വാലപ്പൻ, സിദ്ദിഖ് പറവൂർ, ഡോക്ടർ അനശ്വര, ജലീൽ ബാദുഷ, തേക്കിൻകാട് ജോസഫ്, ലിൻസി, ജോസ് മാമ്പുള്ളി, നസീമ അറക്കൽ എന്നിവർ പത്രസമ്മേളനത്തിൽ പങ്കെടുത്തു.

# കറുപ്പ് – സൂര്യയുടെ വമ്പൻ തിരിച്ചുവരവ്

സൂര്യ-ആർ.ജെ. ബാലാജി ചിത്രം കറുപ്പ് പ്രതിസന്ധികൾക്കൊടുവിൽ തിയറ്റർ റിലീസായി. പ്രീ സെയിൽ ബുക്കിംഗ് ഇല്ലാതിരുന്നിട്ടും പ്രതിസന്ധികൾ തരണം ചെയ്തു തിയറ്ററിലെത്തിയ ചിത്രത്തിന് ആദ്യ ദിനം ബുക്ക്



മൈ ഷോയിൽ മാത്രം ആറു ലക്ഷത്തി എഴുപതിനായിരത്തിലധികം ടിക്കറ്റുകൾ വിൽക്കാനായി. റിലീസ് ചെയ്ത എല്ലാ സംസ്ഥാനങ്ങളിലും ആദ്യ ദിനം ഗംഭീര പ്രേക്ഷക പ്രതികരണവും ഹൗസ് ഫുൾ ഷോകളും ലേറ്റ് നൈറ്റ് അഡീഷണൽ ഷോകളും നടന്നു. സൂര്യയുടെ ഗംഭീര പ്രകടനമാണ് ചിത്രം സമ്മാനിക്കുന്നത്. മലയാളി താരങ്ങളായ ഇന്ദ്രൻസ്, അനഘ, സ്വാസിക, ശിവദ എന്നിവരുടെ മികച്ച പ്രകടനങ്ങളും ചിത്രത്തിലുണ്ട്.

രണ്ട് പതിറ്റാണ്ടുകൾക്ക് ശേഷം സൂര്യയും തൃഷയും വീണ്ടും ഒന്നിക്കുന്നതാണ് ചിത്രത്തിന്റെ പ്രധാന ആകർഷണം. ഇരുവരും ഇതുവരെ ചെയ്ത വേഷങ്ങളിൽനിന്ന് വ്യത്യസ്തമായ ഗെറ്റപ്പിലും മേക്കോവറിലുമായാണ് കറുപ്പിൽ എത്തുന്നത്. വൈറൽ ഹിറ്റുകളിലൂടെ ശ്രദ്ധേയനായ യുവ സംഗീത സംവിധായകൻ സായ് അഭയങ്കറാണ് ചിത്രത്തിന് സംഗീതം ഒരുക്കുന്നത്. ചിത്രത്തിലെ ഗാനങ്ങൾക്കും പശ്ചാത്തല സംഗീതത്തിനും വൻ വരവേൽപ്പാണ് പ്രേക്ഷകർ തീയറ്ററിൽ നൽകുന്നത്.

നാട്ടി, മായ രവി, സുപ്രീത് റെഡ്ഡി തുടങ്ങിയ പ്രമുഖ താരങ്ങളും ചിത്രത്തിൽ പ്രധാന വേഷങ്ങളിൽ എത്തുന്നു. സൂര്യ-തൃഷ കൂട്ടുകെട്ടിന്റെ മാജിക് ബിഗ് സ്ക്രീനിൽ കറുപ്പിലൂടെ പ്രേക്ഷകർക്ക് സമ്മാനിക്കുകയാണ് ചിത്രം.

# ഫഹദ് ഫാസിലും ശിവദയും ഒന്നിക്കുന്നു

മെയ്യഴഗൻ, 96 എന്നീ ഹൃദയസ്പർശിയായ ചിത്രങ്ങൾക്കുശേഷം സംവിധായകൻ സി. പ്രേം കുമാർ ഒരുക്കുന്ന പുതിയ ചിത്രത്തിൽ ഫഹദ് ഫാസിലും ശിവദയും കേന്ദ്ര കഥാപാത്രങ്ങളായി എത്തുന്നു. താത്കാലികമായി പ്രൊഡക്ഷൻ നമ്പർ 32 എന്ന് പേരിട്ടിരിക്കുന്ന ചിത്രത്തിന്റെ പൂജാ ചടങ്ങുകൾ ചെന്നൈയിൽ നടന്നു. ത്രില്ലർ ജോണറിലാണ് ചിത്രം ഒരുങ്ങുന്നത് എന്ന് സംവിധായകൻ നേരത്തെ വെളിപ്പെടുത്തിയിരുന്നു.

സി. പ്രേം കുമാറിന്റെ സ്ഥിരം സഹപ്രവർത്തകനായ ഹിറ്റ് മേക്കർ ഗോവിന്ദ് വസന്ത വീണ്ടും സംഗീത സംവിധാനം നിർവഹിക്കുന്ന ഈ ചിത്രം ഇഷാരി കെ. ഗണേഷ് അവതരിപ്പിക്കുന്നു. വേൽസ് ഫിലിം ഇന്റർനാഷണലും മൺസൂൺ മൂവീസും ചേർന്നാണ് ചിത്രത്തിന്റെ നിർമാണം നിർവഹിക്കുന്നത്.

വടിവേലുവിനൊപ്പം മാരീസൻ എന്ന ചിത്രത്തിൽ അവസാനമായി അഭിനയിച്ച ഫഹദ് ഫാസിലിന്റെ ആദ്യത്തെ തമിഴ് സോളോ ലീഡ് ചിത്രമെന്ന പ്രത്യേകതയും ഈ സിനിമയ്ക്കുണ്ട്.

ചിത്രത്തെ കുറിച്ച് മുമ്പ് സംസാരിക്കുമ്പോൾ സംവിധായകൻ സി. പ്രേം കുമാർ പറഞ്ഞത് ഇങ്ങനെ: 'ഫഹദ് ഫാസിലിനൊപ്പമുള്ള എന്റെ പുതിയ ചിത്രം ഞാൻ ഇതുവരെ ചെയ്ത സിനിമകളിൽ നിന്നെല്ലാം വ്യത്യസ്തമായിരിക്കും. എന്നാൽ '96' നും 'മെയ്യഴകൻ'നും പ്രേക്ഷകർ നൽകിയ വികാരാത്മകമായ അനുഭവം ഈ ചിത്രത്തിലും ഉണ്ടാകും. കഴിഞ്ഞ നാലു വർഷമായി മനസിൽ കൊണ്ടുനടക്കുന്ന ഒരു ആക്ഷൻ ത്രില്ലർ കഥയാണിത്. പലരും ഇത്തരമൊരു ജോണറിലേക്ക്




പോകരുതെന്ന് ഉപദേശിച്ചെങ്കിലും അതാണ് എന്നെ കൂടുതൽ ആവേശത്തിലാക്കിയത്. കഥയുടെ ആദ്യ 45 മിനിറ്റ് മാത്രം ഫഹദ് സാറിനോടു പറഞ്ഞപ്പോൾ തന്നെ അദ്ദേഹം അതിയായ ആവേശം പ്രകടിപ്പിച്ചു. അതാണ് ഈ ചിത്രം മുന്നോട്ടു കൊണ്ടുപോകാൻ എനിക്ക് ആത്മവിശ്വാസം നൽകിയത്. ഇത് ഒരു ഡയറക്ട് തമിഴ് സിനിമയായിരിക്കും.' ചിത്രത്തിൽ ചേതൻ, ഹരീഷ് ഉത്തമൻ, കരുണാകരൻ എന്നിവരും പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു. മെയ്യഴഗൻ സിനിമയുടെ ഛായാഗ്രാഹകനായ മഹേന്ദ്രൻ ജയരാജു കാമറ കൈകാര്യം ചെയ്യുന്ന ചിത്രത്തിന്റെ എഡിറ്റിംഗ് ആർ. ഗോവിന്ദരാജാണ് നിർവഹിക്കുന്നത്.

മഹേഷ് നാരായണന്റെ പേട്രിയറ്റ് എന്ന ചിത്രത്തിൽ നേരത്തെ ഒരുമിച്ച് അഭിനയിച്ചിരുന്നെങ്കിലും ഫഹദ് ഫാസിലും ശിവദയും ആദ്യമായി ഒരു സിനിമയിൽ നായകനും നായികയും ആയി ഒന്നിക്കുന്ന ചിത്രമാണിത്.




# മോഹൻലാലിന്റെ അനശ്വര കഥാപാത്രമായ മംഗലശേരി നീലകണ്ഠനിലേക്ക് ഒരു തിരിഞ്ഞുനോട്ടം

**1993**-ലാണ് പ്രശസ്ത സംവിധായകൻ ഐ.വി. ശശിയുടെ സംവിധാനത്തിൽ ദേവാസുരം എന്ന ചിത്രം തിയറ്ററുകളിലെത്തുന്നത്. അതായത് 33 വർഷങ്ങൾക്കു മുൻപ് ... കഥയും തിരക്കഥയും രഞ്ജിത്തിന്റേതായിരുന്നു. രഞ്ജിത്ത് എന്ന അന്നത്തെ യുവ തിരക്കഥാകൃത്തിനെ മലയാള സിനിമ ലോകത്ത് പ്രതിഷ്ഠിക്കുന്നതും ഈ ചിത്രം തന്നെ. വി.ബി.കെ. മേനോൻ ആയിരുന്നു നിർമാതാവ്. തൃശൂർ സ്വദേശി മുല്ലശേരി രാജഗോപാൽ എന്ന യഥാർത്ഥ വ്യക്തിയുടെ ജീവിതത്തിൽ നിന്നും പ്രചോദനം ഉൾക്കൊണ്ടാണ് രഞ്ജിത്ത് തിരക്കഥ എഴുതുന്നത്.

ഐ.വി. ശശിയുടെ മുൻ ശൈലികളിൽ നിന്നും വേറിട്ട സിനിമ മലയാളികൾ ഒന്നാകെ ഏറ്റെടുത്തു. കരുത്തും കനിവും ഒരുപോലെ കലരുന്ന നായകൻ മംഗലശേരി നീലകണ്ഠൻ പിന്നീട് മലയാളത്തിന്റെ സ്വപ്ന നായകനായി. മോഹൻലാൽ വെള്ളിത്തിരയിൽ അവതരിപ്പിച്ച നായക കഥാപാത്രങ്ങളിൽ ഒരു പ്രധാന കഥാപാത്രം തന്നെയാണ് മംഗലശേരി നീലകണ്ഠൻ.

നെഗറ്റീവ് ഷെയ്ഡ് ഉള്ള നായകന്മാർ ദേവാസുരത്തിന് മുൻപും മലയാള സിനിമയിൽ ഉണ്ടായിട്ടുണ്ട് എങ്കിലും മംഗലശേരി നീലകണ്ഠൻ ഒരു വെറൈറ്റി തന്നെയാണ്. മീശ പിരിച്ച്, ചുണ്ടിൽ ഒരു കുസൃതി ചിരിയുമായി ചാരുകസേരയിൽ കിടക്കുന്ന നീലനെ പെട്ടെന്നൊന്നും മറക്കാൻ കഴിയില്ല.

ഇക്കാലത്ത് നമ്മൾ കൂടുതലും കാണുന്നത് ചോക്ലേറ്റ് ബോയ് പരിവേഷമുള്ള ആൺകുട്ടികളെയാണ്. ജീവിതത്തിലും സിനിമയ്ക്കുള്ളിലും ഇത്തരത്തിലുള്ളവരാണ് കൂടുതൽ എന്നു പറയേണ്ടിവരും. ഇവിടെയാണ് നീലകണ്ഠനെ പോലെയുള്ള കഥാപാത്രത്തിന്റെ പ്രസക്തിയും.

ഇവിടെ ഒരു കാര്യം കൂടി പിൽക്കാലത്ത് മോഹൻലാൽ ജീവൻ നൽകിയ അമാനുഷ കഥാപാത്രങ്ങളിൽ നിന്നു വ്യത്യസ്തനാണ് നീലകണ്ഠൻ. അസുരാംശവും ദേവാംശവും ഇടകലർന്ന ഒരു മനുഷ്യൻ. സ്നേഹത്തിന്റെ അലകടൽ ഉള്ളിൽ ഒളിപ്പിച്ച് വച്ച മൂക്ക്പൊടി വലിച്ചും കള്ളു കുടിച്ചും പെണ്ണുങ്ങളെ വട്ടം ചുറ്റിച്ചും നീലൻ എപ്പോഴൊക്കെയോ മനുഷ്യനായി മാറുന്നുണ്ട്. പിന്നീടെപ്പോഴൊ ദൈവമായും! എന്താ വാര്യരെ ഞാനിങ്ങനെ ആയിപ്പോയത്? എന്ന് ഒരു കുട്ടിയുടെ നിഷ്കളങ്കതോടെ ഇന്നസെന്റിന്റെ കഥാപാത്രത്തോട് ചോദിക്കും. എന്നാൽ വളരെ പെട്ടെന്ന് ആ പഴയ നീലകണ്ഠനിലേക്ക്, നീലകണ്ഠന്റെ അഹങ്കാരത്തിലേക്ക് മടങ്ങി വരുന്നതും കാണാം. ഒരു സാധാരണ മനുഷ്യന്റെ ഉള്ളിലെ നന്മയുടെയും തിന്മയുടെയും സംഘർഷമാണ് ഇതിലൂടെ പ്രേക്ഷകർക്കു മുന്നിലെത്തുന്നത്. വില്ലനായാണ് രംഗപ്രവേശമെങ്കിലും നന്മയിലേക്ക് നടക്കാൻ കൊതിക്കുന്ന ഒരു മനസ്സ് നീലകണ്ഠനിൽ ഉണ്ട്. സ്നേഹത്തിന്, പ്രണയത്തിന്, സൗഹൃദത്തിന് നൽകുന്ന ഒരു മാനം ഉണ്ട്. നെപ്പോളിയൻ അവതരിപ്പിക്കുന്ന മുണ്ടയ്ക്കൽ ശേഖരനിൽ നിന്നും നീലകണ്ഠനെ വ്യത്യസ്തനാക്കുന്ന മൂല്യബോധമാണ് ഇത്.



നീലകണ്ഠന്റെ കുറുമ്പും കുസൃതിയും അതീവ രസകരമായി എത്തുന്ന ഒട്ടനവധി രംഗങ്ങൾ ഉണ്ട് സിനിമയിൽ. മോഹൻലാൽ എന്ന അതുല്യ നടന്റെ അഭിനയം സാക്ഷ്യപ്പെടുത്തുന്ന രംഗങ്ങളും അനവധി. സിനിമയുടെ ആദ്യഭാഗത്ത് നടി രേവതി മനോഹരമാക്കിയ ഭാനുമതി എന്ന കഥാപാത്രത്തെകൊണ്ട് നിർബന്ധപൂർവം നൃത്തം ചെയ്യിപ്പിക്കുന്ന രംഗം തന്നെ എടുക്കാം. പൂമുഖത്തെ ചാരു കസേരയിൽ ചാരി കിടന്ന് കൈവിശറി കൊണ്ട് സ്വയം വീശി ഒക്കെയാണ് ആ നൃത്തം ചെയ്യിപ്പിക്കൽ. അസുരതയുടെ നിമിഷങ്ങൾ ആണത്. എങ്കിലും അതിനിടയ്ക്ക് മുറിയുടെ ഒരു വശത്ത് നൃത്തത്തിനു വേണ്ടി പാട്ടുപാടി കൊണ്ടിരിക്കുന്ന നായികയെ നോക്കി കണ്ണിറുക്കുന്ന നീലകണ്ഠനേയും കാണാം. ചുണ്ടിൽ ഒരു വഷളൻ ചിരിയുമായി... പിരിമുറുക്കത്തിന്റേ, ആത്മ സംഘർഷത്തിന്റെ ആ വേളയിലും നീലകണ്ഠൻ കാണിക്കുന്ന ആ കുറുമ്പു കാണുമ്പോൾ രംഗത്തിന്റെ ഗൗരവം മറന്ന് ഒരു നിമിഷം പ്രേക്ഷകർ അറിയാതെ ചിരിച്ചു പോകുന്നു!




മംഗലശേരി നീലകണ്ഠനെ പോലെ ഇത്രയേറെ വൈവിധ്യം ഉള്ളിൽ നിറയുന്ന ഒരു കഥാപാത്രം മലയാള സിനിമയിൽ അധികമില്ല. കോന്തൻ വാര്യരെ എന്നു വിളിക്കുമ്പോൾ ഉള്ള മുഖം ഒന്നോർത്തു നോക്കുക. ഇനി താൻ മംഗലശേരി മാധവമേനോന്റെ മകൻ അല്ലെന്നും, താൻ പാരമ്പര്യം പിഴച്ചു പെറ്റ ഒരു അമ്മയുടേതാണെന്നു നീലകണ്ഠൻ തിരിച്ചറിയുന്ന ആ രാത്രിയിലെ നീലനെ കാണാം...കോരിച്ചൊരിയുന്ന മഴയത്ത് അച്ഛന്റെ കാറിനെ നോക്കി പറയുന്നത്... ഇതെന്റെ മരണമാണ്. മംഗലശേരി നീലകണ്ഠന്റെ മരണം... ആവശ്യത്തിനും അനാവശ്യത്തിനും താൻ എടുത്തു പറഞ്ഞ ഒരു പേര് എന്റെ അച്ഛന്റെ പേര്. എന്റെ നാവിൻ തുമ്പിലിരുന്ന് പൊള്ളുകയാണ്... കഥാപാത്രത്തിന്റെ ഉള്ളാഴങ്ങളിലേക്ക് നടൻ അറിയാതെ നടന്നു പോകുന്ന ഒരു മാന്ത്രികത ദൃശ്യമാണ്.

അതുപോലെ 'അംഗോപാംഗം'... എന്നു തുടങ്ങുന്ന നൃത്തത്തിനു ഒടുവിൽ കാലിൽ നിന്നു ചിലങ്കകൾ ഊരി നീലകണ്ഠനു മുന്നിൽ എറിയുന്ന ഭാനുമതി. ആ സമയത്തെ രേവതിയുടെ ഭാനുമതി പറയുന്നു... ഉള്ളിൽ ഒരായിരം മുള്ളുകൾ കുത്തിയിറങ്ങുന്ന വേദനയിലും എനിക്ക് സന്തോഷിക്കാൻ ഞാനിത് ഇവിടെ ഉപേക്ഷിക്കുകയാണ് എന്നന്നേക്കുമായി... ചിലങ്കകൾ മുന്നിലേക്ക് തെറിച്ചു വീഴുന്ന സമയത്തെ മോഹൻലാലിന്റെ മുഖത്ത് നിറയുന്ന ഒരു ഭാവം, ഇനി സിനിമ കാണുമ്പോൾ ശ്രദ്ധിക്കണം. അല്ലെങ്കിൽ വീഡിയോ ക്ലിപ്പുകളിൽ ശ്രദ്ധാപൂർവം നോക്കണം. എന്തെന്ന് വേർതിരിച്ചെടുക്കാൻ പറ്റാത്ത ഒരു എക്സ്പ്രഷൻ ആണത്. ദേഷ്യവും സങ്കടവും വൈരാഗ്യവും കുറ്റബോധവും എല്ലാം കൂടി തിങ്ങി വിങ്ങിയ ഒരു അവസ്ഥ.

പുരുഷന്റെ ഈഗോ തകർച്ച മാത്രമല്ല അത്, മാടമ്പിയായ ഒരു ഭൂവുടമയുടെ പ്രാമാണ്യം പെട്ടെന്ന് തകർന്നതിന്റെ ഒരു വിഹ്വലതയും അതിലുണ്ട്.

മുണ്ടയ്ക്കൽ ശേഖരനെ പോലുള്ള ഒരു വേട്ടക്കാരനിൽ നിന്നും സ്ത്രീയെ രക്ഷിക്കുന്ന ഒരു പുരുഷനായി ദേവാസുരത്തിനൊടുവിൽ നീലകണ്ഠൻ എത്തുന്നുണ്ട്. പെണ്ണിനെ രക്ഷിക്കേണ്ടത് പുരുഷനാണോ? സ്ത്രീ തന്നെയല്ലേ സ്ത്രീയുടെ രക്ഷ എന്ന പുതിയ സമവാക്യങ്ങൾ ഒന്നും അറിയാത്ത ഒരു തലമുറ നീലകണ്ഠൻ എന്ന ഹീറോ മുണ്ടയ്ക്കൽ ശേഖരനെ തകർക്കുന്നതു കണ്ടു കൈയടിച്ചു. അങ്ങനെ കരുത്തും കാരുണ്യവും പ്രണയവും സൗന്ദര്യവും എല്ലാം ചേർന്ന ഒന്നിനെ, ഒരു തലമുറ മംഗലശേരി നീലകണ്ഠൻ എന്നു വിളിച്ചു.

പിന്നാലെ വന്ന തലമുറകളും നീലകണ്ഠന്റെ ആരാധകരായി മാറുന്ന കാഴ്ചയാണ് പിന്നീട് കണ്ടത്. പെൺകുട്ടികൾ മാത്രമല്ല യുവാക്കളും കൗമാരക്കാരും ദേവാസുരത്തിന്റെ ആരാധകരായി മാറുന്നത് കണ്ടിട്ടുണ്ട്.

# ഇടഞ്ഞോടിയ ആന വാഹനങ്ങളും മതിലുകളും തകർത്തു

തൃശൂർ: നഗരത്തിൽനിന്ന് കിലോമീറ്ററുകളോളം ഇടഞ്ഞോടിയ ആന ജനവാസ മേഖലയിൽ നിരവധി നാശനഷ്ടങ്ങൾ സൃഷ്ടിച്ചു. കൊല്ലത്തുനിന്ന് എത്തിച്ച ശിവലക്ഷ്മി അയ്യപ്പൻ എന്ന ആനയാണ് ഇടഞ്ഞത്. തേക്കിൻകാട് മൈതാനത്തുനിന്ന് ഇടഞ്ഞോടിയ ആനയെ രണ്ടര മണിക്കൂറിനുശേഷം നഗരത്തിൽനിന്ന് മൂന്നു കിലോമീറ്റർ അകലെ ചേറൂർ ഗാന്ധിനഗർ സ്ട്രീറ്റിൽ ജനവാസമേഖലയിലെ ഒരു വീട്ടുവളപ്പിലാണു തളച്ചത്.

തേക്കിൻകാട് മൈതാനത്തുകൂടെ നടത്തിക്കൊണ്ടു പോകുകയായിരുന്ന ആന കിഴക്കേനടയ്ക്കു സമീപംവെച്ചാണ് ഇടഞ്ഞോടിയത്. പാറമേക്കാവിനു മുമ്പിൽ നിർത്തിയിട്ടിരുന്ന ബസുകൾക്കിടയിലൂടെ പാലസ് റോഡിലേക്കിറങ്ങി ടൗൺഹാളിനു മുമ്പിലെത്തിയപ്പോൾ കാർ കുത്തി മറിച്ചിട്ടു. ടൗൺഹാളിന്റെ മതിലും സമീപത്തെ തട്ടുകടയും തകർത്തു. തുടർന്ന് ചെമ്പൂക്കാവിലൂടെ ചേറൂർ റോഡിലേക്കിറങ്ങി ഗാന്ധിനഗർ സ്ട്രീറ്റിലെ ഹൗസിംഗ് കോളനിയിലേക്കു കടന്നു. ഇവിടെ വെച്ച് ഇരുമ്പുഷീറ്റ് മേഞ്ഞ കാർഷെഡുകളും മതിലുകളും ഗേറ്റുകളും വാഹനങ്ങളും തകർത്തു. കാറുകൾ കുത്തിമറിച്ചിട്ടു. ഒരു കാറിൽ സംഗീത എന്ന വീട്ടമ്മയുമുണ്ടായിരുന്നു. അവർക്കു പരുക്കേറ്റില്ല. വീട്ടുവളപ്പുകളിലെ മരങ്ങളും വാഴകളും ചെടികളും ആന ചവിട്ടിമെതിച്ചു. റോഡിലൂടെ മാത്രമല്ല, വീടുകളുടെ മതിലുകൾ ചാടിക്കടന്നും തകർത്തുമാണ് ആന ഓട്ടം തുടർന്നത്. ഇവിടത്തെ ഒരു വീട്ടുവളപ്പിൽവെച്ചാണ് ആനയെ തളച്ചത്.

പെരിങ്ങാവ് വില്ലേജ് പരിധിയിലെ അഞ്ചു സ്കൂട്ടറുകൾക്കും ഒരു കാറിനും അഞ്ചു വീടുകളുടെ മതിലുകൾക്കും നാശം സംഭവിച്ചു. തൃശൂർ വില്ലേജ് ഓഫീസ് പരിധിയിലെ പോസ്റ്റ് ഓഫീസ് കെട്ടിടത്തിന്റെ മുൻവശത്തെ ട്രസ് വർക്കിനും കേടുപാടുകൾ വരുത്തി. ഒരു കാറിനും ഒരു ഓട്ടോറിക്ഷയ്ക്കും നാശനഷ്ടം സംഭവിച്ചു. ടൗൺഹാൾ ഫെൻസിംഗ് ഗ്രിൽ ഭാഗത്തും കേടുപാട് സംഭവിച്ചിട്ടുണ്ട്.

ആനയുടെ പടമെടുക്കാൻ ശ്രമിച്ച പത്ര ഫോട്ടോഗ്രാഫർമാരോട് ആനയ്ക്കൊപ്പമുണ്ടായിരുന്ന പാപ്പാൻമാർ കയർക്കുകയും ആക്രമിക്കുകയും ചെയ്തു.



വാഹനങ്ങളും മറ്റും തകർക്കുന്നതിനിടെ ആനയുടെ മസ്തകത്തിലും തുമ്പിയിലും ചെവിയിലും കൊമ്പിനരികിലും പരുക്കേറ്റു. ഇതിൽനിന്ന് ചോര ഒഴുകുന്നുണ്ടായിരുന്നു.

പലരും ആന ഓടിവരുന്നതുകണ്ട് വാഹനങ്ങൾ ഉപേക്ഷിച്ചും വഴിതിരിച്ചു പോയുമാണ് രക്ഷപ്പെട്ടത്. ആനയ്ക്കു മുമ്പിൽപെട്ട ഒരു ഇരുചക്രവാഹന യാത്രികൻ വാഹനം ഉപേക്ഷിച്ച് ഓടി രക്ഷപ്പെടുകയായിരുന്നു. പശു കയർ പൊട്ടിച്ചോടി.

ആന ഓടുന്നതിനിടെ പാപ്പാൻമാരും നാട്ടുകാരും ആനയുടെ പിന്നാലെ കൂടി. വീടുകളുടെ മുന്നിൽ നിലയുറപ്പിച്ച ആനയെ അനുനയിപ്പിക്കാൻ പാപ്പാൻമാരും ആളുകളും ആ വീടുകളിൽനിന്നുതന്നെ വെള്ളം ശേഖരിച്ച് ആനയെ നനച്ചുകൊടുത്തിരുന്നു.

മതിലുകൾ ചാടിക്കടന്ന് ആന പല വീടുകളിൽ എത്തിയപ്പോഴും അതു തുടർന്നു. ഇതിനിടെയാണ് ആനപ്പാപ്പാൻ വീട്ടുകാരോടും പത്രഫോട്ടോഗ്രാഫർമാരോടും നാട്ടുകാരോടും കയർത്തത്. വാഹനത്തിൽ വരുന്നവരോടും വീട്ടുകാരോടും ആളുകൾ ആന വിരണ്ടോടുന്ന കാര്യം വിളിച്ചുപറഞ്ഞ് മുന്നറിയിപ്പു നൽകിക്കൊണ്ടിരുന്നു.

ആന ഇടഞ്ഞ് ഒന്നരമണിക്കൂറിനുശേഷമാണു പോലീസ് അടക്കമുള്ള ഉദ്യോഗസ്ഥർ സ്ഥലത്തെത്തിയത്. മന്ത്രി ഒ.കെ. ജനീഷ്, രാജൻ പല്ലൻ എംഎൽഎ, മേയർ ഡോ. നിജി ജസ്റ്റിൻ, കൗൺസിലർമാർ തുടങ്ങിയ ജനപ്രതിനിധികൾ സ്ഥലത്തെത്തിയിരുന്നു. ഇവരാണു കളക്ടറെയും മറ്റും വിളിച്ചു കാര്യം അറിയിച്ചത്.

ആനയെ മയക്കുവെടിവെച്ചു തളയ്ക്കേണ്ടിവരുമോയെന്നും ആലോചനയുണ്ടായിരുന്നു.

എലിഫന്റ് സ്ക്വാഡും സ്ഥലത്തെത്തിയിരുന്നു. ഇതിനിടെയാണ് ആനയെ പാപ്പാൻമാർ വടംകൊണ്ടും ചങ്ങലകൊണ്ടും മരത്തിൽ ബന്ധിച്ചു തളച്ചത്. പിന്നീട് ലോറിയെത്തിച്ചു ആനയെ കൊണ്ടുപോയി.

## വനിതാഫോറം രൂപീകരിച്ചു

(25-ാം പേജിൽനിന്നും)

നമ്മുടെ സംഘടനയുടെ ഏറ്റവും ശക്തമായ ശക്തികളിലൊന്നായി ഇത് ഉയരുമെന്ന് ഞാൻ ഉറച്ചുവിശ്വസിക്കുന്നു.'

ഫോറത്തിന്റെ മറ്റു ഭാരവാഹികൾ: അഞ്ജു ശ്രീധരൻ (ലോസാഞ്ചലസ്), അനു രാജേന്ദ്രൻ (ഓസ്റ്റിൻ), അനുരാധ മനോജ് (ഫ്ളോറിഡ), അർച്ചന നായർ (ലൂസിയാന), അരുണ ആനന്ദ് (കണക്ടിക്കട്ട്), ആശ മനോഹരൻ (മിഷിഗൺ), ഡോ. അശമോൾ നായർ (ന്യൂയോർക്ക്), നിഷി ഗീത (ടെന്നസി), പൂർണിമ സന്തോഷ് (അരിസോണ), രാജി നായർ (വിർജീനിയ), സരിത മേനോൻ (ഐവ), സ്മിജ ആനന്ദ് (ചിക്കാഗോ), സുമ സിബിൽ (ഡാളസ്), ടീന സുരേന്ദ്രൻ (ന്യൂജേഴ്സി) എന്നിവർ.

ജനറൽ സെക്രട്ടറി-സിനു നായർ, ട്രഷറർ-അശോക് മേനോൻ, വൈസ് പ്രസിഡണ്ട്-കെ.വി. സഞ്ജീവ് കുമാർ, ജോ. സെക്രട്ടറി-ശ്രീകുമാർ ഹരിലാൽ, ജോ. ട്രഷറർ അപ്പുക്കുട്ടൻ പിള്ള എന്നിവർ ഉൾപ്പെടുന്ന എക്സിക്യൂട്ടീവ് കമ്മിറ്റിയും ബോർഡ് ഓഫ് ഡയറക്ടേഴ്സും, ട്രസ്റ്റി ബോർഡ് അംഗങ്ങളും വനിതാഫോറം അംഗങ്ങൾക്ക് ആശംസകൾ നേർന്നു.

## ഡോ. സൗമ്യ സ്വാമിനാഥൻ റോയൽ സൊസൈറ്റി ഫെലോ

ചെന്നൈ: ലോകാരോഗ്യ സംഘടനയുടെ മുഖ്യശാസ്ത്രജ്ഞയായിരുന്ന ഡോ. സൗമ്യ സ്വാമിനാഥനെ ലണ്ടനിലെ റോയൽ സൊസൈറ്റിയുടെ ഫെലോയായി തെരഞ്ഞെടുത്തു. 365 വർഷത്തെ പാരമ്പര്യമുള്ള റോയൽ സൊസൈറ്റിയിൽ വിശിഷ്ടാംഗത്വം ലഭിക്കുന്ന രണ്ടാമത്തെ ഇന്ത്യൻ വനിതയാണ് ഡോ. സൗമ്യ. ശാസ്ത്രലോകത്തെ ഏറ്റവും വലിയ അന്താരാഷ്ട്ര ബഹുമതികളിലൊന്നായാണ് ഇത് കരുതപ്പെടുന്നത്. ചെന്നൈയിലെ എം.എസ്. സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷൻ (എം.എസ്.എസ്.ആർ.എഫ്) അദ്ധ്യക്ഷയായി സേവനമനുഷ്ഠിക്കുന്ന ഡോ. സൗമ്യ കേന്ദ്ര ആരോഗ്യവകുപ്പ് സെക്രട്ടറിയായും ഐ.സി.എം.ആർ. ഡയറക്ടർ ജനറലായും പ്രവർത്തിച്ചിട്ടുണ്ട്.

ശിശുരോഗവിദഗ്ധയായ അവർ യൂനിസെഫിലും യു.എൻ.ഡി.പിയിലും ലോകബാങ്കിലും ഉന്നതപദവികൾ വഹിച്ചിട്ടുണ്ട്. ഡോ. സൗമ്യയുടെ പിതാവും പ്രശസ്ത കൃഷിശാസ്ത്രജ്ഞനുമായ പരേതനായ ഡോ. എം.എസ്. സ്വാമിനാഥൻ റോയൽ സൊസൈറ്റി ഫെലോയായിരുന്നു. സൗമ്യ സ്വാമിനാഥനും അംഗത്വം ലഭിച്ചതോടെ ഇന്ത്യയിൽനിന്ന് ഈ ബഹുമതി ലഭിക്കുന്ന ഏക അച്ഛനും മകളും എന്ന ബഹുമതിക്കുകൂടി അവർ അർഹരായി. ആരോഗ്യവിദഗ്ധയായ ഡോ. ഗഗൻദീപ് കാങ്ങാണ് സൊസൈറ്റി അംഗത്വം ലഭിച്ചിട്ടുള്ള ആദ്യത്തെ ഇന്ത്യൻ വനിത. സ്വതന്ത്ര ശാസ്ത്രഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിന് 1660-ലാണ് റോയൽ സൊസൈറ്റി ഓഫ് ലണ്ടൻ സ്ഥാപിതമായത്. ലോകത്തെ ഏറ്റവും പ്രശസ്തരായ ശാസ്ത്രജ്ഞർ മിക്കവരും സൊസൈറ്റിയിലെ അംഗങ്ങളായിരുന്നു.

## വി.ഡി. സതീശൻ ഗുരുവായൂർ ക്ഷേത്രദർശനം നടത്തി

(3-ാം പേജിൽനിന്നും)

ദർശനത്തിനുള്ള നെയ്വിളക്ക് ടിക്കറ്റ് എടുത്തുവെച്ചിരുന്നു. ഈ സൗകര്യം ഉപയോഗിച്ചാണ് മുഖ്യമന്ത്രി ദർശനം നടത്തിയത്. മുഖ്യമന്ത്രിക്കൊപ്പം ക്ഷേത്രത്തിൽ പ്രവേശിച്ചത് നാല് പേർ മാത്രം.

നാലമ്പലത്തിനു പുറത്ത് കടന്നതോടെ ജനം മുഖ്യമന്ത്രിക്കു ചുറ്റും കൂടി. എല്ലാവരോടും കുശലം പറഞ്ഞും ചിരിച്ചും മുന്നോട്ടു നീങ്ങി. ഭഗവതിയെയും അയ്യപ്പനെയും തൊഴുത് പ്രദക്ഷിണം വെക്കുമ്പോൾ തിടപ്പള്ളിയിൽ നിന്ന് നേദിക്കാനുള്ള പാൽപായസം ശ്രീലകത്തേക്കു കൊണ്ടുപോകാനായി പ്രദക്ഷിണവഴിയിൽ ഭക്തരെ തടഞ്ഞ സമയമായിരുന്നു. മുഖ്യമന്ത്രിക്ക് പോകാനായി വഴി ഒരുക്കാൻ പോലീസ് ശ്രമിച്ചപ്പോൾ അദ്ദേഹം തടഞ്ഞു. പാൽപായസം കൊണ്ടുപോയി കഴിയുന്നതുവരെ ഭക്തന്മാർക്കൊപ്പം കാത്തുനിന്നു. തുടർന്ന് വെണ്ണകൊണ്ടും മണിക്കിണറിലെ തീർത്ഥം കൊണ്ടും തുലാഭാരം നടത്തി. തുലാഭാരത്തിന് 71 കിലോഗ്രാം വെണ്ണ വേണ്ടിവന്നു.

ദർശനം കഴിഞ്ഞ് പുറത്തിറങ്ങിയ മുഖ്യമന്ത്രിയെ കണ്ട് ജനം ആരവം മുഴക്കി. ക്യൂ നിന്നവർ കമ്പിവേലി ചാടിക്കടന്ന് അദ്ദേഹത്തിനു സമീപത്തേക്ക് ഓടിയടുത്തു.

ഒപ്പം നിൽക്കാനും വിശേഷം പറയാനും ഫോട്ടോ എടുക്കാനും തിരക്കായി. ഗണപതി ക്ഷേത്രത്തിൽ ദർശനം നടത്തി നാളികേരമുടച്ച് അദ്ദേഹം ശ്രീവത്സം ഗെസ്റ്റ് ഹൗസിൽ തിരിച്ചെലെത്തി.

## വൻശക്തിയാകുമെന്ന് രാജ്നാഥ് സിംഗ്

(3-ാം പേജിൽനിന്നും)

അപ്പോളോ മൈക്രോ സിസ്റ്റം ഓഹരി 11 ശതമാനം മുന്നേറി. നിഫ്റ്റി പ്രതിരോധ സൂചിക 1.31 ശതമാനം നേട്ടമുണ്ടാക്കി. സൂചികയിലെ 15 കമ്പനികളും നേട്ടത്തിലാണ്. കൊച്ചിൻ ഷിപ്യാർഡ്, ഗാർഡൻ റീച്ച് ഷിപ് ബിൽഡേഴ്സ്, ബിഇഎംഎൽ, എംടിഎആർ ടെക്നോളജീസ് തുടങ്ങിയ ഓഹരികൾ പക്ഷേ, നടഷ്ടത്തിലായിരുന്നു.

നിലവിൽ പ്രതിരോധ കയറ്റുമതിയിൽ സ്വകാര്യ കമ്പനികളുടെ വിഹിതം 25-30 ശതമാനം വരെയാണ്. നേരത്തെ ഇതിലും താഴെയായിരുന്നു. വിഹിതം 50 ശതമാനത്തിലേക്ക് ഉയർത്തുമെന്നാണ് രാജ്നാഥ് സിങ് വ്യക്തമാക്കിയത്. വെറും നട്ടും ബോൾട്ടും വിതരണം ചെയ്യുന്നതിൽ നിന്ന് ലോകോത്തര നിലവാരത്തിലുള്ള ആയുധങ്ങൾ നിർമിക്കുന്നവരായി ഇത്തരം കമ്പനികൾ മാറും. സ്വകാര്യ മേഖലയുടെ സഹായത്തോടെ ഇന്ത്യയുടെ പ്രതിരോധ മേഖലയെ പുതിയ ഉയരത്തിലെത്തിക്കുമെന്നും അദ്ദേഹം പറഞ്ഞു. മഹാരാഷ്ട്രയിലെ ഷിർദിയിൽ സ്ഥാപിച്ച ആർട്ടിലറി നിർമ്മാണ ഫാക്ടറി ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

## ഒന്നാം പ്രതിയെ വെറുതെവിട്ടു

(3-ാം പേജിൽനിന്നും)

മല്ലന്റെയും മല്ലിയുടെയും 27-കാരനായ മകൻ മധുവിനെ അരിയും പലചരക്ക് സാധനങ്ങളും മോഷ്ടിച്ചെന്നാരോപിച്ച്, ആൾക്കൂട്ടം അതിക്രൂരമായി തല്ലിക്കൊല്ലുകയായിരുന്നു.

പ്രതികൾ തന്നെ മർദ്ദനത്തിന്റെ ദൃശ്യങ്ങൾ സമൂഹമാധ്യമത്തിൽ പങ്കുവെച്ചതാണ് പ്രധാന തെളിവായി മാറിയത്. മണ്ണാർക്കാട് പട്ടികജാതി പട്ടികവർഗ പ്രത്യേക കോടതി 13 പ്രതികൾക്ക് 7 വർഷത്തെ കഠിനതടവും പിഴയും ശിക്ഷവിധിച്ചു.

16-ാം പ്രതിക്ക് മൂന്ന് മാസം തടവും 500 രൂപ പിഴയും ശിക്ഷനൽകി. നാലാം പ്രതി അനീഷ്, 11-ാം പ്രതി അബ്ദുൽ കരീം എന്നിവരെ കുറ്റക്കാരല്ലെന്ന് കണ്ട് വിട്ടയച്ചു. ശിക്ഷിക്കപ്പെട്ടവരിൽ ഒന്നാംപ്രതി ഹുസൈന്റെ ശിക്ഷ നടപ്പാക്കുന്നതു തടഞ്ഞ് ഹൈക്കോടതി നേരത്തേ ജാമ്യം അനുവദിച്ചിരുന്നു.

മധുവിനെ കാട്ടിൽനിന്നു പിടിച്ചു കൊണ്ടു വന്നവരുടെ കൂട്ടത്തിൽ ഹുസൈൻ ഇല്ലായിരുന്നു എന്ന കാരണത്താലാണു ജാമ്യം അനുവദിച്ചത്.

നാലുവർഷത്തിലേറെയെടുത്തു വിചാരണ തുടങ്ങാൻ. പോലീസ് കുറ്റപത്രം സമർപ്പിക്കുമ്പോൾ വിചാരണ കോടതിയിൽ സ്ഥിരം ജഡ്ജി ഉണ്ടായിരുന്നില്ല. സ്പെഷ്യൽ പ്രോസിക്യൂട്ടറെ നിയമിക്കുന്ന കാര്യത്തിൽ സർക്കാർ ആദ്യം അലംഭാവം കാണിച്ചു.


പിന്നീട് നാലു സ്പെഷ്യൽ പ്രോസിക്യൂട്ടർമാരെ നിയമിക്കേണ്ടിവന്നു. കൂട്ട കൂറുമാറ്റങ്ങളുണ്ടായി. സംഭവം നടന്ന് അഞ്ചുവർഷത്തിന് ശേഷം, 2023 ഏപ്രിൽ അഞ്ചിന് കേസിൽ കോടതി ശിക്ഷാവിധി പറഞ്ഞു.

അട്ടപ്പാടി മധു വധക്കേസിലെ 16 പ്രതികളിൽ 14 പേരും കുറ്റക്കാരാണെന്ന് കോടതി കണ്ടെത്തിയിരുന്നു. വിചാരണയ്ക്കുശേഷം 2023 ഏപ്രിൽ അഞ്ചിനാണ് ശിക്ഷ വിധിച്ചത്. 14 പ്രതികളിൽ 13 പേർക്കും ഏഴുവർഷം കഠിനതടവും ഒരുലക്ഷംരൂപ പിഴയുമാണ് ശിക്ഷ വിധിച്ചത്. വിവിധ വകുപ്പുകളിലായാണ് പ്രതികളെ ശിക്ഷിച്ചത്.


K.O. JOSE
&
ASSOCIATES, INC.
Certified Public Accountants
• Compilation
• Setup Small Business Corporations
• Personal & Business Income Taxes
• Free Electronic Filing
• Non-Profit Tax Exemption from IRS
• Install Accounting Packages
• Retirement and Estate Planning
K.O. JOSE, CPA
Tel: 847-724-3020 • Cell: 847-833-6038
CPA SM
America Counts on CPAs
taxaccount@sbcglobal.net
kalloorjose@gmail.com
website: www.kojose.com


MIDWEST
WINDOWS & DOORS
45% OFF
FOR WINDOWS
40% OFF
FOR DOORS & SIDING
MIDWEST WINDOWS DOORS & SIDING
www.mymidwestwindows.com
Free Estimate Please contact
RAJU NADUVETTIL
Cell: 773 474 9566 | Email: rajuabm@gmail.com


Grace CONVENTION CENTER
Punnamoodu, Mavelikara
DESTINATION Wedding Package in KERALA
Rate : $ 25,000 /- (Dollars Only)
(This package Includes 500 pax - guest)
SERVICES
PHOTOGRAPHY
STAGE DECORATION
CATERING SERVICE:
(Kerala sadhya, Christian Meals, Dum Biriyani, North Indian Food)
FUSION, TALLMAN SECURITY,
PREMIUM CARS, ENTERTAINMENT
CHURCH CHOIR, ANCHORING
LED WALL, LIVE STREAMING
EVENTS
WEDDING PLANNING,
ENGAGEMENT
FUNERAL SERVICE,
BETROTHAL, BAPTISM,
BIRTHDAY PARTIES,
HOUSE WARMING
BUSINESS CONFERENCE
GET TOGETHER Etc;
Celebrate your Dreams With Us...
TOLL FREE 1800-572-5667
FOLLOW US NOW
+91 9188751000
+91 9633949676,+91 8547805929
info@graceconventioncenter.com
www.graceconventioncenter.com
For Location And Feedback
Kindly scan the QR
GRACE
CONVENTION CENTER
Celebrate your Dreams with Us




Published by **Grace Publications Inc.** Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**